# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 72

വാല്യം - 8 | ലക്കം - 9 | ചിങ്ങം - 1191 | സെപ്തംബർ 2015




അനുകമ്പയായ മധുരം കൊണ്ട്
നിറഞ്ഞതായിരിക്കണം മനുഷ്യമനസ്സ്

– ശ്രീ വിദ്യാധിരാജ പരമ ഭട്ടാരക ചട്ടമ്പിസ്വാമികൾ






എറണാകുളം കരയോഗം ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പശ്ചിമ കൊച്ചിയിൽ പാലിയേറ്റീവ് രോഗികൾക്കുള്ള ഭക്ഷ്യോത്പന്ന കിറ്റ് വിതരണം മേയർ ടോണി ചമ്മിണി മട്ടാഞ്ചേരി ടൗൺ ഹാളിലും, എറണാകുളം ജനറൽ ഹോസ്പിറ്റലിലെ രോഗികൾക്കുള്ള ഭക്ഷ്യോത്പന്നകിറ്റ് ജസ്റ്റീസ് സി.എൻ. രാമചന്ദ്രൻ നായർ എറണാകുളം ടി.ഡി.എം. ഹാളിലും വിതരണം ചെയ്തു.

# ഓണാഘോഷം 2015














എറണാകുളം കരയോഗവും നായർ സ്ത്രീസമാജവും സംയുക്തമായി ടി. ഡി. എം ഹാളിൽ നടത്തിയ ഓണാഘോഷം

വാല്യം 9 ▪ ലക്കം 9 ▪ സെപ്റ്റംബർ 2015


| ഉള്ളടക്കം | നം |
|---|---|
| എഡിറ്റോറിയൽ | 03 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 05 |
| സ്മരണിക | 06 |
| ഈശ്വരാനുഗ്രഹം എങ്ങിനെ നേടാം | 07 |
| സംസ്ക്കാരം | 10 |
| ശംഖൊലി | 12 |
| വാസ്തു | 13 |
| ഭാരതീയ പൈതൃകസന്ദേശം | 14 |
| അമ്മേ നാരായണ | 16 |
| ബാലലോകം | 17 |
| ആരോഗ്യവും നല്ല ശീലങ്ങളും | 18 |
| പുന്നാഗവരാളി | 20 |
| കൈക്കൂലി, അഴിമതി, കാര്യസാദ്ധ്യത | 21 |
| വദതു സംസ്ക്കാരം | 22 |
| സഹ്യന്റെ താഴ്‌വരയിലെ തേജസ്സ് | 23 |
| നവരാത്രി ആഘോഷങ്ങൾ | 25 - 34 |
| എൻ.എസ്. പണ്ടാല | 35 |
| സൂര്യൻ നമ്മുടെ ഭാഗ്യനക്ഷത്രം | 36 |
| ഒരു നിമിഷം ചിന്തിക്കൂ | 38 |
| ദുര്യോധന പർവ്വം | 40 |
| മുത്തശ്ശിപ്പാട്ട് | 43 |
| വേറിട്ടൊരാത്മനാദം | 44 |
| സുന്ദരീകൃ ശിവാഷ്ടോത്തര ശതനാമസ്തോത്രം | 46 |
| നിറം മങ്ങിയ മഴവില്ല് | 49 |
| ഉപവാസം ആയുർവേദത്തിൽ | 53 |
| അൽഷിമഴ്സ് രോഗം | 55 |
| Mangalyam Matrimonial | 56 |
| ശാസ്ത്രം പുതുതലമുറയ്ക്ക് പകരണം | 58 |
| എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനം | 59 |
| World Hepatitis Day 28th July | 60 - 69 |
| മാസഫലം | 70 |



## പത്രാധിപസമിതി

കെ.പി. കൃഷ്ണമേനോൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

എ. മുരളീധരൻ

കെ. പ്രസന്നകുമാർ





# ശ്രീ വിദ്യാധിരാജ പരമ ഭട്ടാരക ചട്ടമ്പിസ്വാമികൾ

കേരളം കണ്ട നവോത്ഥാന നായകന്മാരിൽ എന്തുകൊണ്ടും അഗ്രഗണനീയനാണ് ശ്രീ വിദ്യാധിരാജ ചട്ടമ്പി സ്വാമികൾ. 1853 ആഗസ്റ്റ് 25 ന് തിരുവനന്തപുരം കൊല്ലൂരിൽ (ചിങ്ങമാസത്തിലെ ഭരണി നക്ഷത്രത്തിൽ) ഭൂജാതനായ കുഞ്ഞൻ പിള്ള എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന അയ്യപ്പൻ എന്ന യഥാർത്ഥ നാമമുള്ള ബാലനാണ് കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തിരികൊളുത്തി, ഇന്നറിയപ്പെടുന്ന മിക്ക നവോത്ഥാന നായകരെയും കൈപിടിച്ചുയർത്തി ആ വഴിക്കാനയിച്ച് അവർക്ക് മാർഗ്ഗദീപം കാണിച്ചു കൊടുത്ത ചട്ടമ്പിസ്വാമികൾ. വിദ്യാഭ്യാസ കാലത്തുതന്നെ ഈ ബാലൻ പ്രകടിപ്പിച്ച ജ്ഞാന തൃഷ്ണയും നേതൃപാടവവും കൊണ്ട് വിദ്യാർത്ഥികളെ നിയന്ത്രിക്കുന്ന ചട്ടമ്പി (മോണിട്ടർ) സ്ഥാനത്തേയ്ക്ക് അവരോധിക്കപ്പെടുകയും അന്നുമുതൽ ചട്ടമ്പി കുഞ്ഞൻപിള്ള എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. സന്യാസം സ്വീകരിച്ച ശേഷവും ചട്ടമ്പി സ്വാമികൾ എന്ന് ജനങ്ങൾ അദ്ദേഹത്തെ ഭക്ത്യാദരവോടുകൂടി വിളിച്ചു പോന്നു.

മറ്റുള്ള സന്യാസിമാരിൽ നിന്നും, മറ്റുള്ള പണ്ഡിതൻമാരിൽ നിന്നുമെല്ലാം തികച്ചും വ്യത്യസ്ഥനായിരുന്നു ചട്ടമ്പി സ്വാമികൾ. വനാന്തരങ്ങളിൽ പോകാതെ തപസ്സനുഷ്ഠിച്ച ഋഷിവര്യൻ, കാവിയുടുക്കാതെ പരിപൂർണ്ണ

സന്യാസ ജീവിതം നയിച്ച സന്യാസിവര്യൻ. അക്കാലത്ത് ചിന്തിക്കാൻ പോലും സാധ്യമല്ലാതിരുന്ന താഴ്ന്ന ജാതിയിലുള്ളവരുമായി പന്തിഭോജനം നടത്തുക, അവരുടെയൊക്കെ വീടുകളിൽ ചെന്ന് അവരോടൊത്ത് സഹവസിക്കുക, യഥാർത്ഥ ഹൈന്ദവ ആദർശങ്ങൾ, ബ്രാഹ്മണ സൃഷ്ടിയായ ചാതുർവർണ്യത്തെ തൂത്തെറിഞ്ഞ് എല്ലാ മനുഷ്യരിലും സ്ഥിതി ചെയ്യുന്ന ഈശ്വരീയാംശം ഒന്നാണെന്ന് ഉത്ഘോഷിക്കുന്ന യഥാർത്ഥ ഹിന്ദുതത്വ സംഹിതകൾ പ്രചരിപ്പിച്ച്, ജാതിരഹിത ഹൈന്ദവ സമൂഹത്തെ ഉയർത്തിക്കൊണ്ടു വരുവാൻ വേണ്ടി അദ്ദേഹം ചെയ്ത അക്ഷീണ പരിശ്രമങ്ങളെ എത്ര ശ്ലാഘിച്ചാലും മതിയാവില്ല.

വൈദേശിക ഭരണം നിലനിന്നിരുന്ന ആ കാലത്ത്, ഭരണകൂടപിൻതുണയോടുകൂടി നടത്തപ്പെട്ടിരുന്ന മതം മാറ്റത്തിനെതിരെ പരസ്യമായി രംഗത്തിറങ്ങിയതും മറ്റാരുമായിരുന്നില്ല; സ്വാമികൾ തന്നെയായിരുന്നു. ഹിന്ദുമതത്തിനെതിരെ അവർ നടത്തിയിരുന്ന കുപ്രചരണങ്ങളെ നഖശിഖാന്തം എതിർത്തുകൊണ്ടും അവരുടെ ഉത്ബോധനങ്ങളിലെ പൊള്ളത്തരങ്ങളെ എടുത്തു കാട്ടിക്കൊണ്ടും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച 'കൃസ്തുമതഛേദനം' എന്ന പുസ്തകം മത സ്വാധീന ഭരണത്താൽ നിരോധിക്കപ്പെട്ടിരുന്നെങ്കിലും പിന്നീട് നിരോധനം നീക്കുകയുണ്ടായി. അതുപോലെ തന്നെ ബ്രാഹ്മണർക്ക് മാത്രമല്ല, വേദം അഭ്യസിക്കുവാനുള്ള അവകാശം ശൂദ്രനുമുണ്ടെന്ന് വേദതത്വങ്ങളെ ഉദ്ധരിച്ചു കൊണ്ട് സ്ഥാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ചിൻമുദ്ര യെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശദീകരണം കേട്ട്, ശരിയായ വ്യക്തമായ ആ ഉത്തരം കേട്ട് സ്വാമി വിവേകാനന്ദൻ പോലും അത്ഭുതസ്തബ്ധനായി. തത്വജ്ഞാനിയായ ആ സന്യാസി വര്യനെ കണ്ടശേഷം അദ്ദേഹമെഴുതി "Here I met a remarkable man" എന്ന് ജാതിവ്യത്യാസമില്ലാതിരുന്ന, വേറുകൃത്യമില്ലാതിരുന്ന, തീണ്ടലും, തൊടീലുമില്ലാതിരുന്ന നമ്മുടെ ആദി സമൂഹത്തെക്കുറിച്ച് തന്റെ പ്രാചീന മലയാളം എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. നമ്മുടെ യഥാർത്ഥ സംസ്കാരം അറിയണമെങ്കിൽ ആ പുസ്തകം പഠിക്കണം. നമ്മുടെ പൂർവീകരുടെ മഹത്വം നമ്മുക്കതിൽ ദർശിക്കാൻ കഴിയും. "ആദിഭാഷ" "ജീവിത കാരുണ്യ നിരൂപണം", "വേദാന്തസാരം", "അദ്വൈത ചിന്താപദ്ധതി" തുടങ്ങിയവ എടുത്തു പറയേണ്ട കൃതികളാണ്. വേദോപനിഷത്തുകളിലും, ശാസ്ത്രത്തിലും, ഭാഷയിലും, കലയിലും എല്ലാമുള്ള അദ്ദേഹത്തിന്റെ അപാര പാണ്ഡിത്യം കൊണ്ടാണ് അദ്ദേഹം 'വിദ്യാധി രാജൻ' എന്ന് അറിയപ്പെട്ടത്.

കേരളത്തിൽ നവോത്ഥാന നായകന്മാരെന്നറിയപ്പെടുന്ന മിക്കവർക്കും മാർഗ്ഗദർശിയായിരുന്ന ആ ജ്ഞാനജ്യോതി 1924 മെയ് മാസം അഞ്ചാം തീയതി തന്റെ പൻമനയിലുള്ള ആശ്രമത്തിൽ വച്ച് സമാധിയടഞ്ഞു. അങ്ങനെ കേരളത്തിലെ സാംസ്കാരിക മണ്ഡലത്തിൽ നിറഞ്ഞ് നിന്ന കേരളമാകെ അറിവിന്റെ വെളിച്ചം പകർന്ന, അധിനിവേശത്തിനും, മതപരിവർത്തനത്തിനുമെതിരെ ധീരമായ പോരാട്ടം നടത്തിയ ആ സൂര്യതേജസ്സ് അസ്തമിച്ചു.

സെമിറ്റിക് മതങ്ങളുടെ കടന്നാക്രമണത്തിൽ വീർപ്പുമുട്ടി ഹതാശയരായി നിൽക്കുന്ന കേരളത്തിലെ ഹിന്ദു സമൂഹത്തിന് ചട്ടമ്പി സ്വാമികളെപ്പോലുള്ള ഒരു സാംസ്കാരിക നായകന്റെ കുറവ് വളരെയേറെ അനുഭവപ്പെടുന്നുണ്ട്, ഇന്ന് നമ്മുടെ മണ്ണും മതവും സംസ്കാരവുമെല്ലാം അപഹരിക്കുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന ഈ കാലത്ത് ചട്ടമ്പി സ്വാമികൾ ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചു പോവുകയാണ്.

ആ ജ്ഞാന ജ്യോതിസ്സിന്റെ സ്മരണക്കു മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. ഒപ്പം, അദ്ദേഹം തുടങ്ങി വെച്ച ഹിന്ദു ഐക്യം സാക്ഷാത്കരിക്കുന്നതിനു വേണ്ടി എന്തു ത്യാഗവും സഹിച്ച് അക്ഷീണം പ്രയത്നിക്കും എന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യാം.

# ജനറൽ സെക്രട്ടറിയുടെ പംക്തി

വാമനാവതാര സുദിനം ഓണമായി നമ്മൾ ആഘോഷിച്ചു. മഹാബലി തമ്പുരാൻെറ സ്മരണകൾ നിലനിർത്തി ചിങ്ങമാസം കടന്നുപോവുകയാണ്. കന്നി നമുക്ക് വിദ്യയുടെയും തൊഴിലിൻെറയും സകല കലകളുടെയും മൂർത്തീഭാവമായ സരസ്വതിയെ വണങ്ങി നവരാത്രിയുടെ സ്മരണകളിൽ ആഘോഷത്തിൻെറ ഒരു തയ്യാറെടുപ്പിലാണ് കേരളവും, ഭാരതവും.

എറണാകുളം കരയോഗത്തിൻെറ നവരാത്രി ആഘോഷങ്ങൾ വിവിധ കലാപരിപാടികളോടെ ഒക്ടോബർ 14 ന് ആരംഭിച്ച് 23 ാം തീയതി വിദ്യാരംഭത്തോടെ ടിഡിഎം ഹാളിൽ സമാപനം കുറിക്കുന്നു. പ്രശസ്തരും പ്രഗത്ഭരുമായ കലാകാരൻമാരുടെയും കലാകാരികളുടെയും പരിപാടികളാണ് നവരാത്രിയോടനുബന്ധിച്ച് ഈ ദിവസങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ച് സെപ്റ്റംബർ 13 മുതൽ നൃത്തം, സംഗീതം, ഇതിഹാസ, പുരാണ, സാഹിത്യം എന്നിവ വിവിധ വിഭാഗങ്ങളിലായി അനവധി ഇനങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുന്നു. നവരാത്രി പരിപാടികളെ സംബന്ധിച്ചുള്ള വിശദീകരണങ്ങൾ ഈ പംക്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആഗസ്റ്റ് മാസം 15 ാം തീയതി വൈകുന്നേരം 4 മണിക്ക് ടി.ഡി.എം ഹാളിൽ കൂടിയ യോഗത്തിൽ കരയോഗാംഗങ്ങളായ നിരവധി പേർ പങ്കെടുത്തു. എറണാകുളം കരയോഗാംഗങ്ങളും വിശിഷ്യാ നായർ സമുദായാംഗങ്ങളും അടുത്തുവരുന്ന തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുവാനും നേതൃത്വസ്ഥാനങ്ങളിൽ എത്തുവാനും മുൻകൈയെടുക്കണമെന്ന് യോഗത്തിൽ ഏകാഭിപ്രായമുണ്ടായി. അതുപോലെ തന്നെ വരുന്ന തിരഞ്ഞെടുപ്പിൽ എല്ലാ കരയോഗാംഗങ്ങളും പൂർണ്ണമായും വോട്ടവകാശം വിനിയോഗിക്കുകയും ആയതിൽ കക്ഷി രാഷ്ട്രീയത്തിനപ്പുറമായി സമുദായ താല്പര്യം മനസ്സിലുണ്ടാവണമെന്നും യോഗം അഭിപ്രായപ്പെട്ടു. പ്രിയപ്പെട്ട കരയോഗാംഗങ്ങൾ ഇതിൻെറ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് തീർച്ചയായും പ്രവർത്തിക്കും എന്നു തന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഹൈന്ദവ സമൂഹത്തിലെ കൂടുതൽ അംഗങ്ങൾ ഭരണനേതൃത്വത്തിലും സാമൂഹ്യമായ ഉന്നമനങ്ങൾക്കും പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

കരയോഗാംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക് ഒരു കാര്യവും കൂടി പറഞ്ഞുകൊള്ളട്ടെ. കരയോഗത്തിൻെറ തീരുമാനങ്ങൾക്ക് വിധേയമായി വിവിധ ജനോപകാരപ്രദമായ സാമൂഹ്യ ഉന്നമന പദ്ധതികൾക്ക് നമ്മൾ രൂപം കൊടുത്തുവരികയാണ്. ആയതിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടെന്ന് പറയേണ്ടതില്ലല്ലോ. ആയതിലേക്ക് കരയോഗാംഗങ്ങളുടെ നിർലോഭമായ സഹകരണം പ്രതീക്ഷിക്കുന്നു. പദ്ധതികൾക്ക് ആവശ്യമായ തുക അംഗങ്ങളിൽ നിന്നും വായ്പ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. കരയോഗാംഗങ്ങളിൽ നിന്നും ഡെപ്പോസിറ്റുകൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പത്തര ശതമാനം പലിശ അംഗങ്ങൾക്ക് പ്രത്യേകമായി നൽകിക്കൊണ്ടാണ് ഈ പദ്ധതികൾക്ക് ധനസമാഹരണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതികൾക്ക് ആകെ 20 കോടി രൂപയുടെ ചിലവാണ് പ്രതീക്ഷിക്കുന്നത്. കരയോഗം അംഗങ്ങൾ ദീർഘകാല നിക്ഷേപമായി കരയോഗത്തിൻെറ പദ്ധതികൾക്ക് നിങ്ങളാൽ കഴിയുന്ന തുക വായ്പയായി നൽകിക്കൊണ്ട് കരയോഗത്തിൻെറ പദ്ധതികളും പ്രവർത്തനങ്ങളും വിജയിപ്പിക്കുവാൻ നിങ്ങളും ഞങ്ങളോടൊപ്പം ഉണ്ടാവുമെന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഓണം വിപണനമേള വളരെ ഭംഗിയായി നടത്തുവാൻ സഹകരിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. എറണാകുളം കരയോഗം കഥകളി ക്ലബ് ഏറ്റെടുത്തത് കരയോഗാംഗങ്ങൾക്ക് സൗജന്യമായി കളി കാണുവാനും കഥകളിയെയും കലാകാരൻമാരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ്. കഥകളിക്ക് പ്രേക്ഷകർ ഉണ്ടെങ്കിലേ കലാകാരൻമാർക്ക് അവരുടെ കഴിവ് വേദിയിൽ കൂടുതൽ പ്രകാശിപ്പിക്കുവാൻ കഴിയികയുള്ളൂ എന്നത് മറക്കരുത്. അതുകൊണ്ട് എറണാകുളം

കരയോഗം ഏറ്റെടുത്തിട്ടുള്ള പ്രതിമാസ കഥകളി പരിപാടി വിജയിപ്പിക്കുവാൻ എല്ലാ കരയോഗാംഗങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ ബീം ഒരുക്കുന്ന പ്രതിമാസ പരിപാടി കൊച്ചിൻ ബാൻഡോറിയ അവതരിപ്പിക്കുന്ന കിഷോർകുമാർ ഗാനങ്ങളുടെ ഒരു സംഗീത സന്ധ്യ കിഷോറിയ 18.9.2015, വൈകുന്നേരം 6.15ന് ടി.ഡി.എം ഹാൾ ഗംഗ എ.സി.യിൽ നടക്കുന്നതാണ്.

എറണാകുളം കരയോഗം കലാസാംസ്ക്കാരികവിഭാഗമായ എറണാകുളം കഥകളി ക്ലബിന്റെ പ്രതിമാസ കഥകളി കുചേലവൃത്തം, സെപ്റ്റംബർ 22-ാം തീയതി വൈകുന്നേരം 6.15ന് ടി.ഡി.എം ഹാൾ ഗംഗ എ. സി.യിൽ അരങ്ങേറുന്നതാണ്.

എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങളിൽ തുടർന്നും അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**

## സ്മരണിക



**കല്പകം സോമരാജൻ**

പാണികൾ കൂപ്പി സ്തുതിക്കുന്നു ഞാൻ പൂർവ്വ-
സൂരികൾ ചെയ്തൊരാ സത് കർമ്മ വൃത്തിയെ
പാവനമാമീ സ്മരണിക നിത്യമാ-
പൈതൃക പാദത്തിലർപ്പിച്ചു പൂക്കളായ്.

സ്നേഹമാം ദീപങ്ങൾ നിങ്ങൾ തെളിച്ചൊരാ-
പാതയിൽ നിന്നങ്ങൊരല്പവും മാറാതെ
വ്യാപരിച്ചീടാൻ കഴിഞ്ഞാൽ കൃതാർത്ഥരായ്
വേറെന്തു തർപ്പണം ഞങ്ങൾ നൽകീടണം.

പൂർവ്വ പിതാക്കളെ! നിങ്ങൾ തൻ സായൂജ്യ-
സങ്കല്പമെന്നും നയിക്കട്ടെ ഞങ്ങളെ.
സത്യധർമ്മങ്ങളും നീതിയുമുൾക്കൊണ്ടു-
നിത്യം പുലരാൻ കഴിയട്ടെയെന്നുമേ.
കാലത്തിനപ്പുറം മിന്നിത്തിളങ്ങുമാ-
പാവനജീവന ചിത്രപടത്തിലെ
ഔദ്ധതതേജസ്സുമൂർജ്ജവും ധൈര്യവും
ഞങ്ങൾക്കു നിത്യ പ്രചോദനമാകട്ടെ.

ഐക്യവും നിങ്ങൾ തൻ നിശ്ചയദാർഢ്യവും
ചിത്തേ സ്ഫുരിച്ചൊരാ സാമൂഹ്യനിഷ്ഠയും
ഉത്തേജനത്തിന്റെ ജീവ സ്ഫുലിംഗമായ്
നിത്യശ്രോതസ്സായ് ഭവിക്കട്ടെയെന്നുമേ!
പാണികൻ കൂപ്പി സ്തുതിക്കുന്നു ഞാൻ പൂർവ്വ-
സൂരികൾ ചെയ്തൊരാ സത് കർമ്മ വൃത്തിയെ
പാവനമാമീ സ്മരണിക നിത്യമാ-
പൈതൃക പാദത്തിലർപ്പിച്ചു പൂക്കളായ്!!!

*With Best Compliments From :*

**24 Hours Water supply**

# HISHAM

**TRANSPORT WATER SUPPLY AND CONTRACTORS**

**Kangarapady, Kakkanad, Ph : 2410818, 2410444, Fax : 2410760**
**Mob : 9847048153, 9846129869, 98460 06636**

# ഈശ്വരാനുഗ്രഹം എങ്ങിനെ നേടാം

കെ. മുരളീധരൻ

ഈ വിശ്വപ്രപഞ്ചരഹസ്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ ജ്ഞാനവും മനുഷ്യൻ തന്റെ മന:ശക്തികളെ ഏകാഗ്രമാക്കി നേടിയതാണ്. മനുഷ്യ മനസ്സിന്റെ ശക്തി അത്രയ്ക്ക് അനിർവചനീയമാണ്. മനസ്സിനെ ഏകാഗ്രമാക്കാതെ ഒരു ജ്ഞാനവും ഉള്ളിൽ ഉദിക്കുകയില്ല. എല്ലാ അറിവിന്റേയും ഒടുങ്ങാത്ത കലവറ ഓരോ മനുഷ്യനിലും അന്തർലീനമായി കിടപ്പുണ്ടെന്നു യോഗികൾ പറയുന്നു. ആശയാഗ്രഹങ്ങൾ മനുഷ്യന് സ്വഭാവികമായും ഉണ്ടാകാം. അവ സഫലീകരിക്കാനുള്ള ശക്തിയും മനുഷ്യനിൽ തന്നെയുണ്ട്. ഒരാൾ തന്റെ ഏതെങ്കിലും ഒരാവശ്യം നേടുന്നതിന് ഒരു ദേവനോടോ ദേവിയോടോ പ്രാർത്ഥിച്ചുയെന്നിരിക്കട്ടെ, ആ പ്രാർത്ഥന ഫലിച്ചു വരുന്നതായി അയാൾക്ക് അനുഭവപ്പെടുന്നു. അത് തന്റെ തന്നെ ഉള്ളിലെ അനന്തശക്തിയുടെ ഒരു ലേശാമംശം പ്രാർത്ഥനാത്മകമായ മനോഭാവത്താൽ ഉണർന്നതാണെന്ന് അയാൾ അറിയുന്നില്ല. അയാളുടെ തന്നെ ആന്തരിക പ്രകൃതി ശക്തിയിൽ നിന്നാണ് ആ ഉണർവ് ഉണ്ടായത്. അല്ലാതെ ബാഹ്യമായ ഒരു വസ്തുവിൽ നിന്നും വന്നതല്ല. ദൂരെയെങ്ങോ മേഘമണ്ഡലങ്ങൾക്കപ്പുറമിരുന്ന് ഈ ലോകത്തെ നിയന്ത്രിക്കുന്ന ഒരു ദേവനോ ഒരീശ്വരനോ ആണ് തങ്ങളുടെ പ്രാർത്ഥനകളെ സഫലീകൃതമാക്കി അനുഗ്രഹിക്കുന്നത് എന്ന് നമ്മുടെ ഭാരതീയ മതം പറയുന്നില്ല. അത് തികച്ചും അഭാരതീയമാണ്. ആ വിശ്വാസം മനുഷ്യനെ പരാശ്രയശീലത്തിലേക്ക് തള്ളിയിടുന്നു. മാത്രമല്ല അവന്റെ മനസ്സിൽ ഭയത്തെ ജനിപ്പിക്കുക കൂടി ചെയ്യുന്നു.

മനുഷ്യ സമൂഹത്തിൽ ഒട്ടുമുക്കാൽ പേരും ഈശ്വരനെ ആരാധിക്കുന്നത്, ഈശ്വരനെ കാണുന്നത് അല്ലെങ്കിൽ സമീപിക്കുന്നത് ഭയത്തോടെയാണ്. അതിന് അവർ പറയുന്ന ന്യായീകരണം അത് ഭയഭക്തിയെന്നാണ്. മനുഷ്യന്റെ എല്ലാ ദു:ഖങ്ങൾക്കും മൂലകാരണം അസംതൃപ്തമായ ആഗ്രഹവും ഭയവുമാണ്. യഥാർത്ഥ ഭക്തിയുള്ള ഹൃദയത്തിൽ ഭയത്തിന് ഒരു സ്ഥാനവും ഇല്ല. ഭയമുള്ളിടത്ത് ഭക്തിയുണ്ടാകാൻ തരമില്ല. കാരണം ഈശ്വരന്റെ സ്വരൂപം തന്നെ ആനന്ദമാണ്. സത് ചിത്ത് ആനന്ദം തന്നെ സ്വരൂപമായ പരാത്മചൈതന്യം ആണ് ഓരോ വ്യക്തിഹൃദയങ്ങളിലും, എന്തിന് സകല ബ്രാഹ്മണ്ഡങ്ങളിലും നിറഞ്ഞു നിന്ന് പ്രകാശിക്കുന്നത്. ഈ പരമാർത്ഥ വസ്തുതയെ മറന്നതാണ് മനുഷ്യന്റെ ഇന്നത്തെ അസമാധാനത്തിനും അശാന്തിക്കും കാരണം.

ഒരു പുഷ്പാഞ്ജലിയോ ഒരു പായസമോ വഴിപാടായി കൊടുത്ത് ഒരു ദേവനേയോ ദേവിയേയോ പ്രീതിപ്പെടുത്തി തന്റെ ആവശ്യം നേടാമെന്നു കരുതുന്നത് ഒരു യഥാർത്ഥ ഭക്തന്റെ ലക്ഷണമല്ല. അത് കാമ്യഭക്തി (സ്വാർത്ഥ ഭക്തി)യാണ്. സ്വന്തം ആഗ്രഹപൂർത്തീകരണത്തിനായി ഈശ്വരാരാധന നടത്തുന്നതും പൂജകൾ ചെയ്യുന്നതും അത്യന്തം ഹീനമായ ആരാധന രീതികളാണ്. ഈശ്വര നിന്ദയാണ് . ഒരു സ്ഥാപനത്തിലെ ഉയർന്ന ഉദ്യോഗസ്ഥന് കൈക്കൂലി കൊടുത്ത് സ്വന്തം കാര്യം നേടുന്നതു പോലെയാണ് ഈശ്വരന് വഴിപാടു നടത്തി കാര്യം സാധിക്കുവാൻ ശ്രമിക്കുന്നത്. നിങ്ങൾ ഒരു നിമിഷം സൂക്ഷ്മമായി ചിന്തിക്കുന്ന പക്ഷം ഇതെല്ലാം വളരെ അധ:പതിച്ചതും അങ്ങേയറ്റം തരംതാഴ്ന്ന ആചാരങ്ങളാണെന്നും ബോധ്യപ്പെടും. വഴിപാടായി#ഒന്നും കൊടുത്തില്ലെങ്കിൽ നിങ്ങളെ അനുഗ്രഹിക്കാത്ത ഒരീശ്വരനെ ആരാധിക്കുന്നതിൽ എന്തർത്ഥം. നിങ്ങൾ നൽകുന്ന എത്ര വിലപിടിച്ച വസ്തുവാണെങ്കിലും ഭഗവാന് അതിന്റെയൊന്നും ആവശ്യമില്ല. അവിടുന്നു നോക്കുന്നത് നിങ്ങളുടെ മനോഭാവമാണ്. നിങ്ങളുടെ സ്വന്തം എന്നു പറയുവാൻ ഈ ലോകത്ത് എന്തുണ്ട്? സ്വധർമ്മത്തിലൂന്നി ഈശ്വരസ്മരണ0 യോടെ ചെയ്യുന്ന നി:സ്വാർത്ഥ കർമ്മത്തിൽ നിന്നും ലഭിക്കുന്ന ഫലം ഭഗവാന് സമർപ്പിച്ച് അവിടുത്തെ പ്രസാദമായി സ്വീകരിക്കുക എന്നതാണ് വഴിപാടിന്റെ കാതലായ സാരം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ വഴിപോലെ പാടുപ്പെട്ടു നേടിയതിന്റെ ഒരു വിഹിതം ഈശ്വരന് നൽകി പ്രസാദ ബുദ്ധ്യാ സ്വീകരിക്കുക എന്നതാണ്. വഴിപാടിലൂടെയല്ല ''മാനവസേവയാണ് മാധവസേവ'' നിങ്ങളിൽ നിന്നും

തിരിച്ചൊന്നും പ്രതീക്ഷിക്കാതെ നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ആവശ്യപ്പെടാതെ ചോദിക്കാതെ തന്നെ വേണ്ടതെല്ലാം വേണ്ട സമയത്ത് തന്ന് സദാ അനുഗ്രഹിച്ചു കൊണ്ട് ഹൃദയ ശ്രീകോവിലിൽ വാണരുളുന്ന പരം പൊരുളിന്റെ ശ്രീചരണങ്ങളിൽ സമർപ്പിക്കേണ്ടതു നിങ്ങളുടെ പരിശുദ്ധമനസ്സിനെയാണ്. ശ്രീ നാരായണ ഗുരുദേവന്റെ ദൈവദശകത്തിലെ ഒരു പ്രാർത്ഥന യാണ് ഓർമ്മവരുന്നത്.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

എത്ര ഉദാത്തമായ ഒരു പ്രാർത്ഥനയാണ് ശ്രീ നാരായണ ഗുരുദേവൻ മനുഷ്യരാശിക്കു നൽകിയിരിക്കുന്നത്. ഇവിടെ അന്നവസ്ത്രാദി എന്നു പറഞ്ഞിരിക്കുന്നത് അന്നത്തേയും വസ്ത്രത്തേയും മാത്രം ഉദ്ദേശിച്ചാകാൻ തരമില്ല. ചോദിക്കുന്നവനും ചോദിക്കാത്തവനും സ്തുതിക്കുന്നവനും നിന്ദിക്കുന്നവനും ഒന്നുപോലെ തന്റെ ജീവിതത്തിൽ വേണ്ടതെല്ലാം നൽകി രക്ഷിച്ചു ധന്യരാക്കുന്നു. അല്ലയോ ഭഗവാനേ അവിടുന്നു മാത്രമാണ് ഞങ്ങൾക്ക് തമ്പുരാൻ. സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി ദൈവത്തോട് യാചിക്കുന്ന ഒരു ഭാവം നിങ്ങൾക്ക് ഈ പ്രാർത്ഥനയിൽ കാണുവാൻ സാധിക്കുകയില്ല. ഇത് തികച്ചും ഒരു യഥാർത്ഥ സാത്വികനായ ഭക്തന്റെ ഈശ്വരസ്തുതിയാണ്. വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഈ ജഗത്തിൽ, തന്റെ ദൃഷ്ടിയിൽപ്പെടുന്ന സർവ്വതിനേയും തന്നിൽ നിന്നും അന്യമായി കാണാതെ ഈശ്വരസ്വരൂപമായി കണ്ട് ആദരിക്കുവാനും സ്നേഹിക്കുവാനും സേവിക്കുവാനുമാണ് നമ്മുടെ ഭാരതീയ സംസ്ക്കാരം അനുശാസിക്കുന്നത്. അങ്ങിനെ ചെയ്യുന്നതിലൂടെ ശുദ്ധമായ മനസ്സിൽ ഈശ്വരചൈതന്യം താനെ പ്രകാശപൂർണ്ണമാകും. ഇതേ ആശയം തന്നെയാണ് ശങ്കരാചാര്യ സ്വാമികൾ വിവേകാചൂഡാമണിയിൽ പറഞ്ഞിരിക്കുന്നത്.

"മോക്ഷകാരണ സാമഗ്രചാം ഭക്തിരേവ ഗരീയസീ
സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യ ഭിതീയതേ."

മനുഷ്യന് പരമമായ മോക്ഷപ്രാപ്തി (ഈശ്വര സാക്ഷാത്കാരം) ക്കുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം അനന്യ ഭക്തിയാണെന്ന് ആചാര്യസ്വാമികൾ പറയുന്നു. തന്റെ ഹൃദയത്തിൽ വിളങ്ങുന്ന ആത്മചൈതന്യം തന്നെയാണ് ഈ ലോകത്തിൽ കാണപ്പെടുന്ന സമസ്ത ജീവജാലങ്ങളിലും ചരാചരങ്ങളിലും സ്ഫുരിക്കുന്നത് എന്ന് നിരന്തരം ചെയ്യുന്ന അനുസന്ധാനം തന്നെയാണ് തത്ത്വാധിഷ്ഠിതമായ ഭക്തി, അതുതന്നെയാണ് പ്രായോഗികവേദാന്തം (അദ്വൈതം). ഇന്നു നമ്മുടെ ഇടയിൽ കണ്ടു വരുന്ന ആരാധനാരീതികൾ വേദങ്ങളിലോ ഉപനിഷത്തുക്കളിലോ ഭഗവത്ഗീതയിലോ പ്രതിപാദിച്ചിട്ടുള്ളതായി കാണുന്നില്ല. മാനവസമൂഹത്തെ അനുഗ്രഹിച്ചുകൊണ്ട് ദൂരെ മേഘപാളികൾക്കപ്പുറം ഒരീശ്വരൻ ഇരിക്കുന്നുണ്ടെന്നും അംഗീകരിക്കുന്നില്ല. ഇതെല്ലാം വിദേശ സംസ്ക്കാരത്തിന്റെ (സെമിറ്റിക്ക് മതം)കടന്നു കയറ്റത്തോടെ ഉടലെടുത്ത ആരാധനാ രീതികളാണ്. നമ്മുടെ ആർഷഭാരത മതം(ഹിന്ദുമതം) സനാതന ധർമ്മത്തിൽ (തത്ത്വത്തിൽ) ആണ് അധിഷ്ഠിതമായിരിക്കുന്നത്.#അതുകൊണ്ടു തന്നെ ഹിന്ദുമതത്തിന് പ്രത്യേകിച്ച് ഒരു സൃഷ്ടികർത്താവോ ഒരു നാഥനോ ഇല്ല. എന്നാൽ സെമിറ്റിക്ക് മത വിഭാഗങ്ങളെല്ലാം ചില വ്യക്തികളിലോ പ്രാവാചകന്മാരിലോ ആണ് അധിഷ്ഠിതമായിരിക്കുന്നത്. ഹിന്ദുമതമൊഴിച്ചുള്ള മതങ്ങളെല്ലാം ഒരു സൃഷ്ടികർത്താവിലും സൃഷ്ടിയിലും വിശ്വസിക്കുമ്പോൾ നമ്മുടെ മതം പരിണാമ സിദ്ധാന്തത്തിൽ അടിയുറച്ച് വിശ്വസിക്കുന്നു. ക്രിസ്ത്യൻ,#മുസ്ലീം തുടങ്ങിയ മതങ്ങളിൽ ദൈവം സ്വർഗ്ഗരാജ്യത്തിൽ വസിച്ചുകൊണ്ട് ഈ ലോകത്തെ ഭരിക്കുന്നതായി വിശ്വസിക്കുന്നു. എന്നാൽ ഈശ്വരൻ സർവ്വചരാചരങ്ങളിലും നിറഞ്ഞു നിൽക്കുന്നതായും ഈ ലോകത്ത് ഈശ്വരചൈതന്യമല്ലാതെ ഒന്നും തന്നെ ഇല്ലെന്നും നമ്മുടെ ഹിന്ദുമതം ദൃഢസ്വരത്തിൽ പറയുന്നു. ഭാരതീയ സനാതനധർമ്മമനുസരിച്ച് ഏതൊരു വ്യക്തിക്കും (ഏതു മതവിഭാഗത്തിൽപ്പെട്ട ആളായാലും) തന്റെ അവസാനജന്മത്തിൽ ബ്രഹ്മജ്ഞാനിയായ ഒരു സദ് ഗുരുവിന്റെ ഉപദേശത്തിലൂടെ മാത്രമേ ആത്മസാക്ഷാത്കാരം സാധ്യമാകൂ.

അവസാനത്തെ ജന്മമായിട്ടുള്ളവൻ വല്ലപാടും എന്നെ കാണും. (ശ്രീരാമകൃഷ്ണ ദേവന്റെ മൊഴികൾ)സജ്ജനങ്ങൾ ഈശ്വരപൂജയും സത്സംഗങ്ങളും നടത്തുന്ന സ്ഥലം പുണ്യതന്മാത്രകളാൽ വ്യാപ്തമായിരിക്കുമെന്നു പറയപ്പെടുന്നു. പുണ്യാത്മാക്കൾ എവിടെ പോയാലും ആ അന്തരീക്ഷം പുണ്യതന്മാത്രകളാൽ വ്യാപ്തമാകും. ഈ വസ്തുത മനസ്സിലാക്കിയാണ് മനുഷ്യർ ക്ഷേത്രങ്ങളും ദേവാലയങ്ങളും പണിയുവാൻ തുടങ്ങിയത്. സദ്ഗുണസമ്പന്നരായ ജനങ്ങൾ നിത്യവും അവിടെ പോകുമ്പോൾ ആ പ്രദേശത്തിലെ ക്ഷേത്രത്തിന്റെ പുണ്യത്വം

വർദ്ധിക്കുന്നു. സദ്ഗുണ സമ്പന്നരായ ജനങ്ങൾ (യഥാർത്ഥ ഭക്തന്മാർ) അവിടെ പോകാതിരുന്നാൽ മറ്റേതൊരു പ്രദേശത്തേയും പോലെ അവിടം അപുണ്യമാവുകയും ചെയ്യും. മനുഷ്യൻ തന്നെയാണ് ക്ഷേത്രങ്ങളെ പുണ്യതീർത്ഥങ്ങളാക്കുന്നത്.#ക്ഷേത്രങ്ങളിലെ ചൈതന്യം നിലനിൽക്കുന്നത് കെട്ടിടം കൊണ്ടല്ല. മറിച്ച് അവിടെ വരുന്ന സജ്ജനങ്ങളുടെ നി:സ്സ്വാർത്ഥമായ ധ്യാനജപാദികളിലൂടെയാണ്. നിഷ്ഠയോടെ നിത്യവും ചെയ്യപ്പെടുന്ന പൂജകളും അനുഷ്ഠാനങ്ങളും ക്ഷേത്രപവിത്രതയെ നിലനിർത്തുന്ന പ്രധാന ഘടകങ്ങളാണ്.

ഓരോ മനുഷ്യ ശരീരവും സഞ്ചരിക്കുന്ന ക്ഷേത്രമാണ്. ക്ഷേത്രം എന്ന വാക്കിന് ക്ഷയിക്കുന്നത് എന്നും ശരീരം എന്നതിന് ദിനം പ്രതിമാറിക്കൊണ്ടിരിക്കുന്നത് എന്നും അർത്ഥം. ഇവ രണ്ടും ജഡങ്ങളാണ്. അങ്ങിനെയുള്ള ശരീരക്ഷേത്രത്തെ സചേതനമാക്കി നിലനിർത്തുന്നത് ആത്മാവാണ് (ക്ഷേത്രജ്ഞൻ). ഓരോ ശരീരത്തിലും വെവ്വേറെ ക്ഷേത്രജ്ഞന്മാർ ഇരിക്കുന്നു എന്നു കരുതുന്നത് സാഹസമാണ്. ദേഹാത്മാബുദ്ധിയിൽ(ദേഹാഭിമാനം) വ്യാപരിച്ച് കൊണ്ടിരിക്കുന്ന മനുഷ്യന്റെ അജ്ഞാനം മൂലമാണ് അങ്ങിനെയൊരു ധാരണയുണ്ടാകുവാൻ കാരണം. അപരിച്ഛിന്നവും പരിപൂർണ്ണവും സ്വയം പ്രകാശവുമായ വ്യാപകചൈതന്യം തന്നെയാണ് എല്ലാ ക്ഷേത്രങ്ങളിലും സർവ്വ പ്രാണിദേഹങ്ങളിലും കുടികൊള്ളുന്നത്. മനുഷ്യരുടെ വ്യത്യസ്ത അഭിരുചിക്കനുസരിച്ച് ഈശ്വരൻ ഓരോ രൂപഭാവങ്ങൾ സ്വീകരിക്കുന്നു എന്നു മാത്രം. അതുകൊണ്ടാണ് ഹിന്ദുമതത്തിൽ ഇത്രയേറേ ദേവതാ സങ്കൽപങ്ങൾ ഉണ്ടായതു തന്നെ. പക്ഷെ എല്ലാ ദേവതകളുടേയും മൂലസ്വഭാവം ഏകമാണ്. അത് സച്ഛിദാനന്ദമാണ്.

ഓരോ വ്യക്തിയും അവരവരുടെ ഹൃദയ ശ്രീകോവിലിൽ തന്റെ ഇഷ്ടമൂർത്തിയെ സ്വയം പ്രതിഷ്ഠിച്ച് ആരാധിക്കുന്ന (മാനസപൂജ) തിനേക്കാൾ ശ്രേഷ്ഠമായ മറ്റൊരു പൂജയും ഇല്ല. ബാഹ്യമായ എത്രവലിയ പൂജയായാലും അതിന് മാനസികമായും ശാരീരകമായും സാമ്പത്തികമായും പരിമിതികളുണ്ട്. എന്നാൽ മാനസപൂജയിൽ ഒരു പരിമിതികളും ഇല്ല. ദേശമോ, കാലമോ നോക്കേണ്ടതില്ല. മനസ്സിനെ ഹൃദയത്തിൽ ഏകാഗ്രമാക്കണമെന്നു മാത്രം. ഈ പറഞ്ഞതു പോലുള്ള മാനസപൂജ ദിവസവും രണ്ടുനേരം ഏകാഗ്രതയോടെ ശീലിക്കുന്നതായാൽ ക്രമേണ ആ വ്യക്തിയുടെ മനസ്സിൽ നിന്നും ഭേദബുദ്ധിനീങ്ങി അന്തഃകരണം ശുദ്ധമാവുകയും ഹൃദയത്തിൽ പരമമായ ഈശ്വരപ്രേമം മുളപൊട്ടിവിടരുകയും ചെയ്യുമെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. അങ്ങിനെ ആ ഭക്തന്റെ /ഭക്തയുടെ ജീവിതം ആനന്ദപൂർണ്ണമാവുകയും ശാന്തിയും സമാധാനവും കൈവരിക്കുകയും ചെയ്യുന്നു. എല്ലാർക്കും സർവ്വേശ്വരന്റെ അനുഗ്രഹാശിസ്സുകൾ ലഭിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ഓം ശാന്തി, ശാന്തി, ശാന്തി:

## *സ്മരണികയിലേക്ക് വിവരങ്ങൾ തരിക*

എറണാകുളം കരയോഗത്തിൻെറ നവതി ആഘോഷങ്ങളുടെ ഭാഗമായി സമഗ്ര ചരിത്ര സ്മരണിക പ്രകാശനം ചെയ്യാൻ ആഗ്രഹിക്കുകയാണ്. കരയോഗത്തിൻെറയും നഗരത്തിൻെറയും കൊച്ചിയുടെയും ചരിത്ര സംഭവങ്ങൾ ഉൾക്കൊളളിച്ച സ്മരണിക റഫറൻസ് ഗ്രന്ഥമാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിലേക്ക് കരയോഗം അംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും സഹായം അഭ്യർത്ഥിക്കുകയാണ്. കരയോഗവുമായി ബന്ധപ്പെട്ട ഓർമ്മകളോ, കൈവശമുള്ള അപൂർവ്വ ചിത്രങ്ങളോ, നഗരവുമായി ബന്ധ പ്പെട്ട രസകരമായ കഥകളോ, ചരിത്ര വിവരണങ്ങളോ കൈവശമുണ്ടെങ്കിൽ സ്മരണിക പ്രസിദ്ധീകരണ വിഭാഗത്തിലേക്ക് അയച്ചുതരികയോ വിവരം അറിയിക്കുകയോ ചെയ്യുക. രേഖകളും ചിത്രങ്ങളും ആവശ്യം കഴിഞ്ഞാൽ മടക്കിത്തരുന്നതാണ്.

**പി.രാമചന്ദ്രൻ (വേണു)**
ജനറൽ സെക്രട്ടറി

# സംസ്കാരം



രാജലക്ഷ്മി. എം.

നിരന്തര പരിശീലനം കൊണ്ട് സമുദായ ഹൃദയത്തിൽ ദൃഢരൂഢമായി തീർന്നിട്ടുള്ള വാസനകളുടെ സമന്വിത ഭാവമാണ് സംസ്കാരം എന്ന് പറയാം. നമ്മൾ ജനിച്ച് വരുമ്പോൾ തന്നെ ഓരോരോ സംസ്കാരവും ആർജ്ജിച്ചുകൊണ്ടാണ് ഭൂമിയിലേക്ക് ആഗതരാകുന്നതു തന്നെ. ജീവിതത്തെ ബാഹ്യമായും ആഭ്യന്തരമായും ബാധിക്കുന്ന പല സംഗതികളും സംസ്കാരത്തിന്റെ രൂപീകരണത്തിന് പാത്രീഭൂതമാകുന്നു. സംസ്കാരത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നത് ഒരു വ്യക്തിയുടെയോ, സമുദായത്തിന്റെയോ സംസാരശൈലിയുടെയും, പെരുമാറ്റങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും ആണ്. മറ്റുള്ളവർ തങ്ങളോട് എങ്ങിനെ പെരുമാറണമെന്ന് താൻ ഇച്ഛിക്കുന്നുവോ ആ വിധത്തിൽ താൻ മറ്റുള്ളവരോടും പെരുമാറണമെന്ന നിഷ്കർഷതയുണ്ടാകുന്നത് ഒരു സംസ്കാരത്തിന്റെ ലക്ഷണമാണ്.

ഭാരതീയ സംസ്കാരത്തിന്റെ ഉൽകൃഷ്ടതയെ കുറിച്ച് നാം അഭിമാനം കൊള്ളാറുണ്ട്. അതിപുരാതനവും അതിമഹത്വവുമുള്ള സംസ്കാരത്തിന്റെ അനന്തരവകാശികളാണെന്ന് തറവാട്ടു മഹിമയെ കുറിച്ച് മേനി പറഞ്ഞ് ഊറ്റം കൊള്ളാറുണ്ട്. അത് വെറും മിഥ്യാഭിമാനപ്രകടനം മാത്രമല്ലേ?, എന്റെ അപ്പൂപ്പന് ആനയുണ്ടാർന്നു എന്നു പറയുന്നതുപോലെ. ആദ്യം മാതാപിതാക്കളിൽ നിന്നും, അതു കഴിഞ്ഞാൽ അദ്ധ്യാപകരിൽ നിന്നും പിന്നീട് സമൂഹത്തിൽ നിന്നുമാണ് ഒരു കുഞ്ഞിന് സംസ്കാരം ലഭിക്കുന്നത്. "സജ്ജനങ്ങൾക്ക് ഗുണമേറ്റമുണ്ടെന്നാകിലും ദുർജ്ജനങ്ങളോടു ചേർന്നലതൊക്കെവൈ നശിച്ചു പോം -ഓട്ടു പാത്രങ്ങളിലധാ പുളിച്ച തൈരൊഴിച്ചെന്നാൽ- കൂട്ടുവാൻ നന്നോ മഹാകൂറ്റച്ചാർക്കനീശ്വരാ!"

സംസ്കാരം എന്ന വാക്ക് ഉപയോഗിക്കുമ്പോൾ ഇംഗ്ലീഷിൽ Culture എന്നും Civilization എന്നും പ്രയോഗിക്കാറുണ്ട്. Culture എന്ന വാക്കിന് സംസ്കാരം എന്നും Civilization എന്നതിന് നാഗരികത്വമെന്നും പറയാം. പാശ്ചാത്യർ നാഗരികത്വത്തിന്, അതായത് ബാഹ്യപെരുമാറ്റത്തിന് വില കൽപ്പിക്കുമ്പോൾ ഭാരതീയർ ആന്തരീകമായ സ്വഭാവ സംസ്കാരത്തിന് ഉൽകൃഷ്ടതകൾ കൽപ്പിക്കുന്നു. ഉദാഹരണത്തിന് ആദ്യമായി കണ്ടു മുട്ടുമ്പോൾ പാശ്ചാത്യർ അന്യോന്യം കെട്ടിപ്പിടിച്ച് ചുംബിച്ച് അവരുടെ സംസ്കാരം പ്രകടിപ്പിക്കുന്നു. നമ്മൾ രണ്ടു കൈയ്യും കൂപ്പി നമസ്തേ പറഞ്ഞ് നമ്മുടെ സംസ്കാരം പ്രകടിപ്പിക്കുന്നു. നമസ്തേ എന്നു പറഞ്ഞാൽ തേ നമഃ അങ്ങയെ നമിക്കുന്നു എന്നർത്ഥം.

പ്രാചീന ഭാരതത്തിലെ സംസ്കാരം പാശ്ചാത്യർ വിഭാവനം ചെയ്യുന്ന നാഗരികതയിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. ആ സംസ്കാരത്തിന്റെ ഉൽപ്പത്തിസ്ഥാനം നഗരങ്ങളല്ല മറിച്ച് കാനനങ്ങളായിരുന്നു. ആ കാനനങ്ങളോ ദുഷ്ട മൃഗങ്ങളുടെ സങ്കേതങ്ങളായ കൊടും കാടുകളല്ല. ശാന്തരും തമസ്വികളുമായ മഹർഷിമാർ അധിവസിച്ചിരുന്ന പ്രഫുല്ല കാനനചോലകളുള്ള തപോവനങ്ങളായിരുന്നു. പാശ്ചാത്യരുടെ സങ്കൽപ്പത്തിൽ കാടുകൾ പ്രാകൃതത്തിന്റെയും പാമരത്വത്തിന്റെയും പ്രതികമാണെങ്കിൽ ആർഷഭാരതത്തിലെ തപോവനങ്ങൾ വിജ്ഞാനത്തിന്റെയും ഉൽകൃഷ്ട ചിന്തകളുടെയും വിളനിലങ്ങളായിരുന്നു. ആ താപസൻമാർ നഗര ബാഹുല്യങ്ങളിൽ നിന്നും, ആഡംബരങ്ങളിൽ നിന്നും, സുഖഭോഗങ്ങൾ ഉപേക്ഷിച്ചും പ്രശാന്തവും പ്രകൃതി രമണീയവുമായ വനങ്ങളിൽ തപസ്സനുഷ്ഠിച്ച് ജീവിതതത്വങ്ങളെ ഗാഢമായും ചിന്തിച്ചും, ജനങ്ങളെ ഉപദേശിച്ചും ലോകഹിതത്തിനായി അവർ ജീവിച്ചു. അന്ന് ഗുരുശിഷ്യപരമ്പരയിലൂടെ വായ് മൊഴിയായി, പിന്നീട് പഠനത്തിനും, അനുസന്ധാനത്തിനും വേണ്ടി ആവിർഭവിച്ച ഗ്രന്ഥങ്ങളാണ് വേദങ്ങളും, പുരാണങ്ങളും, ഉപനിഷത്തുക്കളും, ഇതിഹാസങ്ങളും. ഈ ഭാരതീയ ഗ്രന്ഥങ്ങളിലൂടെ പാശ്ചാത്യർ ഇവിടെ വന്ന് ഇന്നും പഠനം നടത്തുന്നു. വേദഭാഷയായ സംസ്കൃതം പഠിച്ച് അപഗ്രഥനം ചെയ്യുന്നു.

ചിത്ത ശുദ്ധിയാണ് ഏത് സംസ്കാരത്തിന്റെയും മാനദണ്ഡം. സംയമനവും ഇന്ദ്രിയ നിഗ്രഹവുമാണ് ചിത്തശുദ്ധി ഉണ്ടാക്കുന്നതിൽ

പ്രാധാന്യമർഹിക്കുന്ന ഒരു ഘടകം. നമ്മുടെ സംസ്കാരവും പ്രവൃത്തികളും പരദ്രോഹ മാകാതെ, ധർമ്മവിരുദ്ധമാകാതെ, അനിഷ്ട ഫലങ്ങൾക്കിട വരുത്താതെ ആയിരിക്കണമെന്ന നിഷ്കർഷ വേണം. ഭൂതദയയാണ് മറ്റൊരു മാനദണ്ഡം. നമ്മുടെ പുരാണങ്ങളിൽ അനേകം കഥകളുണ്ട്. ഒരു നാഗകുമാരനെ ഗരുഡനിൽ നിന്നും രക്ഷിക്കുവാൻ ജീമൂത വാഹനൻ സ്വന്തം ദേഹം ബലിയർപ്പിക്കുന്നത് വസിഷ്ഠന്റെ കാമധേനുവിനെ രക്ഷിക്കുവാൻ വേണ്ടി ദിലീപൻ സിംഹത്തിന് തന്റെ ശരീരം സമർപ്പിക്കു വാനൊരുങ്ങുന്നത് തുടങ്ങി എത്ര എത്ര കഥകൾ നമുക്ക് ഉദാഹരണമായി കാണാം.

വിനയം സംസ്കാരത്തിന്റെ മറ്റൊരു ലക്ഷണമാണ്. ശരിയായ വിദ്യാഭ്യാസം നേടിയ ഒരാൾ സദാ വിനയാന്വിതനായിരിക്കും. ഭാരതീയ സാഹിത്യം ഭാരതീയ സംസ്കാരത്തിന്റെ അക്ഷയ്യ ഭണ്ഡാകാരമാണ്. സംസ്കൃതത്തിൽ പാണ്ഡിത്യ മുള്ളവരാണ് ഏറ്റവും വലിയ സംസ്കാര സമ്പന്നൻ എന്ന് കരുതിയിരുന്ന ഒരു കാല മുണ്ടായിരുന്നു. ഹിന്ദി ഭരണഘടന അനുസരിച്ച് രാഷ്ട്രഭാഷയാണെങ്കിലും സംസ്കൃത ഭാഷയുടെ ആശ്രയത്തിലും, ആനുകൂല്യത്തിലും വളർന്ന് വന്നിട്ടുള്ളവയാണ് ഇന്ത്യയിലെ മറ്റു ഭാഷകളെ ല്ലാം എന്ന് പറയാം. മലയാളം, തമിഴ്, തെലുങ്ക്, കന്നട തുടങ്ങിയ ഭാഷകളെല്ലാം എടുത്ത് നോക്കിയാൽ സംസ്കൃതത്തിന്റെ അസന്നിഗ്ധ മായ കലർപ്പുള്ളതായി നമുക്ക് കാണാം.

നമ്മുടെ ക്ഷേത്രങ്ങൾ പണ്ടു മുതല്ക്കേ സാംസ്കാരിക കേന്ദ്രങ്ങളായി പരിഗണിക്കപ്പെട്ടു വരുന്ന പൊതുസ്ഥാപനങ്ങളാണ്. സംസ്കാരം വളർത്തിയെടുക്കുവാൻ ആരാധനാലയങ്ങൾക്ക് വലിയ പങ്കുണ്ട്. അമ്പലത്തിൽ പോയി തൊഴുത് വന്നില്ലെങ്കിൽ അമ്മ ഭക്ഷണം തരുമായിരുന്നില്ല. ആ വിശ്വാസത്തിന്റെ സ്വഭാവം എന്തു തന്നെ ആയാലും അത് നമ്മുടെ ജീവിതത്തിന്റെ ഭൗതികവും ആത്മീയവുമായ ഘടകങ്ങളുമായി ഇഴുകി ചേർന്ന് മാനവ സമുദായത്തിന്റെ സംസ്കാരത്തിൽ അതിപ്രധാനമായ പങ്ക് വഹിക്കുന്നു. അവിടെ ബാല്യപ്രായം മുതൽ തന്നെ അവരെ ആന്തരികമായും ബാഹ്യമായും വിജ്ഞാനപ്രദങ്ങളായ കലകളും ആത്മീയക്ലാസ്സു കളും ഉണ്ടായിരിക്കണം. ജ്ഞാനം നേടിയാൽ മാത്രം പോരാ അത് വിജ്ഞാന പ്രദമാക്കിയാലെ സമുദായ ഉന്നതിക്ക് ആ വിദ്യാഭ്യാസംകൊണ്ട് പ്രയോജനമുണ്ടാകൂ. തൃപ്പൂണിത്തുറയിലും, കാലടിയിലും സംസ്കൃതകോളേജുകളിൽ നമ്മുടെ കുട്ടികൾ വിരളമായേ സംസ്കൃതം പഠിക്കുന്നുള്ളു.

ഇന്ന് നമ്മുടെ കുട്ടികൾ സാംസ്കാരി കമായ അധഃപതനത്തിലേക്ക് കൂപ്പു കുത്തുക യാണ്. നമ്മുടെ കുട്ടിക്കാലത്ത് മുതിർന്നവരെ ആദരിക്കുമായിരുന്നു. രണ്ടു കൈകൂപ്പി നമസ്തേ പറയുമായിരുന്നു. കാല് തൊട്ട് വന്ദിച്ച് അനു ഗ്രഹം വാങ്ങുമായിരുന്നു. രാവിലെ എണീറ്റാൽ ഈശ്വരധ്യാനത്തോടെ പ്രാർത്ഥിച്ച് ഭൂമിദേവിയെ തൊട്ടു വന്ദിച്ച് അടിച്ചു തളിച്ച് വിളക്കു കൊളുത്തി കുളിച്ച് അമ്പലത്തിൽ പോയി തൊഴുതുവന്നേ അടുക്കളയിൽ കയറുമായിരുന്നുള്ളു. പണ്ട് നമ്മുടെ മുറികൾ ചാണകം മെഴുകണമായിരുന്നു. നെല്ല് ഉണക്കാനായി മുറ്റവും ചാണകം മെഴു കണം. പശുവിന്റെ തൊഴുത്ത് വൃത്തിയാക്കണം. പാടവും കൊയ്ത്തും എല്ലാം എന്ത് രസമായി രുന്നു. നെല്ല് കുത്തി അരിയാക്കി വേണം ചോറ് വയ്ക്കുവാൻ. അതും അടുപ്പിൽ വിറകു കത്തിച്ച് വേവിച്ച ഭക്ഷണസാധനങ്ങളുടെ രുചി പറയാതെ വയ്യ. നമ്മുടെ തൊടിയിൽ നിന്നും പറിച്ചെടുക്കു ന്ന വിഷാംശമില്ലാത്ത പച്ചക്കറികളും പഴങ്ങളും ഭക്ഷിക്കാമായിരുന്നു. മുറ്റം തന്നെ വീടിന് ചുറ്റും ഒരു പാട് അടിച്ചു വാരാനുണ്ടാകും. ഒരേക്കർ അല്ലെങ്കിൽ 50 സെന്റിലായിരിക്കും ഒരു പുരയിടം. വെള്ളം ആഴമുള്ള കിണറ്റിൽ നിന്ന് കോരി എടുക്കണം. കുളിക്കാൻ കുളമുണ്ട്. വല്ലപ്പോഴും പനി വന്നാൽ ചുക്കു കാപ്പി തുളസിയും, മല്ലിയും ഇട്ട് കുടിച്ചാൽ പനി പമ്പ കടക്കും. ഇന്നത്തെ ജിവിതശൈലി തന്നെ വ്യത്യസ്തമായി. അംബര ചുംബികളായ ഫ്ളാറ്റ് ജീവിതം. ആർക്കും ആരെ യും ശ്രദ്ധിക്കാൻ സമയമില്ല. ഫാസ്റ്റ് ഫുഡ്. മനുഷ്യൻ ചെയ്യേണ്ട ജോലികൾ മെഷിൻ ഏറ്റെടു ത്തതോടെ വ്യായാമം ഇല്ലാതായി. അതോടെ രോഗങ്ങൾ പെരുകി. പണ്ട് നമുക്ക് കറന്റ് ഉണ്ടായിരുന്നില്ല എങ്കിലും ശുദ്ധവായുവും, വെളിച്ചവും, വെള്ളവും സുലഭമായിരുന്നു.ഇന്ന് വൈദ്യുതി ബില്ലും, വെള്ളത്തിന്റെയും ഫോണിന്റെയും ബില്ലുകൾ നമ്മുടെ സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് കവർന്നെടുക്കുന്നു. ലാപ്ടോപ്പ്, മൊബൈൽ വാട്സ് അപ്പ് തുടങ്ങിയവയുടെ ആവിർഭാവത്തോടെ നമ്മുടെ തലച്ചോറിനും ജോലി ഇല്ലാത്ത അവസ്ഥാവിശേഷമായി. നമുക്ക് കേട്ട് കേൾവിപോലുമില്ലാത്ത രോഗങ്ങളും, ആസ്പത്രികളും

ഡോക്ടർമാരും അതും ഓരോ അവയവത്തിന് പ്രത്യേക ഡോക്ടർമാർ അങ്ങിനെ പോകുന്നു ജീവിതം. വയസ്സായ മാതാപിതാക്കളെ അമ്പലനടയിലോ , വഴിയിലോ, അനാഥാലയത്തിലോ തള്ളിവിടുന്ന ക്രൂരസംസ്കാരമാണ് ഇന്നത്തെ തലമുറയുടെ പ്രവണത. പണമുണ്ടെങ്കിൽ എന്ത് ഹീനകൃത്യവും ചെയ്യാൻ മടിയില്ലാത്ത ജനസമൂഹം. മൃഗത്തിന് തുല്യമായ ഹീന നീചത്വം ചെയ്യാൻ മടിയില്ലാത്ത ജനത ജീവിതത്തിന്റെ എല്ലാ തുറകളിലും ഈ വ്യവസ്ഥയില്ലായ്മ കാണാം.

പഴയ പാരമ്പര്യത്തിന്റെ ഊറ്റം കൊള്ളാതെ, സത്സംഗങ്ങളിൽ പങ്ക് ചേർന്ന് ശരിയായ രിതിയിൽ വിദ്യ അഭ്യസിച്ച് അച്ചടക്കം, വിനയം, സഹിഷ്ണുത, അഹിംസ മുതലായവയിൽ ഉറച്ച് നിന്ന് ഭാരതീയ സംസ്കാരത്തിൽ അഭിമാനം കൊള്ളണം. ഗ്രീസ്, ഈജിപ്ത്, പേർഷ്യാ മുതലായ പൗരാണിക രാജ്യങ്ങളിലെ സംസ്കാരങ്ങൾ മണ്ണടിഞ്ഞിട്ടും ഭാരതീയ സംസ്കാരം അനേകം പ്രതിസന്ധികളെ അതിജീവിച്ച് ഇന്നും നില നിന്ന് പോരുന്നു. പാശ്ചാത്യർ നമ്മുടെ സംസ്കാരം പഠിക്കുമ്പോൾ നമ്മുടെ കുട്ടികൾ പാശ്ചാത്യ സംസ്കാരത്തിന്റെ അടിമകളായി മാറുന്നത് ദുഃഖകരമാണ്. അവരെ നമ്മുടെ സംസ്കാരത്തിലേയ്ക്ക് കൊണ്ടു വരുവാൻ നമുക്കൊത്തൊരുമിച്ച് പരിശ്രമിക്കാം. നമുക്ക് നഷ്ടപ്പെട്ട പൈതൃകവും മൂല്യങ്ങളും, സംതൃപ്തിയും, സന്തോഷവും, സമാധാനവും വീണ്ടെടുക്കാൻ പരിശ്രമിക്കാം.

---

# ശംഖൊലി

**സ്വർണ്ണലത നന്ദകുമാർ**

ശംഖൊലികേൾക്കും നിൻ സന്നിധിയിൽ
സന്തതം നിന്നെ ഞാൻ കൈതൊഴുമ്പോൾ
ഇപ്പോഴെൻ മുന്നിൽ കാണുമാ രൂപത്തെ
അകതാരിലേറ്റി ഞാൻ നിന്നിടുന്നു കൃഷ്ണ...
(ശംഖൊലി)

ഓടക്കുഴലിന്റെ നാദം കേൾക്കുമ്പോൾ
ഓടിയണയുന്നുഗോപികമാർ
കണ്ണാ നീ ഓടി മറയുവതെന്തിന്
എന്നും നീ അവരുടെ തോഴനല്ലേ ....
(ശംഖൊലി)

അമ്പാടി മുറ്റത്തും മഥുരാപുരിയിലും
വൃന്ദാവനിയിലും കാണുമ്പോൾ
അക്രൂരർ ആഴിയിൽ മുങ്ങിക്കുളിക്കുമ്പോൾ
ആ ദിവ്യ രൂപം കാണുവാനായ് കൃഷ്ണ...
(ശംഖൊലി)

ഓമൽ തിരുമുടിയിൽ ചാർത്തുമീപ്പീലികൾ
കണ്ണാ നീയൊന്നു തന്നിടുമോ
നിൻ തിരുമാറിലെ വനമാലയാകുവാൻ
ഇനിയൊരു ജന്മം തന്നിടുമോ കൃഷ്ണ...
(ശംഖൊലി)

## അംബാ സ്വരമാല സ്തോത്രം

**ഏറുന്നു തീയകമെനിക്കതു താറുമാറായ്**
**ഏറുന്നനാമമുരയാമതുമാറുമാറായ്**
**ഏറെത്തെളിഞ്ഞ തവ ദിവ്യമയസ്വരൂപം**
**ഏറാത്ത നാളിനകമിങ്ങുറയാൻ ഭജേഹം**

**എന്റെ അകം മുഴുവൻ തീയാളിക്കത്തി താറുമാറായിരിക്കുകയാണ്. ആ തീ ആറുന്നതിനായി അവിടുത്തെ അനേകം നാമങ്ങൾ ഞാൻ ജപിക്കാം. വളരെ വൈകിക്കാതെ അവിടുത്തെ ആ തെളിഞ്ഞ ദിവ്യമയമായ രൂപം എന്റെ ഹൃദയത്തിൽ ഉറഞ്ഞു വരുന്നതിനായി ഞാൻ ഭജിക്കുന്നു. (നിർത്താതെ തുടർച്ചയായി തൈര് കടയുന്നതുമൂലമാണല്ലോ വെണ്ണ ഉറയുന്നത്.)**

**ശ്രീ. നന്ദകുമാർ മേനോൻ**

(വാസ്തു)

# പുഴയോരത്ത് വീടു പണിയുമ്പോൾ ശ്രദ്ധിക്കണം




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ

അടുത്തകാലത്ത് വളരെ മനോഹരമായ സാമാന്യം വലുപ്പമുള്ള ഒരു വീട് പരിശോധിക്കേണ്ടതായി വന്നു. വീടിന്റെ കിഴക്കുവശം റോഡും പടിഞ്ഞാറുവശം പുഴയുമാണ്. കിഴക്കോട്ടു മുഖമായിട്ടാണ് വീടു പണിഞ്ഞിരിക്കുന്നത്. എങ്കിലും പടിഞ്ഞാറ് വശത്ത് നല്ല ഗാർഡൻ ഉണ്ട്. വീടു പണിതിട്ട് ഇപ്പോൾ 7 കൊല്ലമായി. വീട്ടിൽ താമസിച്ച ആദ്യത്തെ രണ്ടു കൊല്ലം എല്ലാ കാര്യങ്ങളും വളരെ ഐശ്വര്യമായിട്ടായിരുന്നു. മൂന്നാം കൊല്ലം മുതൽ എല്ലാ കാര്യങ്ങളിലും തടസ്സം, വാഹനാപകടങ്ങൾ തുടങ്ങി പല തരം പ്രശ്നങ്ങളും തുടങ്ങി. ഇപ്പോൾ ജീവിതം തന്നെ വളരെ വിഷമത്തിലാണ്. ഒരു സുഹൃത്തിന്റെ നിർബന്ധപ്രകാരം ഞാൻ അവിടെ പോവുകയും താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. വീടിന്റെ മുൻവശം തെക്കുഭാഗത്തെ റോഡിലേക്കുള്ള അളവ് 15 മീറ്ററും വടക്കുവശത്ത് 10 മീറ്ററുമാണ്. അതിന്റെ അർത്ഥം റോഡ് വടക്കോട്ടുപോകും തോറും പടിഞ്ഞാറോട്ടു ചരിഞ്ഞു പോകുന്നു. വീടിന്റെ കിഴക്കുവശത്തുള്ള ഭൂമി വടക്കോട്ടു പോകുതോറും കുറഞ്ഞുവരുന്നത് ശരിയല്ല.


മുൻവശം തെക്കും വടക്കും ഒരേ അകലം കിട്ടാൻ പാകത്തിനു വീടിനു സമാന്തരമായി ഒരു കുട്ടി മതിൽ 15 സെന്റി മീറ്റർ ഉയരത്തിൽ കെട്ടി കിഴക്ക് വശം മറ്റൊരു പറമ്പായി മാറ്റി. വീടിന്റെ പടിഞ്ഞാറു വശത്ത് പുഴ ഒരിക്കലും നല്ലതല്ല. ആയതിനാൽ വീടിന്റെ പടിഞ്ഞാറുവശത്ത് വീടിനു സമാന്തരമായി മതിൽ കെട്ടി വീടിനും പുഴയ്ക്കുമിടയിൽ മറ്റൊരു പറമ്പുകൂടി ഉണ്ടാക്കി. ഇപ്പോൾ വീടിന്റെ പടിഞ്ഞാറുവശം പുഴയ്ക്ക് പകരം മറ്റൊരു പറമ്പായി മാറി.

വീടിന്റെ പടിഞ്ഞാറു വശത്തെ പുഴയും, കിഴക്ക് വശത്തു പടിഞ്ഞാട്ടു ചരിഞ്ഞ റോഡും വീടിന്റെ ഐശ്വര്യത്തെ ബാധിക്കാത്ത തരത്തിലാക്കി മാറ്റി. ഇപ്പോൾ പലപ്രശ്നങ്ങളും ശരിയായി വരുന്നുണ്ട്.



# ഭാരതീയ പൈതൃകസന്ദേശം

ശ്രീമദ് ഭാഗവതം (സംഗ്രഹം)



ഡോ.എൻ. ഗോപിനാഥൻ നായർ

## ഉപപുരാണങ്ങൾ

18 മഹാപുരാണങ്ങളെക്കൂടാതെ 18 ഉപപുരാണങ്ങളും ഉള്ളതായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇവയുടെ പേരുകളിലും പട്ടികയിലും അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതായികാണുന്നു. അറിയപ്പെടുന്ന, പ്രധാനപ്പെട്ടതായി കരുതുന്ന ഉപപുരാണങ്ങളുടെ പേരും സംക്ഷിപ്ത വിവരണവും ഇപ്രകാരമാണ്.

**1. ആത്മപുരാണം**

ഉപനിഷദ് വിഷയങ്ങളാണ് ഈ പുരാണത്തിലെ വിവരണങ്ങൾ. കൗഷീതകി ഉപനിഷത്ത്, ശ്വേതാശ്വേതര ഉപനിഷത്ത്, നാരയണോപനിഷത്ത്, ജാംബല - ഗർഭ - ബ്രഹ്മ - പരമഹംസ - ഹംസ -അരുണേയി - ക്ഷുരിക - അമൃതാനന്ദ - മഹത് - ആത്മപ്രബോധ - കൈവല്യ ഉപനിഷദ് സാരങ്ങൾ തുടങ്ങിയവയാണ് ഈ പുരാണത്തിൽ വിവരിച്ചിട്ടുള്ളത്.

**2. ആദിപുരാണം**

30 അദ്ധ്യായങ്ങളുള്ള ഒരു ചെറിയ പുരാണം. കലിയുഗത്തിൽ ഋഷിവര്യൻമാരുടെ ആചാരങ്ങൾ, വാത്സ്യായനൻ എന്ന മഹർഷിയുടെ ചരിതം, ശ്രീകൃഷ്ണ ചരിതം.

**3. കൽക്കിപുരാണം**

കലിയുടെ ചരിതം, കലികാല വിവരണം, കലികാല വൈഭവം, കൽക്കിയുടെ ജനനം, കൽക്കി - പത്മാവതി വിവാഹം, കൽക്കിയുടെ അശ്വമേധം, യാഗതടസ്സം, കൽക്കിയുടെ വാനപ്രസ്ഥം, യാത്രയുടെ അന്ത്യത്തിൽ വൈകുണ്ഠഗമനം.

**4.കാലിക പുരാണം**

ദക്ഷയാഗം, സതിയുടെ മരണം, ശിവപാർവ്വതി വിവാഹം, പ്രളയം, നരകാസുരവധം, കാലികയുടെ ജനനം, വേതാളഭൈരവ കഥ, ദേവീ ഉപാസന, ആചരിക്കേണ്ട അനേകം വ്രതങ്ങൾ.

**5. ക്രിയായോഗസാര പുരാണം**

ഈ പുരാണം പത്മപുരാണത്തിന്റെ ഭാഗമാണ്. പ്രപഞ്ച സൃഷ്ടി, ത്രിമൂർത്തികളുടെ ഉത്ഭവം, തുളസീമഹത്വം, ക്രിയായോഗം, ദാനധർമ്മാദികളുടെ മഹത്വം, ഏകാദശീവ്രതം, അശ്വത്ഥ വൃക്ഷപൂജ (അരയാൽ മരം) ശംഖചക്രങ്ങളുടെ ചിത്രം, ബലഭദ്ര - സുഭദ്രാ കീർത്തനം, രഥയാത്ര, ജഗന്നാഥന് അർപ്പിക്കേണ്ടുന്ന നൈവേദ്യങ്ങൾ, മൃഗങ്ങൾക്ക് നൽകേണ്ട ഭക്ഷണം, അതിഥി മര്യാദകൾ, യുഗങ്ങളിലെ മനുഷ്യസ്വഭാവം.

**6. ഗണേശ പുരാണം**

ഗണപതിയുടെ കഥ വിവരിക്കുന്നതു കൊണ്ട് ഈ പേര് ലഭിച്ചു. 92 അദ്ധ്യായങ്ങളുള്ള ഉപാസനാകാണ്ഡവും, 155 അദ്ധ്യായങ്ങളുള്ള ക്രീഡാകാണ്ഡവും ചേർന്ന് 247 അദ്ധ്യായങ്ങളാണ് ഇതിലുള്ളത്. 138 മുതൽ 148 വരെയുള്ള അദ്ധ്യായങ്ങൾ 'ഗണേശഗീത' എന്ന പേരിലാണ് അറിയപ്പെടുന്നത്.

**7. പുരുഷോത്തമ പുരാണം**

പുരുഷോത്തമ ക്ഷേത്രമായ ജഗന്നാഥ ദേവാലയത്തെ (പുരി, ഒറീസ്സ) സവിസ്തരം വർണിക്കുന്നു. പൂർണമായ മറ്റ് വിവരങ്ങൾ ലഭിച്ചിട്ടില്ല.

**8. ബ്രഹദ് നാരദീയ പുരാണം**

പ്രപഞ്ച സൃഷ്ടി വിദ്യ - അവിദ്യ ബന്ധം, അംബിക - ദുർഗ്ഗ - ഭദ്രകാളി നാമങ്ങൾ, ഹിമാലയ വർണ്ണനം, ഗുരുവന്ദനം, ഗുരുപൂജ, ദാനങ്ങൾ, തുളസി പൂജ, സ്വർഗ - നരക വർണ്ണനം, കുറ്റങ്ങളും ശിക്ഷകളും, നാമസങ്കീർത്തനങ്ങൾ, നിരാഹാര വ്രതം, പിതൃ കർമ്മങ്ങൾ, പുനർജനനവും കർമ്മഫലവും, മാതൃഗർഭത്തിലുള്ള ശിശുവിന്റെ വളർച്ച, യോഗചര്യയിലെ 30 ആസനങ്ങൾ, മനുഷ്യന്റെ ജീവിതാന്ത്യത്തിലെ മോക്ഷം, ചതുർയുഗ വർണ്ണനം.

**9. ബ്രഹദ് വിഷ്ണു പുരാണം**

മറ്റ് വൈഷ്ണവ പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നത് പ്രകാരം ഈ പുരാണത്തിൽ 23000 ശ്ലോകങ്ങൾ ഉണ്ടായിരുന്നു എന്നാണ്. എന്നാൽ ഇത് കണ്ടെത്തിയിട്ടില്ല.

**10. മുൽഗല പുരാണം**

മുൽഗലാചാര്യൻ 9 ഖണ്ഡങ്ങളിലായി രചിച്ച ബൃഹത്തായ ഒരു ഉപപുരാണം. ദക്ഷയജ്ഞം, ബ്രഹ്മസൃഷ്ടി, സൂര്യമണ്ഡലം, നവഗ്രഹങ്ങൾ, ഊർദ്ധ്വലോകം, സപ്തപാതാളങ്ങൾ, സപ്തദ്വീപുകൾ, കശ്യപ - വ്യാസ - ശുക - ഗൗതമ ചരിതങ്ങൾ, ഗജാനന

ഏകദന്ത പ്രാതുർഭാവം, സ്കന്ദ മഹത്വം, മാംധാതു അബരീഷ ചരിതം, വിനായക ചതുർഥി മഹത്വം. ബ്രഹ്മകുണ്ഡലവിവരണം, വികടാവതാരം, പാർവ്വതി ചരിതം, ഗണേശചരിതം, ബാണാസുര വരപ്രദാനം, ബുദ്ധാവതാരം, ക്ഷേത്രജ്ഞ യോഗം.

**11. ദേവീഭാഗവതം**

മധുകൈടഭൻ എന്ന അസുരന്റെ കഥ, വ്യാസ മഹർഷിയുടെ ജനനം, ശാന്തനു മഹാരാജാവിന്റെ ചരിതം, തക്ഷകനും മഹാമാന്ത്രികനായ ബ്രാഹ്മണനും തമ്മിലുള്ള സംവാദം. കാശിരാജ ചരിതം, അംബികാക്ഷേത്ര മഹത്വം, നവരാത്രി മാഹാത്മ്യം, ശുക്രാചാര്യരുടെ ചരിതം, അസുര പ്രധാനികളെ ജഗദംബ വധിക്കുന്ന വിവരണം, നാരദന്റെ ജീവചരിതം, സത്യവ്രത - ത്രിശങ്കു, ഹരിശ്ചന്ദ്ര, ശുനശേഫ, പാർവ്വതി ചരിതം, ഭഗവതി പൂജയുടെ ഫലം, വരാഹാവതാരം, ഉത്തര ദക്ഷിണ ധ്രുവങ്ങളുടെ വിവരണം, സത്യവാൻ - സാവിത്രി കഥയുടെ വിവരണം, മഹാകാളി - മഹാലക്ഷ്മി - മഹാസരസ്വതി ചരിതം, ഗായത്രി സ്തോത്രം.

**12. നരസിംഹപുരാണം**

ഭരദ്വാജാശ്രമത്തിൽ വച്ച് സൂതമഹർഷി വിവരിക്കുന്ന 68 അദ്ധ്യായങ്ങളാണ്. സൃഷ്ടി സ്ഥിതി സംഹാരം, നരസിംഹാവതാര മഹത്വം, നാലുയുഗങ്ങൾ, കലിയുഗ മനുഷ്യ സ്വഭാവം, ശ്രീബുദ്ധ ചരിതം, മാതാ - പിതാ - ഭാര്യാ - ഭർതൃധർമ്മം, കലിയുഗത്തിലെ അധർമ്മങ്ങൾ, മനഃശുദ്ധിയും മഹത്വവും വ്രതാചരണങ്ങളിലൂടെ നേടാവുന്ന ആത്മീയ ശക്തിയും.

**13. വിഷ്ണു ധർമ്മ പുരാണം**

വിഷ്ണുധർമ്മ വിഷയങ്ങൾ വിവരിക്കുന്ന 105 അദ്ധ്യായങ്ങളാണ് ഇതിലുള്ളത്. പ്രഹ്ലാദ ചരിതം, കൃഷ്ണാർജ്ജുന സംവാദം, ഗോവധം - സ്ത്രീവധം - ബ്രഹ്മഹത്യ എന്നിവയുടെ പാപഫലങ്ങൾ, പുനർജനനത്തിന്റെയും പരമമായ മോക്ഷലബ്ധിയുടേയും കാരണങ്ങൾ, ഗായത്രി മന്ത്ര ജപം, യുദ്ധനീതി, യുധിഷ്ഠിരന് നൽകുന്ന ഭീഷ്മോപദേശസാരം, ദാന - ദക്ഷിണ - ധ്യാനം - ദയ - ക്ഷമ - സത്യ മഹത്വം - അദ്വൈത ജ്ഞാനം, കലിയുഗ ധർമ്മം.

**14. വിഷ്ണു ധർമ്മോത്തര പുരാണം**

ഭാർഗവ ചരിതം, പുണ്യ തിഥികൾ - നക്ഷത്രങ്ങൾ മുഹൂർത്തങ്ങൾ, തീർത്ഥസ്നാന മഹത്വം, ഗായത്രി മന്ത്രം ഇതിഹാസ - കാവ്യ - നാട്യശാസ്ത്ര - സംഗീതവിഷയ വിവരണം.

**15. സാംബ പുരാണം**

സൂര്യദേവന്റെ ആരാധന, സൗരയുഥ വർണ്ണനം, ജ്യോതിശാസ്ത്രവിഷയങ്ങൾ, അഗ്നിഹോത്ര യജ്ഞത്തിൽ സൂര്യനുമായുള്ള ബന്ധം, സൂര്യക്ഷേത്രത്തിലെ പൂജാവിധികൾ.

**16. സൂര്യ പുരാണം**

ഈ പുരാണത്തിന്റേതെന്ന് വിശ്വസിക്കുന്ന ഏതാനും താളിയോല ഗ്രന്ഥങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

**17. ശിവപുരാണം**

സൂതമഹർഷി, ശൗനകാദി ഋഷിമാർക്ക് ഏഴു ഭാഗങ്ങളിലായി നൽകുന്ന വിവരണം, ശിവ മാഹാത്മ്യം, ശിവരാത്രി കഥകൾ, പഞ്ചാക്ഷരി മന്ത്രം, രുദ്രാക്ഷ മഹിമ, ഭസ്മധാരണ വിധി, ശിവ - സതീ വിവാഹം, ശിവ കൈലാസ ഗമനം, കാശി വിശ്വനാഥ ക്ഷേത്ര വിവരണം, പാർവ്വതീ ജനനം, പാർവ്വതി തപസ്സ്, കാർത്തികേയ ജനനം, ഗണേശ ജനനം, താരകാസുരവധം, ജലന്ധര വധം, ബാണാസുര ചരിതം, ശ്രീരാമന്റെ ശിവപൂജ, അർജ്ജുനന്റെ ശിവതപസ്സ്.

ഭാരതത്തിലെ 12 ജ്യോതിർലിംഗ ക്ഷേത്രങ്ങൾ, ഓംകാര മഹത്വം, സഗരവംശം, ദുർഗ്ഗാദേവി മാഹാത്മ്യം, ശിവാവതാരം.

**18. ഹരിവംശ പുരാണം**

ജൈനമത തത്ത്വങ്ങളും പുരാണ വിഷയങ്ങളും ഒരുപോലെ വിവരിക്കുന്നു. വർധമാന മഹാവീര ചരിതം, നാഭീരാജ ചരിതം, ഋഷഭദേവ ജനനം, ജീന ചരിതം, അയോദ്ധ്യാ വിവരണം, ബാഹുബലിയുമായുള്ള യുദ്ധം, ഹരിവംശ ചരിതം, ആര്യന്റെയും മനോരമയുടേയും പുത്രനായ ഹരിയുടെ കഥ, കൗശാംബി നഗര വർണ്ണനം, പാണ്ഡവ ചരിതം, ജരാസന്ധ വധം, ദ്വാരകയുടെ അന്ത്യം, ശ്രീകൃഷ്ണന്റെ അന്ത്യം, ശരീരം തുംഗഗിരിയിൽ ദഹിപ്പിക്കുന്നത്, മഹാവീരന്റെ നിർവാണം, ജൈനവംശ ആചാര്യൻമാരുടെ വിവരണം. മഹാപുരാണങ്ങളിലും ഉപപുരാണങ്ങളിലും ഉൾപ്പെടാത്ത മറ്റനേകം പുരാണങ്ങൾ ഉള്ളതായി പരാമർശങ്ങളുണ്ട്. അറിയപ്പെടുന്ന ചില പുരാണങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു. സൗര ധർമ്മ പുരാണം, സൗരധർമ്മോത്തര പുരാണം, ബൃഹദ് വാമന പുരാണം, ബൃഹദ് നരസിംഹ പുരാണം, ആശ്ചര്യ പുരാണം, കൗശികീ പുരാണം, ലഘു ഭാഗവത പുരാണം, മാഘ പുരാണം, ബൃഹദ് വിഷ്ണുധർമ്മ പുരാണം [തുടരും.....]

(കവിത)



രമാശശിധരൻ

# അമ്മേ! നാരായണാ!

**(ഓഗസ്റ്റ് 15 ാം തീയതി നമ്മെ വിട്ട് പിരിഞ്ഞ രമാ ശശിധരന്റെ സ്മരണയ്ക്കു മുമ്പിൽ അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു.)**

"ഈരേഴുപതിനാലുലോകവും കണ്ടു ഞാൻ
ഈ ബോധം പോകുംവരെയുള്ള നിമിഷങ്ങളിൽ...
ഇന്നലെ പോയ കാലങ്ങളിലേക്കും;
ഇന്നലെ എൻ നെഞ്ചിൽ വിങ്ങലായവരൊക്കെയും;
ഇന്നെൻ തലക്കു ചുറ്റും കാവൽ നിൽക്കും പോൽ;
ഇന്നലെ പോയവർ കൈനീട്ടി അനുഗ്രഹിച്ചീടും...
ഇന്നിതാ നെഞ്ചിടിപ്പിൻ താളം തിരിച്ചുകിട്ടുമ്പോൾ....
ഇന്നിന്റെ താപാശ്രു വീണുപോയീടും.....
ഇന്നെന്റെ കൂടെയുള്ളവരുടെ ഉള്ളത്തെ അറിഞ്ഞു ഞാൻ!
തമസ്സിനെ നീക്കി പ്രകാശം ചൊരിഞ്ഞീടും..
പ്രകൃതി തൻ തപസ്യയെ കാക്കട്ടെ ദൈവം;
സർവ്വംസഹയായ മാതാവേ നീയെന്നെയും കാത്തീടണേ...."

## 2 – ാം ചരമവാർഷികം

**11. 9. 2015**



**ആർ. ഗോപിനാഥൻ**

ശ്രേയസ്സ്. കെ. വി. 59, പനമ്പിള്ളി നഗർ, കൊച്ചി

## വിശേഷ ദിവസങ്ങൾ

**സെപ്റ്റംബർ 16 മുതൽ ഒക്ടോബർ 15 വരെ**

### സെപ്റ്റംബർ

18 : വിശ്വകർമ്മ ജയന്തി
27 : അമൃതാനന്ദമയി ജയന്തി
21 : ശ്രീനാരായണഗുരു സമാധി

### ഒക്ടോബർ

2 : ഗാന്ധി ജയന്തി
8 : ആയില്യം തൊഴൽ
14 : കരയോഗം നവരാത്രി ആരംഭം

# ബാലലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

ഓണമെല്ലാം ഗംഭീരമായി ആഘോഷിച്ചില്ലേ? വീട്ടിൽ നിറയെ ബന്ധുക്കളും, സുഹൃത്തുക്കളും ഉണ്ടായിരുന്നില്ലേ? മാവേലിമന്നനെ വേണ്ടപോലെ സ്വീകരിച്ചില്ലേ? ഓരോ ഓണവും നമ്മുടെ പോയ്മറഞ്ഞൊരു സുവർണ്ണകാലഘട്ടത്തിന്റെ ഓർമ്മ പുതുക്കലാണെന്ന് കൂട്ടുകാർക്കറിയാമല്ലോ. ഓണസദ്യയും ഓണക്കോടിയും, ഓണപ്പൂക്കളവും, ഓണപ്പാട്ടും, കളികളും എല്ലാം ആസ്വദിച്ചില്ലേ?

ഓണത്തപ്പാ കുടവയറാ എന്ന് മാവേലിയെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ?

എന്നാൽ ഈ മാവേലിമന്നനെന്താ ഇത്രയും കുടവയറു വരാൻ കാരണം എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? കൊല്ലത്തിലൊരിക്കൽ വരുന്ന മാവേലിക്ക് ഒരു നിറഞ്ഞ സദ്യയല്ലേ നമ്മൾ ഒരുക്കുന്നത്. പ്രജകൾ നൽകുന്ന സ്നേഹപൂർവ്വമുള്ള ഭക്ഷണം എങ്ങിനെയാണ് അദ്ദേഹം നിരാകരിക്കുക. അതുകൊണ്ടു തന്നെ എല്ലാം കഴിക്കാൻ അദ്ദേഹം നിർബന്ധിതനാകുന്നു. അതുകൊണ്ടാവണം അദ്ദേഹത്തിന് കുടവയർ ഉണ്ടായത്. ഇന്ന് അത് കുറയ്ക്കാനും മാർഗങ്ങൾ പുതിയ തലമുറ കണ്ടു പിടിച്ചിരിക്കുന്നു. ഈ കവിത ഒന്ന് ഈണത്തിൽ പാടിനോക്കൂ.(യോഗ മാവേലിക്കുമാകാം)

## കുട്ടനും മുത്തശ്ശിയും

എന്തെന്റെ മാവേലി മുത്തച്ഛനിത്രയും
കുമ്പ യെന്നുണ്ണി ചോദിക്കേ,
പൊട്ടിച്ചിരിച്ചു പോയ് മുത്തശ്ശി, കുട്ടനെ-
കെട്ടിപ്പിടിച്ചേവമോതി.......
എത്രയോ വത്സരം മുമ്പാണു പൈതലേ
മാവേലി വാണതി നാട്ടിൽ
മാനവരേവരും ഒന്നായ്ക്കഴിഞ്ഞുപോൽ
മാവേലിവാണൊരിനാട്ടിൽ
ചൊല്ലില്ലയാരുമസത്യവും തങ്ങളിൽ
കൊല്ലില്ലയാരുമാനാളിൽ
ഇല്ലായിരുന്നു കുതന്ത്രവും കോഴയും
കൈക്കൂലിയും കുതിവെട്ടും.
വഞ്ചനയില്ല ചതിയുമില്ല, പൂഴ്ത്തി-
വെയ്പും, കരിഞ്ചന്തയൊട്ടുമില്ല,
ഭോജനത്തിനൊരു പഞ്ഞമില്ല, പിന്നെ
കാഞ്ചനം കക്കുന്ന ചോരരില്ല.........
ജോലിയ്ക്കു തെണ്ടും യുവാക്കളില്ല, വെറും
കൂലിക്കു തല്ലുവാനാളുമില്ല.
നീർവറ്റിമായും നദികളില്ലാ, മിഴി-
നീർ വറ്റിടാത്ത സതികളില്ല.
ആ ബലിത്തമ്പുരാൻ താനും പ്രജകളും
ആരോഗ്യമേറ്റം തികച്ചോർ
പിന്നെയും ചോദ്യമായുണ്ണി യാ മുത്തച്ഛ-
നെന്തേ കുടവയറായി?
ആണ്ടിലൊരിക്കലാ പാവമാം തമ്പുരാൻ
നാടു കാണാനായ് തിരിക്കും,
കാണമേ വിൽക്കുവാനില്ലെന്നിരിക്കലും
ഓണത്തിനായ് നമ്മൾ കാക്കും.
നമ്മളൊരുക്കും വിഭവങ്ങളൊക്കെയും
വേണ്ടന്നു ചൊല്ലാൻ മടിക്കും
ഒത്തിരി മായം കലർന്നതാണെങ്കിലും
ഒക്കെയും പാവം കഴിക്കും!
ഒക്കില്ല ഒട്ടും നടക്കാൻ നിരത്താകെ
ഓടും ശകടങ്ങളാണേ......
പൊങ്ങിയതാവാം കുടവയറിങ്ങനെ
മുത്തശ്ശിയേവം കഥിച്ചു!
കുട്ടൻ ചിണുങ്ങുന്നു വേണ്ടാ കുടവയർ
മാവേലി മുത്തച്ഛനൊട്ടും
ഒട്ടൊന്നു ചിന്തിച്ചു.... ചൊല്ലിയാ മുത്തശ്ശി
യോഗ മാവേലിക്കുമാകാം!

(തുടർച്ച)



# ആരോഗ്യവും നല്ലശീലങ്ങളും

## ജീവിതശൈലീ രോഗങ്ങളുടെ സങ്കീർണതകൾ

എ. ശിവസുബ്രഹ്മണ്യൻ

### പ്രമേഹം

രക്തത്തിലെ പഞ്ചസാരയെ നിയന്ത്രിച്ചു നിർത്തണമെന്ന് ഡോക്ടർമാർ ഉപദേശിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം അങ്ങനെ ചെയ്തില്ലെങ്കിലുണ്ടാവുന്ന സങ്കീർണ്ണതകൾ മൂലമാണ്. വളരെ ഗൗരവസ്വഭാവമുള്ളതാണ് ഇവയിൽ മിക്കവയും.

| അവയവം | സങ്കീർണ്ണതകൾ |
|---|---|
| ഹൃദയം | ഹൃദയാഘാതം, ഹൃദയത്തിന്റെ പ്രവർത്തനം പെട്ടെന്ന് നിന്നു പോവുക (Sudden Cardiac Death) |
| തലച്ചോറ് | സ്ട്രോക്ക് |
| വൃക്കകൾ | വൃക്കപരാജയം |
| കാലുകൾ | ഉണങ്ങാത്ത വ്രണങ്ങൾ |
| കണ്ണുകൾ | കാഴ്ചത്തകരാർ, അന്ധത |
| ഞരമ്പുകൾ | പെരിഫറൽന്യൂറോപ്പതി (കാലുകൾക്കുണ്ടാവുന്ന തരിപ്പ്, മരവിപ്പ് |

### രക്തസമ്മർദ്ദം

നിശബ്ദ കൊലയാളി എന്നാണ് ബിപി യെ വിളിക്കുന്നത്. ഹാർട്ട് അറ്റാക്ക്,സ്ട്രോക്ക് മുതലായ അസുഖങ്ങൾ വരാൻ ബി പി കാരണമാകുന്നു. ജീവിത ഭക്ഷണ ക്രമീകരണങ്ങളിലൂടെയും വ്യായാമങ്ങളിലൂടെയും അതിനെ നമുക്ക് പ്രതിരോധിക്കാം. വറുത്തതും പൊരിച്ചതുമായ (ജങ്ക് ഫുഡ്സ്) Eg: Packed Chips, Fried Chicken, Pizza, Burgger, Sweets, Chocolates,Cola, Packed Fruit juices, Ice creams, cakes). ഭക്ഷണങ്ങൾ കോളകൾ പോലെയുള്ള പാനീയങ്ങൾ മധുരപദാർത്ഥങ്ങൾ അമിതമായി ഉപയോഗിക്കുകയും കൂടാതെ വേണ്ടത്ര വ്യായാമങ്ങളിലും കളികളിലും ഏർപ്പെടാതിരിക്കുകയും ചെയ്താൽ ശരീരത്തിന് ആവശ്യത്തിലധികം കലോറി ലഭിക്കും. ക്രമേണ ശരീരഭാരം ഉയർന്ന് പൊണ്ണത്തടി ഉണ്ടാവുകയും (കുടവയർ ഉൾപ്പെടെ)ചെറുപ്രായത്തിൽ തന്നെ പ്രമേഹം, പ്രഷർ മുതലായ ജീവിതശൈലീ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു. അതുകൊണ്ട് **Prevention is better than cure".** ഓർക്കുക 700 കലോറി ഒരു ദിവസം കൂടുതൽ ശരീരത്തിന് ലഭിച്ചാൽ 10 ദിവസം കഴിയുമ്പോൾ7000 കലോറി ആയി 1 കിലോ ശരീരഭാരം കൂടുന്നു.അതനുസരിച്ച് ശരീരത്തിലെ അവയവങ്ങൾക്ക് ജോലിഭാരം കൂടുന്നു.

### മദ്യം, മറ്റു ലഹരിവസ്തുക്കളുടെ ഉപയോഗം ഇവ മൂലമുള്ള സാമൂഹ്യ പ്രശ്നങ്ങൾ

ഓരോ മദ്യകുപ്പിയിലും പുകയില ഉൽപ്പന്നങ്ങളിലും ആരോഗ്യത്തിനു ഹാനികരം

എന്ന് സർക്കാർ ഉത്തരവു പ്രകാരം എഴുതിയിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ, ഇത് നമ്മുടെ ശരീരത്തിനുണ്ടാകുന്ന രോഗങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പാണ്. എന്നാൽ ഇത് ഉപയോഗിക്കുന്നവർ അതിന്റെ അപകട സൂചനകൾ കണക്കാക്കാറില്ല. ആരോഗ്യത്തിന് ഹാനികരം എന്ന സൂചനകൾ ആരും ചെവിക്കൊള്ളാറില്ല.ഇത് ലഹരി വസ്തുക്കളുടെ പ്രത്യേകതയാണ്. ശരീരത്തിന് എല്ലാ ദോഷവും ഉണ്ടാക്കി മരണത്തിനുവരെ കാരണമാകുമെങ്കിൽ പോലും നാം അതിന് അടിമയാകുന്നു. ഓരോ തുള്ളി മദ്യവും മറ്റു ലഹരികളും ഉപയോഗിക്കുമ്പോൾ ദിവസേന നൂറുകണക്കിന് രൂപാ ചെലവാകുന്നു. പലതുള്ളി പെരുവെള്ളമായി മാസങ്ങളും വർഷങ്ങളും പിന്നിടുമ്പോൾ ജീവിതത്തിൽ വലിയൊരു തുക ലഹരികൾക്കായി വെറുതെ ചെലവിടുന്നു. കുടുംബത്തെ പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്താൽ ഇന്റർനെറ്റിലൂടെയും മറ്റും സ്വായത്തമാക്കണം. കുടുംബത്തിലെ സ്ത്രികൾക്കും കുട്ടികൾക്കുമായി (ഭാവിതലമുറയുടെ) വിദ്യാഭ്യാസത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഉപയോഗിക്കേണ്ട പണം മുഴുവൻ ലഹരികൾക്ക് അടിമപ്പെട്ട് നശിപ്പിക്കുന്നു. അത്തരക്കാരുടെ ജീവിതനിലവാരം ചുറ്റുമുള്ള ലോകം വളരെവേഗം പുരോഗമിക്കുമ്പോൾ പോലും തലമുറകളായി താഴ്ന്നുകൊണ്ടേയിരിക്കുന്നു.അതുപോലെ കൂടുതൽ വാഹനാപകടങ്ങൾ, അക്രമസംഭവങ്ങൾ മുതലായവ ലഹരികൾക്ക് അടിമപ്പെട്ടവരിൽ നിന്നാണ് ഉണ്ടാകുന്നത്. പൊതുസ്ഥലങ്ങളിൽ നിയമം മൂലം പുകവലി നിരോധിച്ചിരിക്കുന്നത് അവ മറ്റുള്ളവർക്ക് രോഗകാരണവും ശല്യവുമാണെന്നതു കൊണ്ടാണല്ലോ? കൂടാതെ പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും, മദ്യപിച്ച് വാഹനമോടിക്കുന്നതും,മയക്കുമരുന്ന് കടത്തുകയോ കൈവശം വെയ്ക്കുകയോ ചെയ്യുന്നതും ഇൻഡ്യൻ ശിക്ഷാനിയമപ്രകാരം കുറ്റകരമാണ്. ഓർക്കുക, ഗൾഫ് രാജ്യങ്ങളിൽ മയക്കുമരുന്ന് കേസുകളിൽ വധശിക്ഷ വരെ വിധിക്കാറുണ്ട്. പുതുതലമുറ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങൾ പുതിയ വിവര സാങ്കേതിക വിദ്യകളുടെ സഹായത്താൽ ഇന്റർനെറ്റിലൂടെയും മറ്റും സ്വായത്തമാക്കണം. അത്തരം അറിവുകളിലൂടെ മദ്യവും മറ്റു ലഹരിവസ്തുക്കളും നമ്മുടെ ശരീരത്തെ എങ്ങനെ ബാധിക്കുന്നു എന്നു മനസ്സിലാക്കി അവയെ ജീവിതത്തിൽ ഒരിക്കലും പ്രവേശിക്കാൻ അനുവദിക്കരുത്. ഓരോ മദ്യക്കുപ്പിയിലും മറ്റു ലഹരിവസ്തുക്കളുടെ പാക്കറ്റുകളിലും ആരോഗ്യത്തിന് ഹാനികരം എന്ന് സൂചന തിരുത്തി നമ്മുടെ ആരോഗ്യത്തിനും ആരോഗ്യകരമായ കുടുംബജീവിതത്തിനും ഹാനികരം എന്നു വായിക്കുക. മദ്യവും മറ്റു ലഹരികളും ഭാവിയിൽ പൂർണമായി വർജ്ജിക്കുക. ഓർക്കുക ജീവിതത്തിൽ കഠിനാധ്വാനത്തിലൂടെ ഉയർന്നവർ ഇത്തരം ദുശ്ശീലങ്ങൾക്ക് അടിമകളായിരുന്നില്ല. എന്നാൽ വളരെ പ്രശസ്തരായിരിക്കുമ്പോൾ ലഹരികൾക്ക് അടിമപ്പെട്ട് അകാലമൃത്യു അടഞ്ഞ എത്രയോ വ്യക്തികളെ നമുക്കുചുറ്റും കാണാം.ഉദാ:പ്രശസ്ത പോപ് ഗായകനായിരുന്ന മൈക്കിൾ ജാക്സൺ, ഉത്തേജക മരുന്നിനടിമയായിരുന്ന പ്രശസ്ത സ്പോർട്ട് താരം ഫ്ലോ ജോയ്നർ. മലയാളത്തിന്റെ പ്രിയ കവി ചങ്ങമ്പുഴ കൃഷ്ണപിള്ള. (തുടരും)

## നായർ സ്ത്രീ സമാജത്തിലെ സെപ്റ്റംബർ മാസത്തിലെ പരിപാടികൾ

**15.09.2015 Social Evening**

**22.09.2015 Cooking Class**


**28.09.2015 Sports**

**29.09.2015 Sports**

## 14.10.2015 വിവിധ കലാപരിപാടികൾ

(രാഗപരിചയം)

# പുന്നാഗവരാളി



*ഡോ. ജയലക്ഷ്മി നന്ദകുമാർ*

8 ാമത്തെ മേളകർത്താരാഗമായ തോഡിയുടെ ജന്യരാഗമാണ് പുന്നാഗവരാളി. പുരാതനകാലം മുതൽക്കു തന്നെ പാമ്പാട്ടികൾ മഗുടിയിൽ വായിച്ചു വരുന്ന രാഗമാണിത്.

ആരോഹണം : നി സ രി ഗ മ പ ധ നി
അവരോഹണം : നി ധ പ മ ഗ രി സ നി

'നി' എന്ന സ്വരത്തിൽ തുടങ്ങി അവസാനിക്കുന്നതിനാൽ പുന്നാഗവരാളി ഒരു നിഷാദാന്ത്യ രാഗമാണ്. ആരോഹണ അവരോഹണം ഇതാണെങ്കിലും, പൂർണ്ണ മായും ഇതിൽ അധിഷ്ഠിതമായല്ല ഈ രാഗത്തിന്റെ ആലാപനം. പുന്നാഗവരാളി യുടെ മാത്രമായ സവിശേഷരാഗ സഞ്ചാരങ്ങൾ ആണ് അതിന്റെ വ്യക്തിത്വത്തെ പ്രകട മാക്കുന്നത്. 'സഗരിസ- സാരിസനിാാ- ഗഗരിസ- സാരിനി-സാാ' എന്നീ സ്വര പ്രയോഗങ്ങൾ പുന്നാഗവരാളി രാഗത്തെ തിരിച്ചറിയുവാൻ സഹായകരമാണ്.

**<u>സ്വരസ്ഥാനങ്ങൾ:</u>** ഷഡ്ജം,ശുദ്ധരിഷഭം, ചതുഃശ്രുതിരിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, ശുദ്ധ ധൈവതം , കൈശികി നിഷാദം, കാകളി നിഷാദം.

സ്വന്തം മേളകർത്താ രാഗമായ തോഡിയിൽ ഇല്ലാത്ത സ്വരങ്ങളായ ചതുഃശ്രുതി രിഷഭവും കാകളി നിഷാദവും അന്യസ്വരമായി വരുന്നതിനാൽ പുന്നാഗ വരാളി ഒരു ഭാഷാംഗ രാഗമാണ്.

മദ്ധ്യമശ്രുതിയിലാണ് ഈ രാഗം ആലപിക്കേണ്ടത്. സർപ്പങ്ങളുമായി പുന്നാഗ വരാളി രാഗത്തിനുള്ള ബന്ധം സൂചിപ്പിക്കുന്ന ഒന്നാണ്. പാമ്പാട്ടി സിദ്ധർ രചിച്ച 'നാഥർമുടി മേലിരിക്കും നാഗർപാമ്പേ' എന്ന കീർത്തനം. വിളംബിത കാലം, അതായത് പതിഞ്ഞ കാലത്തിലാണ് ഈ രാഗം ആലപിക്കേണ്ടത്. നാടോടി പാട്ടുകൾ, കാവടിചിന്ത്, ശ്ലോകം, വിരുത്തം എന്നിവയ്ക്ക് അനുയോജ്യമായ രാഗമാണിത്. സർവ്വകാലിക രാഗം എന്നു പറയുന്നുണ്ടെങ്കിലും രാത്രി സമയത്ത് ആലപിക്കുമ്പോൾ പുന്നാഗവരാളി അതി ശോഭനീയമാണ്. കരുണഭാവത്തെ പ്രതി ഫലിപ്പിക്കുന്നതിനോടൊപ്പം ഒരു ഭയം ശ്രോതാവിന്റെ മനസ്സിൽ വരുത്തുന്നതിനും കഴിവുള്ള രാഗമാണ്. ക്രോധം ശമിപ്പി ക്കുന്നതിനും അക്രമങ്ങൾ ഇല്ലാതാ ക്കുന്നതിനും ശഹാന രാഗം പോലെ തന്നെ ഉപകരിക്കുന്ന രാഗവുമാണിത്. 'ശ്രീചക്രരാജ സിംഹാസനേശ്വരി' എന്ന കീർത്തനത്തിൽ 'പലവിധമായ് ഉന്നൈ' എന്ന ഭാഗം പുന്നാഗവരാളി രാഗത്തിലാണ്.

**<u>ഈ രാഗത്തിലുള്ള കൃതികൾ</u>**

| | | | |
|---|---|---|---|
| 1. | തവ ദാസോഹം | ആദി | ത്യാഗരാജസ്വാമി |
| 2. | കമലാംബികായാ | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 3. | തെളിവിയലും | മിശ്രചാപ്പ് | സ്വാതി തിരുനാൾ |
| 4. | അനിലതരള(അഷ്ടപദി) | ആദി | ജയദേവർ |
| 5. | കനകശൈല | ആദി | ശ്യാമാശാസ്ത്രികൾ |
| 6. | വൃന്ദാവനത്തിൽ | തിശ്ര ഏക | ടി.ആർ. മഹാലിംഗം |

**<u>ചലച്ചിത്ര ഗാനങ്ങൾ</u>**

| | | |
|---|---|---|
| 1. | മണിക്കുയിലേ മണിക്കുയിലേ | വാൽക്കണ്ണാടി |
| 2. | സുന്ദരനോ സൂരിയനോ | കനകസിംഹാസനം |
| 3. | തെക്കും കൂറടിയാത്തി | അശ്വമേധം |
| 4. | നാഥർമുടി മേലിരിക്കും | തിരുവരുട്ശെൽവർ (തമിഴ്) |
| 5. | ദുഃഖത്തിനുണ്ടൊരു ലഹരി | നാദബ്രഹ്മം |
| 6. | ആദിയുഷസ്സിൽ | മനുഷ്യൻ |
| 7. | എന്തു ചെയ്യേണ്ടു | തുറുപ്പുഗുലാൻ |
| 8. | പാപം മറച്ചിട്ടാൽ പമ്പ | അയ്യപ്പഗാനങ്ങൾ (ഭക്തിഗാനം) |

# *Bribe*

# കൈക്കൂലി, അഴിമതി, കാര്യസാദ്ധ്യത



രാജേന്ദ്രബാബു.കെ.എസ്.

മനുഷ്യൻ നേർവഴിക്കു നടക്കുന്നതിനു വേണ്ടിയാണ് കുറ്റങ്ങൾക്ക് ശിക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. പിഴശിക്ഷ നടപ്പാക്കുന്നിടത്തെല്ലാം തന്നെ അഴിമതിയും നടക്കുന്നതായാണ് കാണുന്നത്.

വിഷു ആഘോഷത്തിനിടയിൽ അതിഥിയായെത്തിയവരുടെ കൂട്ടത്തിലുള്ള ഒരു പയ്യൻ എന്റെ സ്കൂട്ടറിന്റെ താക്കോലും വാങ്ങി. ഞാനൊന്നു കറങ്ങീട്ടുവരാം എന്നു പറഞ്ഞു പുറത്തേക്കുപോയി. കുറെ നേരമായിട്ടും കാണാഞ്ഞ് ടെൻഷനടിച്ചിരിക്കുമ്പോൾ അവൻ വിയർത്ത ശരീരത്തോടെ സ്കൂട്ടറിൽ തിരികെയെത്തി. താമസിക്കുവാനുള്ള കാരണമെന്തണെന്നോ, പോലിസു കൈകാണിച്ചു. ലൈസൻസ് ചോദിച്ചു. അതു കാണിച്ചു. വണ്ടിയുടെ ബുക്ക് ചോദിച്ചു. അതും കാണിച്ചു. ബ്രീത്ത് അനലൈസറിൽ ഊതിച്ചു. എന്നിട്ടും കുഴപ്പമൊന്നുമില്ല. പുകപരിശോധന സർട്ടിഫിക്കറ്റ് ചോദിച്ചു. അതും കാണിച്ചു. പക്ഷേ അത് പുതുക്കിയിട്ടില്ലെന്നും 1000 രൂപ പിഴയടക്കണമെന്നും പറഞ്ഞു. എന്റെ കൈയിൽ 200 രൂപയേ ഉണ്ടായിരുന്നുള്ളു. അതുകൊടുത്ത് രസീതുചോദിച്ചു. തന്നില്ല. രസീതുവേണമെങ്കിൽ 1000 രൂപ വേണമെന്നു പറഞ്ഞു. എന്തായാലും വിഷുക്കൈനീട്ടം നഷ്ടപ്പെട്ട അവന്റെ ജാള്യത മുഖത്തു തന്നെ പ്രകടമായിരുന്നു. എന്നാലും പിഴയടക്കാതെ ഊരിപ്പോന്നതിന്റെ ഒരു സന്തോഷവും ആ മുഖത്ത് പ്രകടമായിരുന്നു.

കൈക്കൂലി കൊടുത്ത് എങ്ങനെയെങ്കിലും കാര്യം നടത്തുക എന്നുള്ള അവസ്ഥ മുതിർന്ന ആളുകളിൽ നിന്നും കുട്ടികൾ കണ്ടും കേട്ടും പഠിക്കുന്നു.

ഒരു വസ്തു വാങ്ങി അതു സ്വന്തം പേരിലേക്ക് റവന്യൂറിക്കാർഡിൽ മാറ്റം വരുത്തി കരം അടയ്ക്കണമെങ്കിൽ പോക്കുവരവു നടത്തണം. ഇതിന് ഒരപേക്ഷയും ആധാരത്തിന്റെ പകർപ്പും വില്ലേജാഫീസിൽ സമർപ്പിച്ചാൽ മതി. തണ്ടപ്പേർ രജിസ്റ്ററിൽ നിന്നും പഴയ വസ്തു ഉടമയുടെ പേരു നീക്കം ചെയ്ത് പുതിയ ആളുടെ പേരിൽ തണ്ടപ്പേർ രജിസ്റ്ററിൽ ഉൾപ്പെടുത്തണം. എന്നാലേ പുതിയ ആളുടെ പേരിൽ കരം സ്വീകരിക്കുകയുള്ളു. ഇങ്ങനെയുള്ള ഒരപേക്ഷയിൽ പുതിയ ആളുടെ പേരിൽ പോക്കുവരവു നടത്തിക്കൊടുക്കുവാനും കരം സ്വീകരിക്കുവാനും വില്ലേജാഫീസർക്കു ചുമതലയുണ്ട്. ഈ വക കാര്യങ്ങൾ പെട്ടെന്നു നടത്തിക്കിട്ടുവാൻ നമ്മൾ തന്നെയാണ് അപേക്ഷയോടൊപ്പം ഒരു കവർ കൂടി വച്ചുകൊടുക്കുന്നത്. ഇതു കൈക്കൂലിയല്ല സർ ഒരു സന്തോഷത്തിന് ഇതിരിക്കട്ടെ ഇതാണ് ബഹുഭൂരിപക്ഷം ജനങ്ങളും അനുവർത്തിച്ചു വരുന്നത്.

കൈക്കൂലിയോ പാരിതോഷികങ്ങളോ വാങ്ങാതെ ജോലിചെയ്യുന്ന അനേകം ഉദ്യോഗസ്ഥർ നമ്മുടെയിടയിലുണ്ട്. നിയമാനുസൃതം ജോലിചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കുകയും നിയമ വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ഒറ്റപ്പെടുത്തുകയും ചെയ്യേണ്ടത് ജനങ്ങളാണ്.

അഴിമതി എല്ലാ മേഖലകളെയും ഗ്രസിച്ചിരിക്കുകയാണ്. ഭരണാധികാരികൾ വരെ അഴിമതിയാരോപണങ്ങളിലും കൈക്കൂലി ഇടപാടുകളിലും പെട്ട് നാണം കെട്ടുനടക്കുന്നതാണ് നാമിന്നു കാണുന്നത്.

കൈക്കൂലിയും അഴിമതിയും ഇല്ലാതാക്കുവാൻ ജനങ്ങൾ തന്നെ മുന്നിട്ടിറങ്ങണം. കള്ളത്തരങ്ങൾ, ചതി, നുണ എന്നിവയൊന്നുമില്ലാതെ വളരെ സത്യസന്ധമായി ഒരു കാലത്ത് ജനങ്ങൾ ഒരുമയോടെയും സന്തോഷത്തോടെയും ഈ നാട്ടിൽ ജീവിച്ചിരുന്നതാണ്.

മാവേലി തമ്പുരാനെപ്പോലൊരാൾ ഭരണാധികാരിയായി ഈ നാട്ടിൽ വരുമെന്നും അഴിമതിക്കും കൈക്കൂലിക്കും കൂച്ചുവിലങ്ങിട്ടു മനുഷ്യനു സമാധാനമായി ജീവിക്കുവാനും വരും തലമുറയ്ക്ക് മാതൃകയാക്കുവാനും ഇടവരുമെന്നും അനേകായിരങ്ങൾ ആഗ്രഹിക്കുന്നുണ്ട്.

ഒരു രക്ഷകന്റെ ഉദയം അതിവിദൂരമല്ല.

പാഠം 27



# വദതു സംസ്കൃതം

**(സംസ്കൃതം പറയൂ)**

ആർ.കിരൺകുമാർ

## ടെലഫോൺ : ദൂരഭാഷം

| | | |
|---|---|---|
| ഹലോ | : | ഹരിഃ ഓം |
| ഇത് മഹേഷിന്റെ വീടല്ലേ? | : | ഏതത് മഹേശസ്യ ഗൃഹം കിം? |
| അങ്ങ് രാജേഷ് ആണോ? | : | ഭവാൻ രാജേഷഃ വാ? |
| ആരാണ് സംസാരിക്കുന്നത്? | : | കഃ സംഭാഷണം കരോതി? |
| ഞാൻ സുധീഷ് ആണ് സംസാരിക്കുന്നത് | : | അഹം സുധീഷഃ വദാമി |
| മഹേശ് വീട്ടിൽ ഉണ്ടോ? | : | മഹേശഃ ഗൃഹേ അസ്തി കിം? |
| ഞാൻ മഹേശിന്റെ അമ്മയാണ് | : | അഹം മഹേശസ്യ മാതാ അസ്മി |
| ഇല്ല, അയാൾ പുറത്ത് പോയി | : | നാസ്തി. സഃ ബഹിഃ ഗതവാൻ |
| സുധീഷിന്റെ മൊബൈൽ നംമ്പർ തരാമോ? | : | സുധീശസ്യ മൊബൈൽ സംഖ്യാം ദദാതി വാ? |
| അങ്ങയുടെ ഫോൺ നമ്പർ എത്രയാ? | : | ഭവതഃ ദൂരഭാഷാ സംഖ്യാ കാ? |
| കുറച്ച് ഉറക്കെ പറയാമോ | : | കിഞ്ചിത് ഉച്ചൈഃ വദതു. |
| കേൾക്കുന്നില്ല | : | നശ്രുയതേ |
| ഞങ്ങളുടെ ഫോൺ ഡെഡ് ആണ് | : | അസ്മാകം ദൂരഭാഷാ നിഷ്ക്രിയാ അസ്തി |
| ആരോടാ സംസാരിക്കേണ്ടത് | : | കേന സഹ വക്തും ഇഛതി? |
| ദയവായി പറയാമോ | : | കൃപയാ വദതി വാ? |
| ഇന്നലെ പലതവണ വിളിച്ചു | : | ഹ്യഃ ബഹുവാരം ആഹൂതവാൻ |
| എടുത്തില്ല | : | ന സ്വീകൃതവാൻ /വതീ |
| ഞങ്ങൾ പുറത്ത് പോയിരുന്നു. | : | വയം ബഹിഃ ഗതവന്തഃ |
| അവളുടെ നമ്പർ ഇല്ല | : | തസ്യാഃ സംഖ്യാ നാസ്തി. |
| ദയവായി എന്റെ നമ്പർ കൊടുക്കാമോ | : | കൃപയാ മമ സംഖ്യാം ദദാതി വാ? |
| ദയവായി രമയെ വിളിക്കാമോ | : | കൃപയാ രമാം ആഹ്വയതി വാ? |
| ഫോൺ എൻഗേജ്ഡ് ആണ് | : | ദൂരഭാഷാ വ്യസ്താ അസ്തി |
| വച്ചോട്ടെ | : | സ്ഥാപയാമി കിം? |
| റോങ്ങ് നംമ്പർ | : | അസമ്യക് സംഖ്യാ |
| മെസേജ് വന്നോ | : | സന്ദേശഃ ആഗതഃ വാ? |
| എന്നാൽ ശരി | : | തർഹി അസ്തു |
| നന്ദി | : | ധന്യവാദഃ |

(ക്ഷേത്രങ്ങളിലൂടെ)

# സഹ്യന്റെ താഴ്‌വരയിലെ തേജസ്സ്



പത്മജ മേനോൻ

ചരിത്രം ഉറങ്ങുന്ന വേങ്ങുനാട്. പാലക്കാട് ജില്ലയിലെ ചരിത്ര സ്മരണകളുടെ അവശിഷ്ട ങ്ങൾ അവശേഷിക്കുന്ന തെൻമലയുടെ അടിവാര ത്തിലെ വേങ്ങുനാട് എന്ന കൊല്ലങ്കോട് ഗ്രാമം. രാജ പ്രൗഢിയുടെ തനിമ നിറഞ്ഞുനിന്നിരുന്ന ആ സുവർണ്ണ കാലഘട്ടത്തിലെ മധുര സ്മൃതികൾ ഓർത്ത് നാട്ടുകാർ ഇപ്പോഴും പുളകമണിയുകയാണ്.

രാജകുടുംബത്തിലെ ക്ഷേത്രമായിരുന്ന തിരുകാച്ചാകുറിശ്ശി പെരുമാൾ ക്ഷേത്രം. ഇപ്പോൾ അത് മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാണ്. (ഹിന്ദുവിന് ഇന്ന് ക്ഷേത്രം ഇല്ലല്ലോ) ക്ഷേത്രാങ്കണത്തിൽ എത്തുന്നതിനു തൊട്ടുമുമ്പ് പടർന്നു പന്തലിച്ചു നില്ക്കുന്ന കൂറ്റൻ ആൽമരം. പ്രൗഢശ്രേഷ്ഠമായ ആൽമരം ഇലകൾ ആട്ടികൊ ണ്ട് നമ്മെ സ്വാഗതം ചെയ്യുന്നു. ആ ആനന്ദ ക്കാഴ്ച നയനങ്ങൾക്ക് പുത്തൻ അനുഭവമാ യിരുന്നു. അടുത്തു തന്നെ ക്ഷേത്രക്കുളം, നിറഞ്ഞു കവിഞ്ഞു കിടക്കുന്ന നീല ജലാശയം. അതിന് അടുത്ത് കാലത്തിന്റെ സ്മൃതിമണ്ഡപത്തിൽ അവശേഷിച്ചിരുന്ന രാജകുടുംബത്തിന്റെ അതിഥി മന്ദിരം. അവിടെ നില്ക്കുമ്പോൾ ഒരുപാട് ചരിത്രസത്യങ്ങൾ അവക്ക് വിളിച്ചു പറയു വാനുണ്ടെന്ന് തോന്നി. ആനയും, ആമ്പാരിയും എല്ലാം ഉണ്ടായിരുന്ന രാജകുടുംബത്തിന്റെ നഷ്ട പ്രതാപത്തിന്റെ തേങ്ങൽ ശ്രവണേന്ദ്രിയങ്ങളിൽ അലയടിക്കുന്നുണ്ടായിരുന്നു.

ക്ഷേത്രാങ്കണത്തിലേക്ക് കാൽ എടുത്തു വെച്ചപ്പോൾ അദമ്യമായ ഒരു ഊർജ്ജ പ്രവാഹം സിരകളിലേക്ക് പ്രവഹിച്ചു. നാലമ്പലത്തിനുള്ളിൽ ശിവനും, ഗണേശനും, കാർത്തികേയനും, അയ്യപ്പനും ഉപദേവതകളായിട്ടുണ്ട്. ചൈതന്യം നടനമാടിയ ശ്രീകോവിലിനുള്ളിൽ തേജോമയനായ പെരുമാൾ (വിഷ്ണു) ആ ദിവ്യപ്രഭയ്ക്കു മുമ്പിൽ കൈകൾ കൂപ്പി നിന്നപ്പോൾ അതിന്ദ്രിയമായ ഈശ്വരഭാവം മനസ്സിൽ ആത്മീയ ഉണർവേകി. അന്തരംഗത്തിലെ ചിന്തകൾ പോലും അറിയാവുന്ന ഭഗവാനോട് ഒന്നും പറയേണ്ട കാര്യമില്ലല്ലോ. ശ്രീകോവിലി നുള്ളിൽ ശ്രീദേവി, ഭൂദേവി സമേതനായി അനന്ത ആസനത്തിൽ ഇരിക്കുന്ന വൈകുണ്ഠപ്രഭു. ഈ ശ്രീദേവിയും, ഭൂദേവിയും ഇരുവശത്തുമാണ് നിൽക്കുന്നത്. പുറമേ നിന്ന് നോക്കിയാൽ കാണാൻ കഴിയാത്ത വിധം ദേവിമാർ നില്ക്കുന്നതിനു പിന്നിൽ ഒരു കഥയുണ്ട്. ഭക്തന് എന്തു വരവും നൽകുവാൻ തയ്യാറായി നില്ക്കുന്ന ഭഗവാനാണ് ഇവിടെ നിലകൊള്ളുന്നത്, പണ്ട് കുചേലന് നൽകിയതുപോലെ തന്നെ മറന്ന് വരം കുചേലന് നൽകുവാൻ തുടങ്ങിയപ്പോൾ രുഗ്മണി കൈ പിടിച്ചു വിലക്കി. അതുപോലെ ഭഗവാന്റെ അമിതാവേശത്തെ അൽപമൊന്നു തടസ്സ പ്പെടുത്താൻ ദേവിമാർ അല്പം മറഞ്ഞ് ദേവന് അഭിമുഖമായി ഭഗവാന്റെ മുഖത്ത് നോക്കി നിൽക്കുകയാണ്. ദേവന്റെ ഇരുവശങ്ങളിലും കണ്ണാടിവെച്ചിട്ടുണ്ട് ആ കണ്ണാടിയിലൂടെ ഭക്തർക്ക് ദേവിമാരുടെ പ്രതിബിംബം കാണാം. ഗുരുവായൂർ അമ്പലത്തിനോട് സാമ്യമുള്ള ക്ഷേത്രത്തിന്റെ ഭിത്തികൾ ചാരുതയാർന്ന ചുവർ ചിത്രങ്ങൾ കൊണ്ട് സമ്പന്നമാണ്. അഞ്ചുനേരം പൂജയും, വാദ്യാഘോഷങ്ങളോടു കൂടി ശിവേലിയും അതിന്റെ തനിമയോടെ നടത്തപ്പെടുന്നു. ശ്രീകോവിലിനുള്ളിൽ നെയ്യ് വിളക്ക് മാത്രമാണ് ഉപയോഗിക്കുന്നത്. പാൽ പായസമാണ് പ്രധാന നിവേദ്യം. "പാൽ പന്തീരായിരി" എന്ന നിവേദ്യം വളരെ പ്രസിദ്ധമാണ്.

വൈശാഖ മാസത്തിലെ അത്തം നാളിന് തലേദിവസം ദീപാരാധനക്ക് ശേഷം കൊടി യേറ്റം പത്തുനാൾ നീണ്ടുനിൽക്കുന്ന ഉത്സവം ആറാട്ടോടു കൂടി സമാപിക്കുന്നു. ഉത്സവത്തിൽ ക്ഷേത്രകലകളുടെ ഒരു മാമാങ്കം തന്നെയാണ് ഇവിടെ അരങ്ങേറുന്നത്. ചരിത്രത്തിന്റെയും, ഐത്യഹ്യത്തിന്റെയും, പ്രൗഢിയുടെയും തനിമ നിറഞ്ഞുനിൽക്കുന്ന സാംസ്കാരിക പൈതൃകത്തെ നമുക്ക് മാറ്റുരക്കുവാനാവില്ല. അത്രക്കും; ആനന്ദദായകമാണെത്. നവതലമുറക്കായി പ്രത്യേകം ചിട്ടപ്പെടുത്തിയ നൃത്താവിഷ്ക്കാരങ്ങൾ, കണ്ണിനും, കരളിനും വിരുന്നൊരുക്കികൊണ്ട് ഗജകേസരികളുടെ എഴുന്നെള്ളത്ത്. വാദ്യഘോഷ ങ്ങളുടെ സമന്വയത്തിൽ ആസ്വാദകർക്കൊപ്പം ഭൂമിയും, ആകാശവും അതിന്റെ ലഹരിയിൽ ത്രിസിക്കുകയാണ്. ഒടുവിൽ ആകാശ പുത്തരികൾ വിരിയിച്ചുകൊണ്ട് വെടിക്കെട്ടൊടുകൂടി ഉത്സവം സമാപിക്കുന്നു.

കേരളത്തിൽ എവിടെ യജ്ഞങ്ങൾ നടന്നാലും സോമലതയും, കൃഷ്ണജിനവും (മാൻതോൽ) നൽകുവാനുള്ള അധികാരം കൊല്ലങ്കോട് രാജാവിനായിരുന്നു. ഇപ്പോൾ അത് കൊട്ടാരത്തിൽ അമ്പലമായിരുന്ന തിരുകാച്ചാ കുറിശ്ശി പെരുമാൾ ക്ഷേത്രത്തിൽ നിന്നും നൽകിവരുന്നു. ഭൂമിയിൽ ചന്ദ്രന്റെ പ്രതീകമാണ് സോമലത. പ്രതിദിനം ഓരോ ഇലകൾ വീതം വിരിയുകയും, പൗർണ്ണമിനാളിൽ 15 ഇലകളാകു കയും ചെയ്യുന്ന ഒരു തരം വള്ളിയാണ് സോമലത. പിന്നീട് ഓരോ ഇലകളായി പൊഴിഞ്ഞ് അമാവാസിയാകുമ്പോഴെക്കും ഇലയില്ലാതെ വെറും വള്ളിയായി മാറുകയും ചെയ്യുന്നു.

ക്ഷേത്ര സങ്കൽപങ്ങൾക്ക് നിറചാർത്ത് നൽകുന്ന ആൽമരവും, ക്ഷേത്രക്കുളവും എല്ലാം ക്ഷേത്രത്തിന്റെ പ്രൗഢി വർദ്ധിപ്പിക്കുന്നു. വിസ്തൃതമായ ചുറ്റമ്പലത്തിൽ നാഗങ്ങളും കൊക്കർണിയും ഉണ്ട്. ചുറ്റമ്പലത്തിലെ ഓരോ മണൽത്തരികളും വളരെ ഉത്സാഹത്തിലായിരുന്നു. ഒരുപാട് മഹാൻമാരുടെ പാദസ്പർശം ഏറ്റ അവർ നിർവൃതിയിൽ അലിഞ്ഞ് ചേർന്നിരിക്കുന്നു. പെരുമാളിന്റെ ശക്തി പ്രഭാവത്താൽ ആ നാടു മുഴുവനും ചൈതന്യം കൊണ്ടു നടനമാടുകയാണ് വെറുതെ കുറച്ചുനേരം ചുറ്റമ്പലത്തിൽ ഇരുന്ന പ്പോൾ തെൻമല ഞങ്ങളെ നോക്കി ഊറിചിരി ക്കുന്നുണ്ടായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ പലതും നഷ്ടപ്പെട്ടെങ്കിലും എല്ലാറ്റിനും മൂക സാക്ഷിയായി നിൽക്കുന്ന സഹ്യനെ എത്ര കണ്ടാലും മതിയാവുന്നില്ല. തെൻമലയിൽ പ്രകൃതി പച്ച പട്ടുടുത്ത് നിൽക്കുന്ന കാഴ്ചയും, മഴവില്ല് മലയെയും ഭൂമിയെയും തഴുകുന്ന വർണ്ണ സങ്കലനത്തിന്റെ സമ്മോഹനവും വിസ്മയ ഭരിതമായിരുന്നു. വെറുതെ കുറച്ചുനേരം നടന്നു ഹരിതാഭമായ പ്രശാന്ത സുന്ദരമായ ഗ്രാമത്തിൽ പ്രകൃതിയുടെ അതുല്യ സൗന്ദര്യം നിറഞ്ഞ് ഒഴുകുമ്പോൾ തെൻമലയിൽ നിന്നുവരുന്ന ശീതളമായ കുളിർ തെന്നെലേറ്റ് നെൽവയ ലോലകൾ തലയാട്ടി നൃത്തം ചവിട്ടുകയാണ്. തികച്ചും നാട്ടുമ്പുറത്തുകാരിയായ താമര പൂവുകൾ നിറഞ്ഞ താമരകുളം. വശ്യതയാർന്ന ആ കുളത്തിൽ ലാസ്യഭാവത്തോടെ നിൽക്കുന്ന താമരയും, ആമ്പലും. കാറ്റിന്റെ ശക്തിക്ക് അനുസരിച്ച് താളം പിടിച്ചു മൂളുന്ന പനങ്കാടുകൾ. ഈ അലൗകിക സൗന്ദര്യത്തിന്റെ മിഴിവ് അന്തഃരാളത്തിൽ അനുഭൂതി ഉളവാക്കി. യാത്ര തിരിക്കുവാൻ സമയമായിരിക്കുന്നു. എന്തു കൊണ്ടോ തിരിച്ചു പോകുവാൻ മനസ്സിന് വിമുഖതതോന്നി. പക്ഷേ തിരിച്ചു പോകണമല്ലോ ഈ ആരാധ്യദേവനെ കാണുവാനും, പ്രകൃതി രമണീയമായ കാഴ്ചകൾ കാണുവാനുമായി വീണ്ടും വരുമെന്ന ഉറച്ച വിശ്വാസത്തോടെ പെരുമാളിനെ സാഷ്ടാംഗ പ്രണാമം ചെയ്ത് പടികൾ ഇറങ്ങി നടന്നു.

**തിരുകാച്ചാൻകുറിച്ചി**
**ക്ഷേത്രത്തിലേക്കുള്ള വഴി**

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് എന്ന പ്രദേശത്തു പയ്യലൂർ എന്ന സ്ഥലത്താണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കൊല്ലങ്കോട്ടു നിന്ന് പയ്യലൂർ, പനങ്ങാട്ടിരി ബസ്സുകളിൽ കയറിയാൽ ക്ഷേത്രത്തിന് മുമ്പിൽ ഇറങ്ങാം.


## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗാംഗങ്ങളിൽ 55 വയസ്സ് കഴിഞ്ഞവരുടെ കൂട്ടായ്മയാണ് എൽഡർ സിറ്റിസൺ ഫോറം. എല്ലാ വ്യാഴാഴ്ചകളിലും 4 മണി മുതൽ 6 മണി വരെ കരയോഗത്തിൽ ഒത്തു ചേർന്ന് തങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെയും ഔദ്യോഗിക നിർവ്വഹണത്തിലൂടെയും ആർജിച്ച അറിവുകളും, കഴിവുകളും, സമകാലീന മാറ്റങ്ങൾക്കനുസൃതമായി സാമൂഹിക, സാമ്പത്തിക, ആദ്ധ്യാത്മിക, കലാസാംസ്കാരിക വിഷയങ്ങളെക്കുറിച്ച് സജീവചർച്ചകളും സംവാദങ്ങളും നടത്തി വരുന്നു. ഇതിൽ അംഗമാകുന്നതിന് പ്രത്യേക ഫീസ്സോ നടപടിക്രമങ്ങളോ ഇല്ല. ആയതു കൊണ്ട് 55 വയസ്സു കഴിഞ്ഞ എല്ലാ കരയോഗാംഗങ്ങളും ഇ.സി.എഫിൽ അംഗങ്ങളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**
**എസ്. ശ്രീകുമാർ (കൺവീനർ)**
**ഫോൺ: 9446517644**

# നവരാത്രി ആഘോഷങ്ങൾ 2015

ഈ വർഷത്തെ നവരാത്രി ആഘോഷങ്ങൾക്ക് ഒക്ടോബർ മാസം 14 ാം തീയതി വൈകിട്ട് 6.15 ന് തിരി തെളിയുകയാണ്. **ഒക്ടോബർ 14 ാം തീയതി മുതൽ 23 ാം തീയതി** വരെ വിവിധ കലാപരിപാടികളോടുകൂടി നവരാത്രി ആഘോഷിക്കുന്നു. സംഗീതവും നൃത്താദികലകളും സമന്വയിക്കുന്ന ഈ നിറഞ്ഞ സന്ധ്യയിലേക്ക് ഏവരുടെയും സാന്നിദ്ധ്യവും, സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

ഭാരതത്തിലുടനീളം ഓരോ ദേശത്തും, വ്യത്യസ്ത പേരുകളിലാണ് ഈ ദിവസങ്ങളിലെ ആഘോഷം കൊണ്ടാടുന്നത്. ബംഗാളിൽ ദുർഗ്ഗാ പൂജയായും, നമ്മുടെ നാട്ടിൽ അക്ഷരപൂജയായും, ആയുധപൂജയായും, കർണ്ണാടകയിൽ ദസ്റയായും ഒക്കെ ഈ ഉത്സവത്തെ ആഘോഷിച്ചു വരുന്നു. ഈ ഉത്സവനാളുകളിൽ ഗുജറാത്തിൽ നടക്കുന്ന ഡാൻഡിയ നൃത്തം ലോകപ്രസിദ്ധമാണ്. തിൻമയുടെ മേൽ നൻമ വിജയം വരിക്കുന്ന ഈ ആഘോഷം ദേശ ഭാഷ വ്യത്യാസമില്ലാതെ ഭാരതത്തിലുടനീളം ആഘോഷിച്ചു വരുന്നു. നമ്മുടെ കൊച്ചു കേരളത്തിലും നവരാത്രിയാഘോഷ ഉത്സവത്തിന്റെ അലയടികൾ ഉയർന്നു കഴിഞ്ഞു. എറണാകുളം കരയോഗത്തിന്റെ നവരാത്രിയാഘോഷ പരിപാടിയിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

സസ്നേഹം

**പി.രാമചന്ദ്രൻ (വേണു)**
(ജനറൽ സെക്രട്ടറി)

## ഒന്നാം ദിവസം

### 14 .10. 2015 ബുധൻ

**6.00 ന് : പൂജവെയ്പ്പ്**

## വിവിധ
## കലാപരിപാടികൾ

**അവതരണം : നായർ സ്ത്രീ സമാജം**

# രണ്ടാം ദിവസം

## 15-10-2015 വ്യാഴാഴ്ച

**വൈകുന്നേരം 6.30 മുതൽ 7.30 വരെ**

**കരയോഗ വയലിൻ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന**

# വയലിൻ സംഗീതം

**സംവിധാനം: സദാനന്ദൻ മാസ്റ്റർ**

**വെകുന്നേരം 7.30 ന്**

# നൃത്തസന്ധ്യ

**അവതരണം: കരയോഗത്തിലെ നൃത്തവിഭാഗം കുട്ടികൾ**

**സംവിധാനം : ആർ. എൽ.വി. ഷിൽന ജിപ്സൺ**

With Best Compliements From :

C. M. A. TRADERS

VEGETABLE MERCHANT &COMMISSION AGENT
MARKET, ERNAKULAM, KOCHI-682035
PH : 2353946, 2365056

# മൂന്നാം ദിവസം

16.10.2015 വെള്ളിയാഴ്ച

വൈകുന്നേരം 6.30 ന്

# കുച്ചിപ്പുഡി



അവതരണം : ശ്രീലക്ഷ്മിഗോവർദ്ധൻ

വോക്കൽ : ബിജീഷ് കൃഷ്ണ

നട്ടുവാങ്കം : വിജേഷ് വള്ളത്ത്

ഫ്ളൂട്ട് : മുരളീ നാരായണൻ

മൃദംഗം : ചാരുദത്ത്

Spon. By :

**'BEAM'**
Navesh pal centre, East of Lissie Hospital
Ernakulam North - 682018
Ph : 9446455584
E-mail : beame83@yahoo.com

With Best Compliments From :

# N.S. SURESH

BRIDAL STAGE DECORATION CONTRACTORS

**( PH: 2700849, Mob : 9447171849)**

**Stage Decorations, Car decorations, Reception, Bouquet making etc.**
**Also Undertaking Sweets Preparation**

# നാലാം ദിവസം

## 17-10-2015 ശനിയാഴ്ച

**വൈകുന്നേരം : 6.30 ന്**

# നൃത്തസന്ധ്യ

### (ഭരതനാട്യം,മോഹിനിയാട്ടം,കുച്ചിപ്പുടി)

**അവതരണം : ലളിതകലാസദനം**

**സംവിധാനം : കലാമണ്ഡലം മോഹനതുളസി**

കലാമണ്ഡലം മോഹനതുളസി 50 വർഷമായി ലളിതകലാസദനം എന്ന നൃത്ത വിദ്യാലയം പ്രശസ്തമായ രീതിയിൽ നടത്തി വരുന്നു.

പത്തു വയസ്സിൽ കലാമണ്ഡലത്തിൽ ചിന്നമ്മു അമ്മ ടീച്ചറുടേയും അഭിനയ ശിരോമണി ശ്രീ.എം. ആർ. രാജരത്നംപിള്ളയുടേയും ശിക്ഷണത്തിൽ മോഹിനിയാട്ടം, ഭരതനാട്യം എന്നിവ അഭ്യസിച്ചു. എട്ട് വർഷത്തോളം രാജരത്നം മാസ്റ്ററുടെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതിനുശേഷം മദ്രാസിൽ ശ്രീ.വെമ്പട്ടി ചിന്നസത്യം മാസ്റ്ററുടേയും വിശാഖ പട്ടണത്തിൽ ബാലകൊണ്ടാല റാവുവിന്റേയും കീഴിൽ കുച്ചുപ്പുഡിയും അഭ്യസിച്ചു.

കലൂർ അശോകറോഡ്, ഫോർട്ടുകൊച്ചി സീഹെഡിന്റെ കീഴിലുള്ള കലാഗ്രാമം, പൊന്നുരുന്നി എന്നീ കേന്ദ്രങ്ങളിലാണ് അദ്ധ്യാപനം നടത്തുന്നത്. ഈ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതും പ്രധാന അദ്ധ്യാപികയും മോഹനതുളസി തന്നെ.

കേരളത്തിനകത്തും പുറത്തും അതിപ്രശസ്തമായ ഒരു നിര ശിഷ്യസമ്പത്തിന് ഉടമയാണ് ശ്രീമതി മോഹനതുളസി.



**ലളിതകലാ സദനം**
**ആതിര, അശോകാ റോഡ്, കലൂർ,**
**പിൻ : 682017**
**ഫോൺ : 9946379467**

**E-mail : lalithakalasadanam@gmail.com**

# അഞ്ചാം ദിവസം

## 18.10.2015 ഞായറാഴ്ച

**വൈകുന്നേരം 6.30 മുതൽ**

# നൃത്ത പരിപാടി



| | | |
|---|---|---|
| **അവതരണം** | : | **നൃത്തകൈരളി** |
| **സംവിധാനം** | : | **കലാമണ്ഡലം മണി** |
| **നട്ടുവാങ്കം** | : | **ശ്രീമതി കലാമണ്ഡലം മണി** |
| **പാട്ട്** | : | **ശ്രീമാൻരാധാകൃഷ്ണൻ കുമാരനെല്ലൂർ** |
| **മൃദംഗം** | : | **കലാമണ്ഡലം ഹരികൃഷ്ണൻ** |
| **ഇടയ്ക്ക** | : | **തൃപ്പൂണിത്തുറ കൃഷ്ണദാസ്** |
| **വയലിൻ** | : | **സുനിൽ ഭാസ്കർ** |
| **ഫ്ളൂട്ട്** | : | **അജിത് വർമ്മ** |
| **ഹാർമോണിയം** | : | **പ്രമുഖൻ** |
| **മേയ്ക്കപ്പ്** | : | **മുകുന്ദൻ ഇടക്കൊച്ചി** |

**പ്രശസ്ത നൃത്താദ്ധ്യാപികയായ കലാമണ്ഡലം മണി ടീച്ചറുടെ നേതൃത്വത്തിൽ കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെക്കാലമായി നൃത്തങ്ങൾ അഭ്യസിപ്പിച്ചു വരുന്നു. ടീച്ചറുടെ നൃത്ത വൈഭവത്തിൽ ഒട്ടനവധി സർഗ പ്രതിഭകളായ ശിഷ്യഗണങ്ങൾ ഇതൾ വിരിഞ്ഞിട്ടുണ്ട്.വിജയ ദശമിനാളിൽ പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നീ നൃത്തങ്ങളും ദീപ്തി ടീച്ചറുടെ ശാസ്ത്രീയ സംഗീതവും, ഡ്രോയിങ്ങ് പെയിന്റിംങ്ങ് എന്നിവക്ക് പി.എസ്. ജയടീച്ചറും നേതൃത്വം നൽകുന്നു. വിദ്യാരംഭ ദിവസം രാവിലെ 9 മണിക്ക് ക്ലാസ്സുകൾ ആരംഭിക്കുന്നു.**

## NRITHA KAIRALI

School of Performing Arts

Thillana, 38/354 A, Karithala Road, Cochin : 682016, Phone : 2314391

E-mail : nrithakairali.mani@yahoo.com

# ആറാം ദിവസം

**19.10.2015 തിങ്കളാഴ്ച**

**വൈകുന്നേരം 6.30 ന്**

# നൃത്തസന്ധ്യ

**അവതരണം : ഭരതകലാമന്ദിരം, എളമക്കര**

**സംവിധാനം : സൗമ്യസതീഷ്**

**ഫോൺ : 9447001352, 9947481443**




## ഭരതകലാ മന്ദിരം

**അഷ്ടപദി, അടയാത്ത് ലൈയിൻ**

**എളമക്കര, കൊച്ചി – 682026, ഫോൺ : 0484 – 3040532**

**E-mail : soumyasatheesh9@gmail.com**

## ഏഴാം ദിവസം

**20.10.2015 ചൊവ്വാഴ്ച**

**വൈകുന്നേരം 6.30 ന്**

# കഥകളി

**കഥ : ദക്ഷയാഗം**

**എറണാകുളം കരയോഗത്തിന്റെ**

**കലാസാംസ്ക്കാരിക വിഭാഗമായ കഥകളി ക്ലബിന്റ് ഒക്ടോബർ മാസത്തെ പരിപാടി**

**With Best Compliments From :**

# T. RADHAKRISHNAN

**RADHAKRISHNA CATERERS**

**Nandanam, Eroor, Tripunithura**

***Phone : 9388605714, 9388812584, 9744651709***

**With Best Compliments From :**

# BEAUTY ART

BRIDAL STAGE DECORATORS

**STAGE DECORATION INAGURATIONS &CONFERENCE**
**ART WORK IN THERMOCOL, CAR DECORATION &RECEPTION BOUQUET MAKING**

**Shop : 0484 2537771**
**Res : 0484 2537221**
**Mob :9846066716, 9846837512**

**EDAPPALLY, ELAMAKKARA**
**NEAR SNDP BUILDING**
**KERTHI NAGAR**

## എട്ടാം ദിവസം

## 21 – 10 – 2015 ബുധനാഴ്ച

**വൈകുന്നേരം 6.30.ന്**

# ഭരതനാട്യക്കച്ചേരി

**ആർ. എൽ.വി.സുനില സതീഷും**

**ആർ.എൽ.വി.അനൂപ് മോഹനും ചേർന്നവതരിപ്പിക്കുന്നു**

| | | |
|---|---|---|
| നാട്ടുവാങ്കം | : | പ്രൊഫ: കലാക്ഷേത്രം വിലാസിനി |
| സംഗീതം | : | ഷാനി ഹരികൃഷ്ണൻ |
| മൃദംഗം | : | ഹരികൃഷ്ണൻ |
| വയലിൻ | : | സംജിത്ത് |
| വീണ | : | ധർമ്മ തീർത്ഥൻ |
| മേയ്ക്കപ്പ് | : | വർഗ്ഗീസ് തൃശ്ശൂർ |



## ചിലമ്പൊലി – C 46

**ഗിരിനഗർ നോർത്ത്, കൊച്ചിൻ – 682020, ഫോൺ : 0484 2203083, 2204908**

# ഒമ്പതാം ദിവസം

## 22.10.2015 വ്യാഴാഴ്ച

## വൈകുന്നേരം 6.30 ന് : കഥക്

### അവതരണം : ദീപ കർത്താ



| | | |
|---|---|---|
| Choreography &Padhant | - | **Guru Parwati Dutta** (Mahagami Gurukul Aurangabad) |
| Vocal | - | **Sri. Manoj Desai** (Aurangabad) |
| Pakhawaj | - | **Sri. Vinay Sankpal** ,, |
| Tabla | - | **Sri. Jagadish Vyawhare** ,, |
| Sitar | - | **Sri. Paulson** (Thrissur) |

Deepa Kartha is a disciple of Guru Parwati Dutta who runs a prestigious dance academy named MAHAGAMI GURUKUL at Aurangabad. Deepa, who is a well-known Bharathanatyam dancer, has put forward a step in to the world of Kathak under the guidance of her Guru, Parwati Dutta, who is a disciple of the legendary Kathak dancer, Pandit Birju Maharaj. Deepa is fortunate to be the first Keralite to perform a Kathak recital in Kerala.

**303, National Regent Court**
Thammanam, Cochin, Phone : 9446464003

# പത്താം ദിവസം

## 23.10.2015 വെള്ളിയാഴ്ച

രാവിലെ 8 ന് : **വിദ്യാരംഭം പൂജയെടുപ്പ്**

വൈകുന്നേരം 5 മണിക്ക് : **സമ്മാനദാനം**

**നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കരയോഗാംഗ ങ്ങളുടെ മക്കൾക്കും ഉന്നത സ്ഥാനമാനങ്ങൾ കരസ്ഥമാക്കിയ വർക്കുമുള്ള അനുമോദനവും ഉപഹാര സമർപ്പണവും.**

വൈകുന്നേരം 7 മണിക്ക് : **നൃത്തനൃത്യങ്ങൾ**

അവതരണം : എസ്. ബി. സ്ക്കൂൾ ഓഫ് ഡാൻസ്, സംവിധാനം : കലാമണ്ഡലം എസ്. ബീന

കേരള കലാമണ്ഡലത്തിൽ നിന്നും നൃത്തത്തിൽ ഡിപ്ലോമ പാസ്സായി. ഭാരതിദാസൻ യൂണിവേഴ്സിറ്റിയുടെ ബി.എഫ്.എ ഡിഗ്രി പാസ്സായി. 1986 മുതൽ ഗിരിനഗർ ഭവൻസ് സ്ക്കൂളിലെ നൃത്ത അദ്ധ്യാപികയാണ്. മത്സര ഇനങ്ങളായ ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുഡി, സംഘനൃത്തം എന്നിവയ്ക്ക് പരിശീലനം നൽകി വരുന്നു. സ്വന്തമായി എസ്. ബി. സ്ക്കൂൾ ഓഫ് ഡാൻസ് എന്ന പേരിൽ നൃത്തവിദ്യാലയം നടത്തുന്നു



**FLAT NO : 301,**Metro Paridise, South Chittoor
Pin : 682027, Ph : 9446077912

(വ്യക്തി വിശേഷം)

# എൻ. എസ് പണ്ടാല

മലയാള ഭാഷയ്ക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത വ്യക്തിത്വമാണ് ശങ്കരൻ പണ്ടാലയുടേത്. ശങ്കരൻ പണ്ടാല മലയാളം അച്ചെഴുത്തിന്റെയും ചുരുക്കെഴുത്തിന്റെയും ഉപജ്ഞാതാവായിരുന്നു. മലയാളത്തെ അപേക്ഷിച്ച് തെലുങ്ക്, കർണ്ണാടകം എന്നീ ഭാഷകൾ അച്ചെഴുത്തിലും, ചുരുക്കെഴുത്തിലും വളരെ പുരോഗതി പ്രാപിച്ചിരുന്നു. അപ്പോളാണ് എൻ. എസ് പണ്ടാലയുടെ രംഗപ്രവേശം. ആദ്യ പരീക്ഷണത്തിന് വിത്ത് പാകികൊണ്ട് മൂന്ന് പതിറ്റാണ്ടിലേറെക്കാലം സാഹസിക യത്നത്തിലൂടെ അച്ചെഴുത്തിനും, ചുരുക്കെഴുത്തിനും പുതിയ മാനം നൽകി വിജയസോപാനം കീഴടക്കിയ ജേതാവ് . അറുനൂറോളം അച്ചുകൾകൊണ്ട് അച്ചടി നിർവ്വഹിച്ചിരുന്ന മലയാളത്തിന് 44 കീകൾ (88 അച്ചുകൾ) മാത്രം ഉപയോഗിച്ച് ഒരച്ചെഴുത്ത് യന്ത്രത്തിന് രൂപം കൊടുക്കുക എന്നത് ഭഗീരഥപ്രയത്നം തന്നെയായിരുന്നു. ഇത് മലയാളത്തെ സംബന്ധിച്ചിടത്തോളം ഒരു മഹാസംഭവവും പുതിയ സംരഭവുമായിരുന്നു. ഭാഷയുടെ ശബ്ദവൈവിധ്യവും , വൈപുല്യവും ചുരുക്കെഴുത്തിന് തടസ്സമായി വന്ന ഘട്ടത്തിൽ കൈകൾകൊണ്ട് അച്ചുകൾ നിർമ്മിക്കുന്നതിൽ അദ്ദേഹം മുഴുകി. അമേരിക്കയിലെ റോയൽ ടൈപ്പ്‌റൈറ്റിംഗ് കമ്പനിയുടെ സഹകരണത്തോടെ യന്ത്രങ്ങൾ നിർമ്മിച്ച് സർക്കാരിന് നല്കുവാനും അത് സർക്കാരിനെകൊണ്ട് അംഗീകരിപ്പിക്കുവാനും  അദ്ദേഹത്തിനു കഴിഞ്ഞു.  ഇംഗ്ലീഷിലെ പിറ്റുമാൻ രീതി അനുസരിച്ച് തന്റെ ചുരുക്കെഴുത്ത് പ്രവർത്തനം വിജയിപ്പിക്കുവാനും, സർക്കാരിനെക്കൊണ്ട് അതംഗീകരിപ്പിക്കുവാനും കഴിഞ്ഞ അദ്ദേഹം  ലോകത്തിന് അക്ഷരമാതൃകയായി മാറി. 1888 നവംബറിൽ രാമവർമ്മ തിരുമുൽപ്പാടിന്റെയും, ലക്ഷ്മിക്കുട്ടിയമ്മയുടെയും മകനായി ജനിച്ചു. ചീഫ് സെക്രട്ടറിയായും സർവ്വാധികാര്യക്കാരുമായിരുന്ന അമ്മാവൻ നാരായണ പണ്ടാലയുടെ സംരക്ഷണത്തിൽ വളർന്നു. തിരുവനന്തപുരം, മദ്രാസ്  എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം ഇംഗ്ലീഷ് ഷോർട്ട്ഹാന്റ് , ടൈപ്പ്‌റൈറ്റിങ്ങ്, ജ്യോതിഷം, ആയുർവ്വേദം, ഇന്ദ്രജാലം എന്നിവയിലെല്ലാം അദ്വിതീയനായിരുന്നു. ''അമ്മമഹാറാണി'' ''ബാല്യശ്രീരാമൻ'' എന്നീ ജീവിത ചരിത്ര ഗ്രന്ഥങ്ങളും ''മലയാളലിപി പരിഷ്കാരം'', ''ജ്യോതിഷ പാഠങ്ങൾ'', ''മനഃശാസ്ത്രം ആധുനിക വീക്ഷണത്തിൽ'' എന്നീ ഗ്രന്ഥങ്ങളും രചിച്ച് അക്ഷരലോകത്തും അദ്ദേഹം തന്റെ നിറഞ്ഞ സാന്നിദ്ധ്യം അറിയിച്ചു. പി.കെ. ഭഗീരഥിയമ്മയാണ് (ഹെഡ്മിസ്ട്രസ്) സഹധർമ്മിണി. 1940 ൽ 52 ാം വയസ്സിൽ കത്തിജ്വലിച്ച് നില്ക്കെ തന്നെ ആ നക്ഷത്രം പൊലിഞ്ഞ് പോയി. ആ ഭാഷാ സ്നേഹിക്ക് ആദരാഞ്ജലികൾ.

*എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം സെപ്റ്റംബർ ഒക്ടോബർ മാസത്തെ പരിപാടികൾ*

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 17.9.2015 | എ.കെ.രാജൻ | ആർ.മോഹൻകുമാർ | ഇപ്പോഴത്തെ വാഹനപെരുപ്പവും അതുമൂലമുണ്ടാകുന്ന അപകടങ്ങളും | ആർ.മോഹൻകുമാർ | 839 |
| 24.9.15 | ഇ.വിജയലക്ഷ്മി | എം. ശ്രീവല്ലഭൻനായർ | നമ്മുടെ പൗരാണിക സർവ്വകലാശാലകൾ | സി.വേണുഗോപാൽ | 840 |
| 01.10.15 | എം. രാജലക്ഷ്മി | സി.രാമചന്ദ്രൻ (ISRO Scientist) | ജ്യോതിശാസ്ത്രം ജീവിതത്തിൽ | സി. രാമചന്ദ്രൻ | 841 |
| 08.10.15 | സുമതിശ്രീകുമാർ | ജി. മാധവൻനായർ | സുബൈദയുടെസ്വപ്നം സാക്ഷാൽകരിച്ചില്ല | വിജയരാഘവമേനോൻ | 842 |

# സൂര്യൻ നമ്മുടെ ഭാഗ്യനക്ഷത്രം

സി.രാമചന്ദ്രൻ

ഭൂമി കഴിഞ്ഞാൽ മനുഷ്യൻ ഏറ്റവുമധികം കടപ്പെട്ടിരിക്കുന്ന ആകാശഗോളം സൂര്യനാണ്. നമുക്കാവശ്യമായ വെളിച്ചവും ഊർജ്ജവും ലഭിക്കുന്നത് സൂര്യനിൽ നിന്നാണ്. ആദിമ മനുഷ്യൻ തൊട്ട് ആധുനിക മനുഷ്യർ വരെയുള്ളവർ സൂര്യനെ ഭയഭക്തി ബഹുമാനത്തോടെയാണ് നോക്കിക്കാണുന്നത്.

സൂര്യൻ ഒരു നക്ഷത്രമാണ്. അതിനെ ഒരു ഗ്രഹമായിട്ടാണ് പൂർവ്വികർ കണക്കാക്കിയിരുന്നത്. നക്ഷത്രരാശികൾക്കിടയിലൂടെ സൂര്യൻ സഞ്ചരിക്കുന്നു എന്ന് ഭൂമിയിൽ നിന്നു നിരീക്ഷിക്കുമ്പോൾ തോന്നുന്നത് കൊണ്ടാണ് സൂര്യൻ ഒരു ഗ്രഹം എന്നു തെറ്റിദ്ധരിക്കപ്പെട്ടത്. യഥാർത്ഥത്തിൽ സൂര്യൻ ഭൂമിയെ അപേക്ഷിച്ച് ചലിക്കുന്നില്ല. ഭൂമി അതിന്റെ അച്ചുതണ്ടിൽ 24 മണിക്കൂറിൽ ഒരിക്കൽ കറങ്ങുന്നതുകൊണ്ടാണ്, സൂര്യൻ ഭൂമിയെ ദിവസത്തിലൊരു പ്രാവശ്യം വലം വയ്ക്കുന്നു എന്നു തോന്നുന്നത്. അതുപോലെ ഭൂമി സൂര്യനെ വർഷത്തിലൊരു പ്രാവശ്യം വലം വയ്ക്കുന്നതുകൊണ്ടാണ് സൂര്യൻ 12 രാശികളിലൂടെ കടന്നു പോകുന്നു എന്നു നമുക്കു തോന്നുന്നത്.

സൂര്യനെ വലം വയ്ക്കുന്ന എട്ടുഗ്രഹങ്ങളുണ്ട്. നഗ്നനേത്രങ്ങൾ കൊണ്ടുകാണാവുന്ന ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി എന്നീ ആകാശ ഗോളങ്ങളും പിന്നെ നാം വസിക്കുന്ന ഭൂമിയും ചേർത്ത് ആറെണ്ണം. ടെലസ്കോപ്പുകളുടെ കണ്ടുപിടിത്തത്തിനുശേഷം കണ്ടുപിടിക്കപ്പെട്ട യുറാനസ്, നെപ്ട്യൂൺ എന്നിവയും ചേർത്താണ് എട്ടു ഗ്രഹങ്ങൾ.

സൂര്യനെ നോക്കുന്നത് കണ്ണിനു നല്ലതല്ല. ടെലസ്കോപ്പിലൂടെ ഒട്ടും നോക്കരുത്. അരിപ്പ കളുപയോഗിച്ച് തീഷ്ണത കുറച്ചശേഷമാണ് സൂര്യനെ നീരിക്ഷിക്കുന്നത്. ഗ്രഹണ സമയത്ത് സൂര്യനെ നോക്കുവാൻ കൗതുകം തോന്നിയേക്കാം. അപ്പോഴും ഫിൽറ്ററുപയോഗിച്ചു മാത്രമേ നോക്കാവൂ. ഗ്രഹണം ഒരു നിഴൽ നാടകമാണ്. ചന്ദ്രന്റെ നിഴൽ ഭൂമിയിൽ വീഴുമ്പോൾ സൂര്യഗ്രഹണവും ഭൂമിയുടെ നിഴൽ ചന്ദ്രനിൽ വീഴുമ്പോൾ ചന്ദ്ര ഗ്രഹണവുമാണ്. ചന്ദ്രഗ്രഹണ സമയത്ത് ഒരാൾ ചന്ദ്രനിൽ നിന്നു നോക്കിയാൽ സൂര്യഗ്രഹണം. മൂന്നുലക്ഷത്തി മുപ്പത്തിമൂവ്വായിരം ഭൂമികൾ ചേർന്നത്ര ദ്രവ്യമാനം സൂര്യനിലുണ്ട്. എല്ലാഗ്രഹങ്ങളുടെ ദ്രവ്യമാനം ഒത്തു ചേർന്നാലും സൂര്യന്റേതിന്റെ ഒരു ശതമാനം പോലും വരികയില്ല. സൂര്യന്റെ ഉൾക്കാമ്പിലെ താപം 1.5 കോടി ഡിഗ്രി സെന്റിഗ്രേഡും ഉപരിതലത്തിലേത് 6000 ഡിഗ്രിയും ആണ്.

മറ്റെല്ലാനക്ഷത്രങ്ങൾക്കുമെന്നതുപോലെ സൂര്യന്റെയും ഉള്ളിലെ പ്രധാന ഘടകങ്ങൾ ഹൈഡ്രജനും ഹീലിയവുമാണ്. നാലു ഹൈഡ്രജൻ അണുകേന്ദ്രങ്ങൾ സംയോജിച്ച് ഒരു ഹീലിയം ആറ്റവും അതോടൊപ്പം ഊർജ്ജവും ഉണ്ടാകുന്ന പ്രവർത്തനമാണിത്. സംലയനം (fusion) എന്നാണിതനുപറയുക. ഹൈഡ്രജൻ ബോംബിന്റെ പ്രവർത്തനം തന്നെ. ഇവിടെ പക്ഷെ പൊട്ടിത്തെറിയില്ല. സൂര്യന്റെ ഗുരുത്വാകർഷണം സംലയന പ്രക്രിയയെ നിയന്ത്രിക്കുന്നു.

സൂര്യന്റെ ഒരു പരിഛേദമെടുത്ത് പരിശോധിച്ചാൽ അതിങ്ങനെയായിരിക്കും. കേന്ദ്രഭാഗം അതിസാന്ദ്രവും അതിതപ്തവും അതി പ്രത്യുക്ഷുബ്ദവുമാണ്. അടുത്തത് വികിരണ മണ്ഡലമാണ്. ഊർജ്ജത്തെ സൂര്യന്റെ ഉപരിതലത്തിലേക്ക് പ്രസരിപ്പിക്കുന്നതിതാണ്. അടുത്ത പാളിയായ സംവഹനമണ്ഡലം കൺവെക്ക്ഷനിലൂടെ താപത്തെ കടത്തിവിടുന്നു. അടുത്തതായ പ്രഭാമണ്ഡലത്തിലേക്ക് തിളച്ചു മറിയുന്ന അരിമണികൾ പോലെ വന്ന് താപം നൽകി തിരിച്ചു പോകുന്നു. സൂര്യനെ നാം നോക്കുമ്പോൾ കാണുന്നത് അതിന്റെ പ്രഭാ മണ്ഡലമാണ്. അതിനും പുറമേ വർണ്ണമണ്ഡലം എന്ന ഒരു പാളിയുമുണ്ട്. ഈ വർണ്ണമണ്ഡല ത്തിനു ശേഷമാണ് സൂര്യന്റെ അന്തരീക്ഷം എന്നു പറയാവുന്ന കൊറോണ. സാധാരണ സമയത്ത് ഇതു കാണാൻ കഴിയില്ല. എന്നാൽ പൂർണ്ണ ഗ്രഹണ സമയത്ത് സൂര്യനുചുറ്റുമുള്ള ഒരു പ്രകാശപരിവേഷമായി ഇതുകാണാം. ഗ്രഹണ സമാനമായ മറവുണ്ടാക്കി കൊറോണ നിരീക്ഷിക്കുവാൻ പ്രത്യേക ടെലസ്കോപ്പുകൾ രൂപകല്പന ചെയ്യപ്പെട്ടിട്ടുണ്ട്.

സൂര്യന്റെ ഉപരിതലത്തിൽ ചിലപ്പോൾ പ്രത്യക്ഷമാകുകയും അതുപോലെതന്നെ അപ്രത്യക്ഷമാകുകയും ചെയ്യുന്ന കറുത്ത പാടുകളാണ് സൂര്യ കളങ്കം. ചില സന്ദർഭങ്ങളിൽ അവ വലിയ കൂട്ടമായിട്ടുണ്ടാകും. പതിനൊന്നു വർഷത്തിലൊരിക്കൽ സൂര്യന്റെ പ്രവർത്തനം തീവ്രമാകും. അതു ക്രമേണ ശാന്തമാകുകയും വീണ്ടും സജീവമാകുകയും ചെയ്യും. സൂര്യന്റെ ഈ സജീവത, ഭൂമിയുടെ കാന്തമണ്ഡലം, ധ്രുവദീപ്തി എന്നീവയിലൂടെ പ്രതിഫലിക്കും. അത്തരം സന്ദർഭങ്ങളിൽ ബഹിരാകാശത്ത് നടക്കുന്ന സഞ്ചാരികളിലും അതസ്വസ്ഥതകളുളവാക്കും.

ഇരുണ്ടപാടുകളുള്ളതുപോലെ പ്രകാശമാനമായ പാടുകളും സൂര്യപ്രതലത്തിലുണ്ടാകും. ഇവയെ ചൂട്ടുകൾ അഥവാ Faculae എന്നു വിളിക്കും. ഇതു കൂടാതെ ചില ജ്വാലകളും ഉപരിതലത്തിൽ നിന്നുണ്ടാകാറുണ്ട്. സൗരത്തിരമാലകൾ എന്ന് പറയാവുന്ന ഇവയെ പ്രോമിനൻസ്, ഫ്ളെയർ എന്നിങ്ങനെയാണ് ശാസ്ത്രത്തിൽ പറയുന്നത്. സൂര്യകളങ്കത്തിനുള്ളതുപോലെയുള്ള ചാക്രിക സ്വഭാവം സൗരത്തിരമാലകൾക്കുമുണ്ട്.

കൊറോണ നാനാഭാഗത്തേയ്ക്കും  കണികകളെ പായിക്കുന്നുണ്ട്. പ്ലാസ്മ രൂപത്തിലുള്ള ഊർജ്ജവും ഇതിലുണ്ട്. ഇതോടൊപ്പം സ്വതന്ത്ര ഇലക്ട്രോണുകൾ സെക്കന്റിൽ 400 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കും. ഇതെല്ലാം ചേർന്ന പ്രതിഭാസത്തെയാണ് സൗരവാതം എന്നുപറയുന്നത് - Solar wind. ധൂമകേതുക്കളുടെ വാൽ സൗരവാതത്താൽ തള്ളിയകറ്റപ്പെടുന്ന കണികകളുടേതാണ്. ധൂമകേതു ഏതു ദിശയിലായാലും വാല് സൂര്യനിൽ നിന്ന് അകലുന്ന ദിശയിലേക്കായിരിക്കും.

## ഗാന്ധിസൂക്തം

മതവിശ്വാസത്തിന്റെ ആത്മാവും സത്തുമാണ് പ്രാർത്ഥന എന്നു ഞാൻ വിശ്വസിക്കുന്നു. മതവിശ്വാസമില്ലാതെ ജീവിക്കാനാവില്ല എന്നതിനാൽ, മനുഷ്യജീവന്റെ കാതൽ പ്രാർത്ഥനയാണെന്നു പറയാം. മതമില്ലാതെ തങ്ങൾക്കു ജീവിക്കാനാകും എന്നു ചിലർ വമ്പു പറയാറുണ്ട്. താൻ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെങ്കിലും തനിക്കു മൂക്കില്ലെന്നു പറയുന്നതുപോലെയാണത്. യുക്തി കൊണ്ടോ, ഉൾപ്രേരണ മൂലമോ, അന്ധവിശ്വാസം കൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും രീതിയിലോ മനുഷ്യൻ ഈശ്വരനുമായി തനിക്കുള്ള ബന്ധം മനസ്സിലാക്കുന്നു. ദൈവനിഷേധിപോലും ചില സൻമാർഗ്ഗ തത്ത്വങ്ങളിൽ വിശ്വാസം പുലർത്താറുണ്ട്. അവ ശീലിച്ചാൽ നൻമയുണ്ടാവുമെന്നും തിരസ്കരിച്ചാൽ തിൻമയാണെന്നും കരുതുന്നു. പ്രസിദ്ധ നിരീശ്വരവാദിയായ ബ്രാഡ്‌ലാഫ് പലപ്പോഴും ഉൾവിളിയെക്കുറിച്ച് പരാമർശിച്ചിരുന്നു. സത്യം പറഞ്ഞതിന്റെ പേരിൽ വിമർശനങ്ങൾ പലതും കേട്ടെങ്കിലും, സത്യസന്ധതക്ക് നല്ല ഫലമാണുണ്ടാവുക എന്നദ്ദേഹം പിന്നീടു മനസ്സിലാക്കി. സത്യം നല്കുന്ന ആഹ്ലാദം ശാരീരികമോ ലൗകീകമോ ആവണമെന്നില്ല. ആത്മീയസുഖമാണ് അതിന്റെ ഫലം. അതാവട്ടെ ഈശ്വരസമ്പർക്കത്തിൽ നിന്നുയിർക്കൊള്ളുന്നതാണ്. എന്തുമാവട്ടെ, ഈശ്വരനിഷേധിക്കുപോലും മതസ്വാധീനത്തിൽ നിന്നകന്ന് ഒരു ജീവിതമില്ല.

**യംഗ് ഇന്ത്യ, 23.01.1930, പുറം - 25**

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗത്തിന്റെ വിവിധ വികസന പദ്ധതികൾക്കായി ധനസമാഹരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പത്തരശതമാനം പലിശ അംഗങ്ങൾക്ക് പ്രത്യേകമായി നൽകികൊണ്ടാണ് ധനസമാഹരണം നടത്തുന്നത്. അംഗങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.**

**ജനറൽ സെക്രട്ടറി**

# ഒരു നിമിഷം ചിന്തിക്കൂ



ഡോ. സുന്ദരി ജി മേനോൻ

ഈയിടെ പത്രവാർത്തകളിൽ നിന്നും കിട്ടിയ വിവരങ്ങൾ - വൃത്തിഹീനമായ അറവു ശാലകളും വിഷാംശമുള്ള മാംസങ്ങളും തീൻ മേശ പുറത്ത് - എന്നെ ഇത് എഴുതുവാൻ പ്രേരിപ്പിച്ചത് ഇതാണ്.

മനുഷ്യരാശി ഉണ്ടായപ്പോൾ തന്നെ പ്രകൃതി അവരുടെ ഭക്ഷണത്തിന് ആവശ്യമായ എല്ലാ വിഭവങ്ങളും ഒരുക്കിയിരുന്നു. ഭക്ഷിക്കാൻ പാകമുള്ള ഇലകൾ, പൂക്കൾ, കായ്കനികൾ, തണ്ട്, വേര്, കിഴങ്ങ് എന്നിവയെല്ലാം മനുഷ്യന്റെ ആഹാരത്തിന് ഹേതുവായി.

പണ്ട് രാജാക്കൻമാരും വനവാസികളും വേട്ട ചെയ്തുകിട്ടുന്ന പക്ഷികൾ, പറവകൾ, മൃഗങ്ങൾ, മുയലുകൾ തുടങ്ങിയവയെ ചുട്ടു തിന്നുന്ന കാലമുണ്ടായിരുന്നു.

ഇന്ന് മനുഷ്യരാശിയിൽ 90% മാംസ ഭുക്കുകളാണ്. ഈ മാംസത്തെ കടിച്ചു തിന്നുവാനുള്ള കൂർത്ത പല്ലുകൾ അല്ല നമ്മൾക്ക് തന്നിരിക്കുന്നത് (Carnivorous) സസ്യാഹാരം കടിച്ചു ചവച്ചു തിന്നുവാനുള്ള Herbivorous പല്ലുകളാണ് നമുക്ക് ഉള്ളത്. ക്രമേണ ഇങ്ങനെ കടിച്ചു വലിച്ചു തിന്നുന്നവർക്ക് പല്ലുകൾ, മോണ ഇവയുടെ ആരോഗ്യം നശിക്കും.

എല്ലാവർക്കും ആവശ്യമായത് നല്ല വായു വെളിച്ചം കിട്ടുന്ന വീട്, ശുദ്ധവായു, കുടിവെള്ളം, വീട്ടിൽ ഉണ്ടാക്കുന്ന പച്ചക്കറികൾ, നല്ല ചുറ്റുപാട്, ഇങ്ങനെയുണ്ടെങ്കിൽ രോഗമില്ലാതെ ജീവിതം നയിക്കാം. ഈ ദിവസങ്ങളിൽ മാധ്യമങ്ങളിൽ മാടിനെ അറുക്കാൻ പാടില്ല ബീഫ് ഉപേക്ഷിക്കണം എന്നെല്ലാം കണ്ടു. ഇവിടെ നമുക്ക് ആധുനിക അറവുശാലകൾ ഇല്ല. അറുത്ത മൃഗങ്ങളുടെ വേണ്ടാത്ത ഭാഗങ്ങളും മറ്റും മാലിന്യങ്ങളായി പുഴയിലും തോടിലും വഴിവക്കിലും കൊണ്ടിടുന്ന പ്രവണതയാണ് കണ്ടുവരുന്നത്. മഴക്കാലത്ത് ഈ വക ഒലിച്ചു ഒഴുകി നമ്മുടെ കിണറുകളെയും പുഴകളെയും മലിനപ്പെടുത്തുന്നു.

ഭാരതത്തിൽ പൊതുവേ ഹിംസ പാടില്ല എന്നാണ് പൂർവ്വികർ പറഞ്ഞിട്ടുള്ളത്. ഒരു ജീവിയേയും ഉപദ്രവിക്കരുത്. പുരാണകാല ങ്ങൾ തൊട്ടെ പശുക്കളെ "ഗോമാതാവായാണ്" കാണുന്നത്.പശുക്കളിൽ മുപ്പത്തുമുക്കോടി ദേവതകൾ ഉണ്ടെന്നാണ് കണക്ക്. ആ ഗോമാതാവിനെ എന്നും നമ്മൾ ആരാധിക്കണം. എല്ലാവർക്കും കുടിക്കാനുള്ള പശുവിൻ പാൽ കിട്ടുന്നത് അവയിൽ നിന്നാണ്. തമിഴ് നാട്ടിൽ മാട്ടുപൊങ്കൽ ദിവസം പശുക്കളെ കുളിപ്പിച്ച് ചന്ദനവും കുങ്കുമവും തൊട്ട് മാലകൾ ചാർത്തി ആരതി ഉഴിയുന്ന പതിവുമുണ്ട്.

എല്ലാ ജീവനിലും, ദൈവത്തിന്റെ അംശം ആണ്.

ആ മിണ്ടാപ്രാണികളെ കൊല്ലാൻ നമുക്ക് ആരാണ് അധികാരം തന്നത്?.

കശാപ്പുശാലയിൽ കൊണ്ടുപോകുന്ന മൃഗങ്ങളുടെ മാനസികാവസ്ഥ മാംസം കഴിക്കുന്നവർ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?.

തുരിശ് കലക്കിയ വെള്ളം തലേ ദിവസം കുടിക്കാൻ കൊടുക്കുന്നു. കാപ്റ്റീവ് ബോൾട്ട് പിസ്റ്റൾ എന്ന ഉപകരണം ഉപയോഗിച്ച് തലച്ചോറിൽ ഷോക്ക് കൊടുക്കുന്നു. അതോടെ മസ്തിഷ്ക മരണം സംഭവിക്കുന്നു. പിറ്റേന്നാൾ അറുക്കുമ്പോൾ വേദന അറിയാതിരിക്കാനാണ് ഷോക്ക് . ക്രൂരമായ പ്രവൃത്തി മിണ്ടാപ്രാണിയായ അവയ്ക്കും നമുക്കുള്ളതുപോലെ Endocrine glands ഉണ്ട്. അറവുശാലയിൽ കൊണ്ടുപോകുന്ന മാടുകൾക്ക് സൂചന (premonition) കിട്ടും Adrenal glands കൂടുതലായി പ്രവൃത്തിച്ചു cortisone എന്ന ഹോർമോൺ (വിഷം) കൂടുതൽ പ്രഹരിച്ച് ശരീരമാകെ നിറയും ഈ വിഷം കൂടുതലായ മാംസമാണ് തീൻമേശയിൽ എത്തുന്നത്.

മനുഷ്യ ശരീരത്തിൽ Aerobic organisms ഉണ്ട്. മനുഷ്യൻ മരിച്ചാൽ ശവമാണ്. ഈ ഓർഗാനിസം പെരുകി ശരീരത്തെ അഴുകിയ നിലയിലും ദുർഗന്ധത്തിനും വഴിയൊരുക്കും, അതിനാൽ നാം ശവശരീരത്തെ വേഗം ദഹിപ്പിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്യുന്നു.

മൃഗങ്ങളിലും ഇത് തന്നെയാണ് സംഭവിക്കുന്നത് മനുഷ്യ ജൻമം തന്നെ God's gift ആണ്. അതിനെ നല്ലപോലെ സൂക്ഷിച്ച്

പരിപാലിച്ച് ആരോഗ്യമായി നിലനിർത്തേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണ്. നമുക്ക് ജീവൻ തന്ന ഈശ്വരൻ ഈ ശരീരത്തിൽ തന്നെയാണ് കുടികൊള്ളുന്നത്. അതിനാൽ ഒരു ശരീരത്തെ ഒരു ക്ഷേത്രമായി കരുതി പവിത്രമായി സൂക്ഷിക്കേണ്ടതാണ്. (ഭഗവത്ഗീത).

ഈ ക്ഷേത്രമായ ശരീരത്തെയാണ് കൊന്നൊടുക്കിയ മാംസങ്ങളുടെ ശ്മശാനം (Grave-yard) ആക്കുന്നത്. ഒന്നു ചിന്തിക്കുക ഇത് ശരിയാണോ?.

ഇതുമൂലം അധികം പേർ നിത്യരോഗികളായി മാറിയിരിക്കുന്നു (Life style disorders) (പ്രമേഹം , ഹൈപ്പർ ടെൻഷൻ) കൊഴുപ്പ്, അധികമായ അവസ്ഥ ഹാർട്ട് അറ്റാക്, പൊണ്ണത്തടി Osteoarthritis ഓർമ്മക്കുറവ് എന്നീ രോഗങ്ങൾക്ക് അടിമയാകുന്നു. ഇവയിൽ നിന്ന് മോചനമുണ്ടോ?- ഉണ്ട്.

1) നല്ലവായു വെളിച്ചം ഉള്ള സ്ഥലത്ത് 45 മിനിറ്റ് Brisk walking, cycling swimming, etc. ചെയ്യുക.
2) നല്ല ഫ്രഷ് വെജിറ്റേബിൾസ്, ഫ്രൂട്ടസ്, എന്നിവ കഴിക്കുക.
3) ഡ്രൈനട്ട്സ് ഉൾപ്പെടുത്തുക. കിസ്സ്മിസ്സ്, അത്തിപ്പഴം, ബദാം, Apricot
4) മൂന്നോ നാലോ ലിറ്റർ വെള്ളം കുടിക്കുക. ശരീരത്തിന്റെ എല്ലാ പ്രവർത്തനത്തിലും വെള്ളം ആവശ്യമാണ്.
5) ദിനചര്യ - യോഗചെയ്യൽ ശീലമാക്കണം ഇത് ശരീരത്തിന് വളരെ ആവശ്യമാണ്.
6) മെഡിറ്റേഷൻ ഒരു 15 മിനിറ്റ് ധ്യാനത്തിൽ മുഴുകുന്നത് മനസ്സിന് ഉൻമേഷവും പോസിറ്റീവ് എനർജിയും തരുന്നതാണ്. നമ്മുടെ ഉത്കണ്ഠകൾ മാറികിട്ടും.
7) നല്ല ഓർമ്മശക്തിയും ഏകാഗ്രതയും കിട്ടും.
8) നോൺ കഴിക്കുന്നവർ വൃത്തിയുള്ള സ്ഥലങ്ങളിൽ നിന്ന് വാങ്ങി കറിവെച്ചു കഴിക്കുക. മിതമായി ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രം അമിതമായാൽ അമൃതും വിഷമാണ്.

പണ്ട് ആടുമാടുകളെ കിലോമീറ്റർ കണക്കിൽ പട്ടിണിക്കിട്ട് നടത്തി കൊണ്ടുവരുന്ന ഒരു പ്രവണത ഉണ്ടായിരുന്നു. പരേതനായ എന്റെ ഭർത്താവ് (21 വർഷം മുമ്പ് ഡോ. ഗോപി നാഥൻ മേനോൻ, Eye specialist) പറയുമായി രുന്നു എല്ലാ ജില്ലകളുടെ അതിർത്തിയിൽ ഹൈജീനിക് (Hy-gienic) അറവുശാല ഉണ്ടാക്കി അവിടെ നിന്നു കട്ടിങ്ങ്, പാക്കിംഗ്, ഡെലിവെറി എല്ലാം നടത്താനുള്ള സംവിധാനം വേണമെന്ന്, ഈ അടുത്ത കാലത്ത് മനോരമയിൽ അറവു ശാലകൾ ഒരു വർഷത്തിനകം നിർമ്മിക്കുമെന്ന് കൊച്ചിൻ മേയറുടെ റിപ്പോർട്ട് വായിച്ചിരുന്നു. വിദേശികൾ 100% മാംസഭുക്കുകളാണ് ഇപ്പോൾ കുറേ പേർ സസ്യഭുക്കുകളായി മാറിയിരിക്കുന്ന സാഹചര്യമാണ് കാണുന്നത്.

Obesity is the sign of prosperity എന്നാണ് പൊണ്ണത്തടിയെ വിശേഷിപ്പിച്ചിരുന്നത്. വർഷങ്ങൾക്കു മുമ്പേ ഞാൻ പറഞ്ഞിരുന്നു. Obesity is Inviting number of Diseases (D.M, HT, Chronic Lungs, Diseases, Dislipaedemia (അധികകൊഴുപ്പ്) Heart Disorders എന്നീ ജീവിതശൈലി രോഗങ്ങൾ, (ലൈഫ് സ്റ്റൈൽ ഡിസ്ഓർഡേഴ്സ്) ഒരു നിമിഷം ചിന്തിക്കൂ അവനവന്റെ ജീവിത ശൈലിയിൽ മാറ്റം വരുത്തുക. ഞാൻ പരിപൂർണ്ണ സസ്യഭുക്കാണ്.

**With Best Compliments From :**

**HYTECK**

**SANITARY WARES**

**Bell**
**Finolex**
**PARRYWARE**

**Achutha Warrier Lane (Opp. Formost)**

**M.G.Road, Kochi-682035, Ph : 2366015/2355565,Mob : 9349125825**

Dealers in Sanitary Wares, P.V.C, Pipes &Fittings, C.P. Bathroom Fittings,
Glazed Tiles Flooring Tiles.

# ദുര്യോധന പർവ്വം



മൃണാളിനി

ജനിച്ചപ്പോൾ അയാൾക്ക് സുയോധനൻ എന്നു പേരിട്ടു. പക്ഷേ പ്രകൃതം കൊണ്ട് അയാൾ ദുര്യോധനൻ എന്ന് അറിയപ്പെട്ടു. അയാളുടെ ഉള്ളം എന്നും എരിയുന്ന ഒരു നെരിപ്പോടായിരുന്നു. എന്നാണോ കാട്ടിൽ നിന്ന് ് കുന്തി മാതാവും  അഞ്ചു മക്കളും കൂടി ഹസ്തിന പുരിയിൽ എത്തിയത് അന്നു തുടങ്ങിയതാണ് അയാളുടെ നെഞ്ചിലെ നീറ്റൽ. അവർ അഞ്ചു പേരും രാജ്യവും പിതാവുമില്ലാ തിരുന്നിട്ടു കൂടി മാതാവിന്റെ നിസ്സീമമായ സ്നേഹത്തിന്റെ തണലിൽ വിഹരിക്കുന്നു. തനിക്കാകട്ടെ അന്ധനായ പിതാവും സദാ കണ്ണുകെട്ടി, ജൻമം കൊടുത്ത മക്കളെ ഒരു നോക്കു കണ്ടിട്ടില്ലാത്ത മാതാവും മാത്രം. മാതുലനായ ശകുനിയമ്മാവ നായിരുന്നു എകാശ്രയം. ഭീഷ്മ പിതാമഹനും ആചാര്യനായ ദ്രോണർക്കും പാണ്ഡു പുത്രൻമാരോടായിരുന്നു താല്പര്യം. ഇളയച്ഛനായ വിദുരർക്ക് പിന്നെ പറയുകയും വേണ്ട.

ഭീമസേനനോടായിരുന്നു എന്നും ദുര്യോധനന്റെ കിടമത്സരം. തന്റെ തൊണ്ണൂറ്റൊൻപത് സഹോദരങ്ങളെയും ഒരു കൈയിലെടുത്ത് അമ്മാനമാടനുള്ള ശക്തി ഭീമനുണ്ടായിരുന്നു. അയാളോടുള്ള മത്സരാഗ്നി പടർന്ന് പടർന്ന് അവരെ നശിപ്പിക്കണമെന്നുള്ള വാശിയിലെത്തി. അങ്ങിനെയാണ് അവർക്കായി അരക്കില്ലം പണിയിപ്പിച്ച് അതിലിട്ട് അവരഞ്ചുപേരെയും കുന്തിയേയും ചുട്ടുനീറ്റിയത്. അതോടെ അയാൾ വളരെ നാൾ കൂടി സ്വസ്ഥനായി ഉറങ്ങി.

പാഞ്ചാലീസ്വയംവരം ഒരിക്കൽ താനാഗ്രഹിച്ച രാജപുത്രി. അയോനിജ, യാഗാഗ്നിയിൽ നിന്ന് ഉയർന്നു വന്നവൾ, യജ്ഞസേനി. എന്തു കൊണ്ടും കൗരവ രാജകുമാരനായ തനിക്കു ചേരുമെന്ന് ഉറപ്പായിരുന്നു. പക്ഷേ അവിടെ ചെന്നപ്പോൾ ഒരു ദുർഘടം. വില്ലാളിവീരനായ ഒരാൾക്ക് മാത്രം ജയിക്കാൻ പോരുന്ന ഒരു പന്തയം. ഗദായുദ്ധമായിരുന്നെങ്കിൽ വിജയം കൈക്കൊണ്ടേനെ. ഒടുവിൽ നാണം കെട്ട് സ്വന്തം പീഠത്തിൽ വന്നിരുന്നു. മഹാരഥൻമാരായ രാജാക്കൻമാരൊക്കെ പന്തയത്തിൽ തോറ്റു. ഒടുവിൽ വെറുമൊരു ബ്രഹ്മണബാലൻ നിഷ്പ്രയാസം വില്ലു കുലച്ച് ലക്ഷ്യത്തിലെത്തിച്ചു. രോഷാകുലരായ രാജാക്കൻമാർ നോക്കി നില്ക്കെ അവർ ദ്രൗപദിയെ പാണിഗ്രഹണം ചെയ്തുകൊണ്ട് പോയി.  പിന്നീടാണറിഞ്ഞത് ബ്രാഹ്മണവേഷം കെട്ടി വന്ന അവർ അഞ്ചുപേർ താൻ ഒരിക്കൽ അരക്കില്ലത്തിലിട്ടു ചുട്ടുകൊന്ന പഞ്ചപാണ്ഡവരായിരുന്നു എന്ന്. അവർ എങ്ങിനെയോ രക്ഷപ്പെട്ടു.

പാഞ്ചാലീസ്വയംവരത്തിൽ താൻ അവരോട് തോറ്റു. കർണ്ണനെ ദ്രൗപദി തള്ളിപ്പറഞ്ഞു. തന്റെ സഖാവായ കർണ്ണൻ സൂതപുത്രനായ രാധേയൻ , ആയിരം സൂര്യൻമാരുദിച്ചതുപോലെ ആയോധന കലകളുടെ പരസ്യപ്രകടനത്തിൽ അവനവതരിച്ചപ്പോൾ അവൻ അർജ്ജുനനോട് കിടപിടിക്കുമെന്ന് തോന്നി. അന്ന് അംഗരാജാവാക്കി വാഴിച്ച് കർണ്ണനെ സഖാവാക്കി. പിന്നീട് ജീവിതത്തിൽ നിന്ന് ഒരിക്കലും വിട്ടുമാറാത്ത സൗഹൃദം.

ദ്രൗപദിയെ അർജ്ജുനനാണ് വേട്ടതെങ്കിലും വിചിത്രമെന്നു പറയട്ടെ അവൾ അഞ്ചുപേരുടെയും പത്നിയായി. ഒപ്പം അവരുടെ അജ്ഞാതവാസവും അവസാനിച്ചു.  ഭീഷ്മരും വിദുരരും ചേർന്ന് ഉപദേശിച്ച പ്രകാരം പിതാവ് അവരെ തിരിച്ചു വിളിച്ചു. രാജ്യം പങ്കിട്ട് യുധിഷ്ഠിരനെ ഇന്ദ്രപ്രസ്ഥത്തിന്റെ രാജാവായി വാഴിച്ചു. അവർക്ക് താമസിക്കുവാൻ മനോഹരമായ കൊട്ടാരം പണിയിക്കപ്പെട്ടു. മയൻ നിർമ്മിച്ച അത്ഭുതകരമായ സഭാമണ്ഡലത്തിലെ കാഴ്ചകൾ കാണുവാൻ നീങ്ങുമ്പോൾ അറിയാതെ വെള്ളം ഉണ്ട് എന്നു തോന്നിയ ഒരിടത്ത് വസ്ത്രാഞ്ചലം ഒന്നുപൊക്കി.  അവിടം ഉണങ്ങിയതായിരുന്നു. ആശ്ചര്യകരം. കുറച്ചുകൂടി മുമ്പോട്ടു പോയപ്പോൾ വീണ്ടും വെള്ളം ഇത്തവണ കാര്യമാക്കാതെ നടന്നു പക്ഷേ കാൽ വഴുതി വീണുപോയി. മുകളിൽ നിന്നും പളുങ്കുമണികൾ പൊട്ടിച്ചിതറിയപോലെ ഒരു പൊട്ടിച്ചിരി. ദ്രൗപതിയുടേതായിരുന്നു.അത് മനസ്സിൽ തറച്ചു.

വല്ലവിധേനയും എഴുന്നേറ്റ് തിരിച്ചു നടക്കുമ്പോൾ ദ്രൗപദിസമേതനായ യുധിഷ്ഠിരന്റെ സൗഭാഗ്യങ്ങളും അവളുടെ ചിരിയും മാത്രം മനസ്സിൽ തങ്ങി നിന്നു.

അയാൾ ഹസ്തിനപുരത്തെത്തി മാതുലനോടു പറഞ്ഞു "എനിക്കീ പാതിരാജ്യം കൊണ്ടെന്തു കാര്യം യുധിഷ്ഠിരനവിടെ സർവ്വാധിപതിയായി പാഞ്ചാലിയോടും നാലു കരുത്തൻമാരായ സഹോദരൻമാരോടുമൊപ്പം ഐശ്വര്യങ്ങളുടെ പരമകോടിയിൽ കഴിയുന്നു. എനിക്ക് ഒന്നിനും താല്പര്യം തോന്നുന്നില്ല".

ശകുനി സമാധാനിപ്പിച്ചു. "വരട്ടെ അവരുടെ സൗഭാഗ്യങ്ങൾ ക്ഷണികനേരം മാത്രം. നമുക്ക് അവരുടെ സമ്പൽസമൃദ്ധിയെല്ലാം കൈയ്യടക്കാം". ദുര്യോധനൻ ചോദിച്ചു "എങ്ങിനെ? ഒരു യുദ്ധത്തിന് ഭീഷ്മപിതാമഹനോ അച്ഛൻ പോലുമോ സമ്മതിക്കുകയില്ല". "അതിനെല്ലാം വഴിയുണ്ട്. ക്ഷമയാണ് വേണ്ടത്". ശകുനി ഉപദേശിച്ചു.

പിന്നീട് രാജസൂയം നടന്നു. യുധിഷ്ഠിരൻ ചക്രവർത്തിപദം സ്വീകരിച്ചു. സാമന്തരാജാക്കൻമാരുടെ കയ്യിൽ നിന്ന് അളവറ്റ ധനം സമ്പാദിച്ചു. ദുര്യോധനന്റെ സഹനശേഷി കെട്ടു തുടങ്ങി. അയാൾ വീണ്ടും മാതുലനെ സമീപിച്ചു. ശകുനി പറഞ്ഞു. "ഇപ്പോഴാണ് പറ്റിയ സമയം. നമുക്കവരെ ചൂതുകളിക്കു ക്ഷണിക്കാം". രാജകൊട്ടാരത്തിൽ അതിനെതിരായി ചർച്ചകൾ നടന്നു. ഭീഷ്മവിദുരാദികൾ ശക്തമായി എതിർത്തു. വരാനിരിക്കുന്ന വലിയൊരു വിപത്തിന്റെ മുന്നോടിയാണിതെന്നവർ പ്രസ്താവിച്ചു. പക്ഷേ പുത്രതൽപരനായ ധൃതരാഷ്ട്ര മഹാരാജാവ് അനുമതി കൊടുത്തു.

ദുര്യോധനന് ആവേശം കൊണ്ട് നിൽക്കാൻ കഴിഞ്ഞില്ല. അത് കർണ്ണനുമായി പങ്കുവച്ചു. ഈ വാർത്ത അനുകൂലികൾ രാജസഭയിൽ ഹർഷാരവത്തോടെ ചർച്ച ചെയ്തു. ഭീഷ്മ പിതാമഹൻ ചെവി പൊത്തി. വിദുരർ മൗനം പാലിച്ചു. പറഞ്ഞ ദിവസം യുധിഷ്ഠിരൻ സന്നാഹങ്ങളോടെ നാലു സഹോദരൻമാരും ദ്രൗപദിയുമായെത്തി. ദ്രൗപദി അന്തഃപുരത്തിലേക്ക് വലിഞ്ഞു.

കളി തുടങ്ങി. യുധിഷ്ഠിരനുമായി ശകുനി ഏറ്റുമുട്ടുമെന്നും പണയപ്പണം ദുര്യോധനൻ വച്ചുകൊള്ളാമെന്നുമായിരുന്നു നിർദ്ദേശം. ദൂത് സ്വീകരിച്ചു വന്ന രാജാവെന്ന നിലക്ക് താൻ എതിർ രാജാവുമായേ ചൂതാട്ടം നടത്തുകയുള്ളൂ എന്ന് യുധിഷ്ഠിരൻ ശഠിച്ചിരുന്നെങ്കിൽ ചരിത്രത്തിന്റെ ഗതി മാറുമായിരുന്നു. പക്ഷേ അത് ആ ഭോഷ്ക്കൻ പറയില്ല എന്ന ധൈര്യത്തിലായിരുന്നു ദുര്യോധനൻ.

ശകുനിയുടെ കള്ളച്ചൂതിൽ പാണ്ഡവരുടെ എല്ലാം നശിച്ചു. പിന്നെ ഓരോ സഹോദരൻമാരെയായി പണയം വച്ചു. ഒടുവിൽ യുധിഷ്ഠിരനെ തന്നെ പണയം വച്ചു. വീണ്ടും കരു എറിഞ്ഞു. ഇത്തവണയും പരാജയം. ഇനി പണയം വയ്ക്കാൻ ഒന്നേ ഉള്ളൂ. ദ്രൗപദി. കരുക്കൾ ഉരുണ്ടു നീങ്ങി. പാണ്ഡവർ പരാജയത്തിന്റെ കയ്പുനീർ ഏറ്റുവാങ്ങി. സഭ ഇളകിവശായി.

ദുര്യോധനന് ഹരം പിടിച്ചു. അയാൾ കല്പിച്ചു. "പോയി അന്തഃപുരത്തിൽ നിന്ന് ദ്രൗപതിയെ വിളിച്ചു കൊണ്ടുവാ". ഒരു സേവകൻ പോയി. തന്റെ ഭർത്താവാണോ വിളിച്ചതെന്ന് അവൾ ആരാഞ്ഞു. അല്ല ദുര്യോധനനാണ് എന്ന് മറുപടി കിട്ടി. അവൾ സേവകനെ തിരിച്ചു പറഞ്ഞയച്ചു. ദുര്യോധനന് അരിശം മൂത്തു. ഇത്രധിക്കാരമോ? ദുശ്ശാസനനോടായി പറഞ്ഞു പോയി അവളെ ബലപ്രകാരേണ കൊണ്ടു വരൂ.

ദുശ്ശാസനൻ ദ്രൗപദിയുടെ അന്തഃപുരത്തിൽ ചെന്നപ്പോൾ അവൾ അഴിച്ചിട്ട തലമുടിയുമായി ഒറ്റ വസ്ത്രധാരിയായി നില്ക്കുകയാണ്. ദുശ്ശാസനൻ പറഞ്ഞു "ദ്രൗപദി നിന്റെ ഭർത്താവ് യുധിഷ്ഠിരൻ സ്വയം പണയപ്പെടുത്തി നിന്നെയും പണയപ്പെടുത്തിയിരിക്കുന്നു. നീ ഇനി ഞങ്ങളുടെ ദാസി. വേഗം സഭയിൽ വന്നു കൊള്ളൂ."

ദ്രൗപദി ചോദിച്ചു മഹാരാജാവ് ആദ്യം സ്വയം പണയപ്പെടുത്തിയോ. പിന്നെ എങ്ങിനെ എന്നെ പണയം വയ്ക്കാൻ പറ്റും. "അതിനുള്ള ഉത്തരം നീ സഭയിൽ നിന്റെ ഭർത്താവിനോട് ചോദിക്ക്. അയാൾ ദ്രൗപദിയുടെ കയ്യിൽ കടന്നു പിടിച്ചു. ഭോഷ്ക്കാ ഞാൻ രജസ്വലയാണ്" അവൾ വെട്ടിത്തിരിഞ്ഞു. അപ്പോൾ ആ ഹീനൻ അവളുടെ ചികുരഭാരത്തിൽ പിടിച്ച് വലിച്ചിഴച്ച് സഭയിലേക്കു കൊണ്ടു വന്നു. സഭ ആർത്തിരമ്പി. ഓരിയിടലുകളും ഗ്വേ ഗ്വാ വിളികളും കൊണ്ട് മുഖരിതമായി.

ദുര്യോധനൻ ലഹരി മൂത്ത അവസ്ഥയിലായിരുന്നു. ദ്രൗപദിയുടെ അഴിച്ചിട്ട മുടിയും ഗദ്ഗദ കണ്ഠയായി കണ്ണീർ നിറഞ്ഞൊഴുകുന്ന മിഴികളും കണ്ട് സായൂജ്യത്തിന്റെ പരമകാഷ്ഠയിലെത്തി. ഇതാ ഇന്ദ്രപ്രസ്ഥത്തിലെ മഹാറാണി.

പഞ്ചപാണ്ഡവരുടെ പത്നി എന്നറിയപ്പെടുന്നവൾ. അവളുടെ മണിനാദം പോലുള്ള പൊട്ടിച്ചിരി അയാളുടെ ഓർമ്മയിലെത്തി. അവളെ സാകൂതം നോക്കി. കണ്ണീരിനിടയിലും അവളുടെ കണ്ണുകളിൽ രോഷാഗ്നി കത്തിജ്ജ്വലിക്കുന്നു. അഞ്ച് ഭർത്താക്കൻമാരും തലയും കുമ്പിട്ടിരിക്കുന്നു. അയാൾ ഇടത്തെ തുടയിലെ വസ്ത്രം വകഞ്ഞ് കൈകൊണ്ട് തുടയിലടിച്ചു. ഇനി നീ എന്റെ ഭാര്യ. ദ്രൗപദിയുടെ മുഖം ചുവന്നു. അവൾ മുഖം വെട്ടിത്തിരിച്ചു.

അപ്പോൾ കർണ്ണൻ വിളിച്ചു പറഞ്ഞു. ഇവൾ നമ്മുടെ ദാസിയാണ് ഇവളുടെ വസ്ത്രം ഉരിഞ്ഞെടുക്കുക. ദ്രൗപദി ഞെട്ടി. അവൾ കൈകൾ നീട്ടി ഗുരുഭൂതൻമാരോടായി യാചിച്ചു. ''ഇതു ധർമ്മമാണോ? കള്ളച്ചൂതിൽ എന്റെ ഭർത്താവിനെ പണയപ്പെടുത്തിയ ശേഷം എങ്ങിനെ എന്നെ പണയപ്പെടുത്തുവാൻ അനുവാദം കൊടുത്തു?'' പിന്നെ അവൾ ദയനീയമായി പറഞ്ഞു മാതാവിൽ നിന്ന് ഗർഭം ധരിച്ച് അമ്മയുടെ പാൽ നുണഞ്ഞിട്ടുള്ളവരുണ്ടെങ്കിൽ ''മാതാവിനെയും സഹോദരിമാരെയും സ്നേഹിച്ചിട്ടുള്ളവരുണ്ടെങ്കിൽ ഈ നീച കൃത്യം അനുവദിക്കാതെ സത്യത്തെയും ധർമ്മത്തെയും രക്ഷിക്കൂ''. ആരും അനങ്ങിയില്ല. ഭീഷ്മപിതാമഹനും ദ്രോണരും വിദുരരും തലകുനിച്ചു. ന്യായാന്യായങ്ങളുടെ പ്രതിക്കൂട്ടിലായിരുന്നു അവരെല്ലാം. തലതാഴ്ത്തിയിരിക്കുന്ന യുധിഷ്ഠിരനെ നോക്കിക്കൊണ്ട് ദുര്യോധനൻ ദുഃശ്ശാസനനോടായി പറഞ്ഞു ''അവളുടെ വസ്ത്രം അഴിക്കൂ'' ആ അധമൻ അട്ടഹാസത്തോടെ അവളുടെ ചേലത്തുമ്പിൽ കടന്നു പിടിച്ചു. സകല ആശ്രയവും കൈവിട്ട ദ്രൗപദി കൃഷ്ണാ കൃഷ്ണാ എന്ന് വിലപിച്ചു. ഇരുകൈകളും കൊണ്ട് തന്റെ ദേഹം മറയ്ക്കാൻ ശ്രമിച്ച് അവൾ കൃഷ്ണനെ വിളിച്ചു വിലപിച്ചു. അത്ഭുതമെന്നു പറയട്ടെ പുത്തൻ പൂഞ്ചേലകൾ അവളെ പൊതിഞ്ഞു. ദുഃശ്ശാസനൻ അഴിച്ചഴിച്ച് ക്ഷീണിതനായി കുഴഞ്ഞു വീണു. സഭയിൽ നിന്ന് ശബ്ദം ഉയർന്നു. ''ധർമ്മം ജയിക്കട്ടെ''.

കത്തുന്ന രോഷാഗ്നിയോടെ ദ്രൗപദി ഗർജ്ജിച്ചു. ''ഈ അധമന്റെ രക്തം കൊണ്ടേ ഞാൻ എന്റെ അഴിഞ്ഞ തലമുടി കെട്ടുകയുള്ളു''. അതുവരെ അടക്കി വച്ച രോഷം ഭീമസേനനെ വിറപ്പിച്ചു. ''ഞാൻ ഈ അധമന്റെ മാറുപിളർന്ന് രുധിരം കുടിച്ച് കൊല്ലും''. എന്നയാൾ ഉഗ്രപ്രതിജ്ഞയെടുത്തു. കാര്യം ഇത്രത്തോളമായപ്പോൾ ധൃതരാഷ്ട്രമഹാരാജാവിന് ഉൽകണ്ഠയായി. അയാൾ ദ്രൗപദിയെ വിളിച്ചു അനുനയിപ്പിച്ചു. ''എന്തു വേണമെങ്കിലും തരാം പറഞ്ഞു കൊൾക''. ദ്രൗപദി പറഞ്ഞു ''എന്റെ ഭർത്താക്കൻമാരുടെ ദാസ്യം മാറ്റി അവരുടെ നഷ്ടപ്പെട്ട രാജ്യം തിരിച്ചു നൽകണം''. ''അങ്ങിനെയാവട്ടെ'' ധൃതരാഷ്ട്രർ അനുവദിച്ചു. കർണ്ണൻ വിളിച്ചു പറഞ്ഞു ''ഇവൾ പതിവ്രതയാണ്''.

ദുര്യോധനന് കഠിനമായ കോപം വന്നു. നേടിയതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. അവളിനിയും തലയുയർത്തി നടക്കും. അയാൾ ശകുനിയോട് ചോദിച്ചു. ''ഇനി എന്തു ചെയ്യും?'' ശകുനി ഉപദേശിച്ചു. ''അവർ ഇന്ദ്രപ്രസ്ഥത്തിലെത്തട്ടെ വീണ്ടും ചൂതിനു വിളിക്കാം''. അയാൾ തല്ക്കാലത്തേക്കു ശാന്തനായി.

**(തുടരും)**

# മൂളൽ



**ഉണ്ണി വാരിയത്ത്**

തുടക്കത്തിൽ അവൻ കേട്ടത് അച്ചടക്കം ശീലിപ്പിച്ച അച്ഛന്റെ മൂളൽ.

പിന്നീട് പ്രണയം സ്വീകരിച്ചതിന്റെ അടയാളമായി പെൺകുട്ടിയുടെ മൂളൽ.

അതിനുശേഷം പ്രണയസംഗമത്തിൽ ദുരന്തത്തിന്റെ നാന്ദിയായി മൂങ്ങയുടെ മൂളൽ.

ഒടുക്കം വീണ്ടും തുടക്കമായി തിരിഞ്ഞും മറിഞ്ഞും തലങ്ങും വിലങ്ങും തുടർന്നു കൊണ്ടിരുന്ന മൂളൽ.

ഇപ്പോൾ അവൻ കേൾക്കുകയല്ല കേൾപ്പിക്കുകയാണ് മൂളൽ ഓരോന്നും.

ആരെയുമല്ല. സ്വയം. അറിയാതെ. പാവം!

# മുത്തശ്ശിപ്പാട്ട്

– സമ്പാദകൻ : ടി.കെ. ശ്രീകുമാരൻ നായർ

മുത്തശ്ശിപ്പാട്ടാണേ നാട്ടു നടപ്പാണേ
നെറ്റി ചുളിക്കേണ്ട നാട്ടുകാരേ

പഴമതൻ നാട്ടിന്റൊരാചാരമാണേ
പറയുന്നതെന്തിനെന്നറിയില്ലല്ലോ

ഉമ്മറപ്പടി മേലിരിക്കരുതേ
അന്തിക്കരിന്തിരി വെയ്ക്കരുതേ

അത്താഴമുണ്ടാലുറങ്ങരുതന്നേരം
അരക്കാതമെങ്കിലും നടന്നീടേണം.

വടക്കോട്ട് തല വെച്ചുറങ്ങരുതേ
ഉണരുമ്പോൾ വലത്തേയ്ക്കെഴുന്നേൽക്കണം

ചൊവ്വയും വെള്ളിയും നല്ലതല്ലല്ലോ
വിരുന്നിനു പോകുവാൻ ബന്ധു വീട്ടിൽ

ചൊവ്വയും വെള്ളിയും പാലും തൈരും
ഒന്നിച്ചു നൽകരുതോർമ്മ വേണം

ശകുനം നോക്കി ഇറങ്ങിടുമ്പോൾ
കുറുകെ മാർജ്ജാരൻ ചാടരുതേ

വീട്ടു പണിക്കും കൃഷിപ്പണിക്കും
വയ്ക്കേണം നല്ലൊരു നോക്കു കുത്തി

ശവനമസ്കാരം ചെയ്തീടുന്നോർ
കുളിച്ചു കയറേണം വീട്ടിനുള്ളിൽ

കുഞ്ഞിന് ദൃഷ്ടിയും ദോഷവും തട്ടാതെ
കടുകും മുളകുമുഴിഞ്ഞിടേണം

കടുകു നിറയ്ക്കുമ്പോൾ കളയരുതേ
ശണ്ഠയ്ക്ക് മറ്റൊന്നും വേണ്ടതില്ല.

കുട്ടിക്ക് കവിളത്ത് പൊട്ടുവേണം
അന്യർ തൻ ദൃഷ്ടിയിൽ പെട്ടീടുമ്പോൾ

പൊട്ടിയ കണ്ണാടി നോക്കരുതേ
മുഖശ്രീ കുറയുവാൻ കാരണം വേറില്ല.

നിത്യവും തുളസിപ്പൂ ചൂടുന്ന കാമിനി
ഭർത്താവുമായി വഴക്കടിക്കും.

നാരി നശിച്ചോടം നാരകം നട്ടോടം
കൂവളം കെട്ടോടം മുടിഞ്ഞുപോകും.

അന്തിക്ക് മോങ്ങുന്ന പട്ടിയെ തല്ലണം
സന്ധ്യക്ക് കൂവുന്ന കോഴിയെ കൊല്ലണം

നത്ത് കരഞ്ഞാലോ ചട്ടുകം വെയ്ക്കണം
പുള്ളായാലടുപ്പില് ഉപ്പിടേണം.

യാത്രക്കിറങ്ങുമ്പോൾ പിന്നിൽ നിന്നും
ശകുനം മുടക്കാൻ വിളിക്കരുതേ

വിശ്വാസമുള്ളോർക്ക് വിശ്വസിക്കാം
അല്ലാത്ത മാന്യർക്കവിശ്വസിക്കാം

എന്തുകൊണ്ടെന്തുകൊണ്ടെന്തു കൊണ്ടിങ്ങനെ
പറയുന്നതെന്തിനെന്നറിയില്ലല്ലോ

**28.6.2015 ന് കൂടിയ എറണാകുളം കരയോഗത്തിന്റെ പൊതുയോഗ തീരുമാനം അനുസരിച്ച് നവതി ആഘോഷത്തി ലേക്കായി എല്ലാ കരയോഗാംഗങ്ങളും കുറഞ്ഞത് ആയിരം രൂപയെങ്കിലും കരയോഗത്തിന് സംഭാവനയായി നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ജനറൽ സെക്രട്ടറി**

# വേറിട്ടൊരാത്മനാദം



ജി.മാധവൻനായർ

വളരെയധികം കെട്ടിടങ്ങളും, വ്യാപാര സ്ഥാപനങ്ങളും, റസ്റ്റോറന്റുകളും, ബ്യൂട്ടിപാർലറുകളും ബാങ്കുകളും എല്ലാം ഒന്നിച്ചു സ്ഥിതിചെയ്യുന്ന ഒരു വിശാലമായ അങ്കണത്തിലൂടെ, ഗോപാല കൃഷ്ണൻ തന്റെ പ്രായപൂർത്തിയായ പേര ക്കിടാവുമായി നടക്കുന്നതിനിടയിലാണ്, വഴിയോരത്തുള്ള ഒരു 'കഫേ'യിലിരിക്കുന്ന അവരെ കണ്ടത്. തന്റെ അനിയന്റെ രണ്ടാൺ മക്കളും, അവരുടെ ഭാര്യമാരുമാണ്. മൂത്തവന്റെ കുട്ടിയായിരിക്കാം അവിടെയുള്ള മറ്റു കുട്ടികളുമായി ഓടികളിക്കുന്നുണ്ട്. ഭാവപകർച്ച യില്ലാതെ അവരിരിക്കുന്ന സ്ഥലം പിന്നീട്, മുത്തച്ഛനും കൊച്ചുമകളും തൊട്ടടുത്തുള്ള പുസ്തക ശാലയിലേയ്ക്കു കയറി.

'മോൾക്ക് ആ ഇരിക്കുന്നവരെ മനസ്സിലായോ?' വൃദ്ധന്റെ ചോദ്യത്തിനു ഗൾഫിൽ പഠിച്ചിരുന്ന, ഇപ്പോൾ നാട്ടിൽ എൻജിനിയറിംഗിനു പഠിക്കുന്ന പേരക്കുട്ടി മറുപടി പറഞ്ഞു.

'ഇല്ല ആരാണവർ'?

'അവർ, നിന്റെ കസിൻസാണ്. നമുക്ക്, അവർ അവിടെ നിന്നുമിറങ്ങുമ്പോൾ കാണാം'

അയാൾ ബുക്കുകൾ പലതും പരിശോധിച്ചു, കൂട്ടിനു കൂടെയുള്ള കുട്ടിയും കൂടി. വലിയ വില യില്ലാത്ത ഒന്നു, രണ്ടു പുസ്തകങ്ങൾ വാങ്ങി പുറത്തുകടന്നപ്പോൾ, കഫേയിലിരുന്നവർ അവിടെ നിന്നിറങ്ങി മാളിന്റെ അകത്ത് തന്നെ നിന്നിരുന്നു. അവരുടെ സമീപം ചെന്ന് അയാൾ ചോദിച്ചു.

'മനസ്സിലായോ?'

കൂട്ടത്തിൽ ജ്യേഷ്ഠനായവൻ, അയാളെ പെട്ടെന്നു മനസ്സിലായില്ലെങ്കിലും, മുഖത്തെ ജാള്യത മറയ്ക്കാതെ

'ഹലോ, വല്യച്ഛൻ ഇവിടെ?'

'ഇവളുമായി വെറുതെ ഒന്നു ചുറ്റാനിറങ്ങിയ താണ്'

വയസ്സന്റെ കൂടെയുള്ള പെൺകുട്ടിയെ തിരിച്ചറിയുവാനാകത്തതിനാൽ, അവരോട് ഒരു നർമ്മത്തിൽ കലർത്തി അയാൾ പ്രതിവചിച്ചു.

'ഇതും, എന്റെ ഒരു പേരക്കിടാവാണ്. മൂത്തമകളുടെ മകൾ'

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ, സജീവമായി വർത്തമാനത്തിലേർപ്പെട്ടിരുന്ന പെൺകുട്ടികൾ തങ്ങളുടെ വല്യച്ഛന്റെ കൂടെയുള്ള കുട്ടിയുടെ അടുത്ത് വന്ന് അവളോടു കുശലം പറഞ്ഞു.

മരുമക്കളിൽ ഇളയവൾ, കൊച്ചു മകളുടെ കൈ പിടിച്ചുകൊണ്ട്, കുട്ടിയെ ആദ്യമായിട്ടാണ് കാണുന്നതെന്നു മൊഴിഞ്ഞ പ്പോൾ മൂത്തവൾ, അതിനോട് യോജിച്ചു.

'ശരിയാണ്, ഞാൻ അഞ്ജനയെ കണ്ടിട്ടില്ല'

'അല്ലെങ്കിൽ തന്നെ കുടുംബാംഗങ്ങൾ പരസ്പരം കാണുന്നത് വല്ല കല്യാണത്തിനോ, അല്ലെങ്കിൽ അടിയന്തിരങ്ങൾക്കോ മറ്റോ ആണ്. ആരേയും പഴിച്ചിട്ടു കാര്യമില്ല. കാലമങ്ങി നെയായിപ്പോയി'

ഗോപാലകൃഷ്ണൻ സ്വരം താഴ്ത്തി, അത് പറഞ്ഞപ്പോൾ അനിയന്റെ മക്കൾ, ഒന്നിച്ചു മറുപടിയുണർത്തിച്ചു

'ഞങ്ങൾ നാട്ടിൽ വരുന്നത് വല്ലപ്പോഴുമാണ്, വല്യച്ഛാ', മൂത്തവന്റെ ഭാര്യ അതിനെ സാധൂ കരിക്കുന്ന മട്ടിൽ 'ജോലിക്കിടയിൽ അവധി എപ്പോഴും പ്രശ്നമാണ്'എന്നറിയിച്ചപ്പോൾ, ഇളയവന്റെ ഭാര്യ അല്പം കൂടി മുന്നോട്ടുപോയി.

'ഞാനിപ്പോൾ ജോലിയിൽ ചേർന്നിട്ടെയുള്ളു. ഒരു കാരണവശാലും ലീവിനുവദിക്കുകയില്ല. അല്ലെങ്കിൽ അത്രയ്ക്ക് അത്യാവശ്യം ആകണം'

'ശരി നിങ്ങളുടെ അച്ഛനെന്ന് എത്തും' വല്യച്ഛൻ ഗൾഫിലുള്ള തന്റെ അനിയനെപ്പറ്റി തിരക്കി.

'അടുത്തമാസം പാലക്കാട് ഒരു കല്യാണമുണ്ട്. ഞങ്ങളുടെ അടുത്ത ഒരു കസിനാണ്. അതിനെ ന്തായാലും അച്ഛൻ എത്തും'

ഇളയ മകൻ, വളരെ സന്തോഷത്തോടെ അവന്റെ മാതൃഭവനത്തിൽ നടക്കുവാൻ പോകുന്ന മംഗല്യത്തെ പറ്റി വാചാലനായി.

മറ്റു കുട്ടികളുമായി കളിയിലേർപ്പെട്ടിരുന്ന, മൂത്ത മകന്റെ കുട്ടി, അതിനിടയ്ക്ക് അവിടെ നിന്നും ഓടിയെത്തി അവനു മുൻപരിചയ മില്ലാത്ത വൃദ്ധനേയും പേരക്കിടാവിനേയും കണ്ട് തെല്ലൊന്നമ്പരന്നു. അവനെ അരികിൽ വിളിച്ച് അണച്ചു നിർത്തി അയാൾ താലോലിച്ചു.

രക്ത ബന്ധത്തിന്റെ തിരിച്ചറിവിൽ മകളുടെ കുട്ടി കൈയിലിരുന്ന ബാഗ് തുറന്ന് അതിലുണ്ടാ യിരുന്ന രണ്ടു മിഠായികൾ എടുത്ത് ചെറിയ കുട്ടിയുടെ തോളത്ത് തട്ടിയിട്ടു കൊടുത്തു.

ഇനിയും കാണുമ്പോൾ വലിയ ചോക്ലേറ്റു കൊണ്ടുവരാം കുഞ്ഞു പയ്യന്റെ മുഖം വിരിഞ്ഞു. സന്തോഷത്തിന്റെ പൂത്തിരി കത്തി. നേഴ്സറി സ്കൂളിലെ ശിക്ഷണത്തിന്റെ ഫലമായിരിക്കാം ഉടൻ തന്നെ ഒരു 'താങ്ക്സും' വന്നു. അതേ സംസ് കാരത്തിൽ വളർന്ന ചേച്ചിക്കുട്ടി അതിനു ഒരു 'സ്വാഗതവും' ആശംസിച്ചു.

'വലിയച്ഛാ, ഞങ്ങൾ വീട്ടിൽ ചെന്നിട്ടുവേണം ഇന്നത്തെ ദിവസം തുടങ്ങാൻ. വല്യച്ഛൻ വരുന്നുണ്ടോ?' മൂത്തവന്റെ ഭാര്യ അത്രയ്ക്ക് ഹൃദ്യമല്ലാത്ത ഒരു ക്ഷണം വച്ചു നീട്ടി. 'നന്ദി പിന്നീടൊരിക്കലാവാം. ഇവളെ ഇന്നു തന്നെ ഹോസ്റ്റലിൽ കൊണ്ടുവിടണം'.

ഗോപാലകൃഷ്ണൻ ഒരു രക്ഷാമാർഗ്ഗം കണ്ടെത്തി ചിരിച്ചുകൊണ്ട് യാത്രപറഞ്ഞു, മുത്തച്ഛനും പേരക്കിടാവും മെല്ലെ നടന്ന് മാളിനു പുറത്തിറങ്ങി. അവർ വന്ന വാടകക്കാർ, നിർത്തിയിട്ടിട്ട് അതിന്റെ സാരഥി കാത്തു നിന്നിരുന്നു. വീട്ടിലെ സ്ഥിരം ക്ഷണിതാവായ അയാൾ കുടുംബത്തിലെ ഒരംഗമായിക്കഴിഞ്ഞിട്ടു വർഷങ്ങളായി.

മകളുടെ ഭർത്താവിന്റെ അമ്മ താമസിക്കുന്ന വീട്ടിൽ ചെന്ന്, കൊച്ചുമകളെ അവളുടെ അച്ഛമ്മയെ ഏല്പിച്ചു. മകളും, മരുമകനും ഗൾഫിലായതിനാൽ അവർ ഇവിടെ ഒറ്റയ്ക്കാണു താമസം. അയാൾ ചായ കുടിക്കാനൊന്നും നില്ക്കാതെ, അവിടെനിന്നും പട്ടണത്തിലുള്ള തന്റെ താമസസ്ഥലത്തേയ്ക്ക് പോകുവാൻ ധൃതിയിൽ ബസ്റ്റോപ്പിലേയ്ക്ക് നടന്നു. കാര്യമായ താമസമില്ലാതെ ശകടമെത്തി. വലിയ തിരക്കില്ലാത്തതിനാൽ ഇരിക്കുവാനും സാധിച്ചു.

ഏതാണ്ടു അരമണിക്കൂറിനകം തന്റെ ഗൃഹത്തിലെത്തിച്ചേരും. അതുവരെ ഒന്നുചാരിയിരുന്ന് മയങ്ങാം. പൊതുവെ, വാഹനത്തിൽ കയറി ഇരുന്നാൽ ഉറക്കം പെട്ടെന്നു കടന്നു വരുന്ന കൂട്ടത്തിലാണ്. ഇന്നും അത് തെറ്റിക്കണ്ട.

മയക്കത്തിനിടയിലാണ് ഗോപാലകൃഷ്ണൻ ഒരു കിനാവിലേക്ക് ചാഞ്ഞു വീണത്. തന്നേക്കാൾ പ്രായത്തിൽ വളരെ വ്യത്യാസമുള്ള അനുജന്റെ മുഖം തെളിയുന്നു. അച്ഛന്റെ ഒരു മുൻ നിശ്ചയമായിരുന്നു അവനെ പഠിപ്പിച്ച് നല്ല നിലയിലാക്കുകഎന്നത്. അന്ന് ജ്യേഷ്ഠൻമാരെല്ലാം അവർക്ക് പറ്റുന്ന രീതിയിൽ കുടുംബഭാരം ചുമന്നശേഷം, വിവാഹിതരായി ഗാർഹസ്ഥ്യ ജീവിതത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. അതിനെ തുടർന്ന് അവർക്കൊക്കെ പ്രാരബ്ധവും, പരിവട്ടവുമായതിനാൽ, അനിയന്റെ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം തന്റെ ചുമലിൽ വന്നുവീണു. അന്ന് അവിവാഹിതനായിരുന്നതിനാൽ അതിൽ അത്രയ്ക്ക് പ്രയാസമുണ്ടായിരുന്നില്ല.

വയസ്സേറിവന്നതിനാൽ അച്ഛന്റെ സ്നേഹ മസൃണമായ നിർബന്ധത്തിനു വഴങ്ങി. വിവാഹി തനായപ്പോൾ, ബുദ്ധിമുട്ടുകൾ ഏറെ സഹിച്ചു. അവന്റെ വിദ്യാഭ്യാസച്ചിലവുകൾ വഹിക്കേണ്ടി വന്നു. രണ്ടു കുട്ടികൾ ജനിച്ചു കഴിഞ്ഞപ്പോഴും അവന്റെ പഠിത്തം തുടർന്നു കൊണ്ടിരുന്നു. എന്നിരുന്നാലും കൂടപ്പിറപ്പിനെ, ഒരു എൻജിനിയ റിംഗ് ബിരുദധാരിയാക്കുവാൻ അയാളുടെ കഠിനാദ്ധ്വാനത്താൽ സാദ്ധ്യമായി. സ്വർഗ്ഗലോക ത്തിലിരിക്കുന്ന തന്റെ അച്ഛൻ, തന്നിലേക്ക് അനു ഗ്രഹാശിസ്സുകൾ ചൊരിയുന്നുണ്ടാവാം.

ഒരു കൂട്ടുകുടുംബമാകുമ്പോൾ ത്യാഗങ്ങൾ സഹിക്കുക എന്നത് ഒരു നിത്യപ്രമാണമാണ്. പ്രത്യേകിച്ചും മൂത്തവർ അവരുടെ ഊഴമെല്ലാം കഴിഞ്ഞ് സ്വന്തം കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ താഴെയുള്ളവർ ആ ചുമതല ഏറ്റെടുക്കേണ്ടി വരുന്നു, അതിൽ താഴയുള്ളവർ തമ്മിൽ ഒരു കൂട്ടായ്മയില്ലാതെ വരുമ്പോൾ, ചുമലിലെ ഭാരം വർദ്ധിക്കുകയും, ഒരവസരത്തിൽ അത് ദുഷ്ക്കരമായ രീതിയിൽ എത്തിച്ചേരുകയും ചെയ്യുന്നു. അങ്ങിനെ ഒരനുഭവമാണയാൾക്കുണ്ടായത്.

തറവാട്ടിൽ, അപ്പോൾ താമസിച്ചു വന്നവരിൽ ഏറ്റവും മുതിർന്നവനും വരുമാനത്തിൽ മുൻപൻ എന്ന നിലക്കും എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണ്ട ചുമതല അയാളിലായിരുന്നു. അനുജൻമാരും അനുജത്തിമാരും വിവാഹം കഴിച്ച് കുടുംബമായി വേറെ പോകുന്നവരെ ആ ഭാരം മിക്കവാറും അയാളുടെ തോളിലേറ്റണ്ടി വന്നു.

വളരെ കഷ്ടപ്പാടുകൾ സഹിച്ചാണ് അനിയന്റെ പഠിപ്പ് പൂർത്തിയാക്കിയത്. മൂന്നുമക്കളും ഭാര്യയുമായിട്ടുള്ള ഗൃഹജീവിതം തള്ളിനീക്കിയിരുന്ന ആ കാലയളവിൽ സ്വന്തം സുഖസൗകര്യങ്ങളിൽ പലതും മാറ്റിവച്ചിട്ടാണ് ആ അർപ്പിത കർമ്മം നിറവേറ്റിയത്. മൺമറഞ്ഞു പോയ കർമ്മകുശലനായ, പിതാവിന്റെ ഏറ്റവും വലുതും അവസാനത്തേതുമായ ഒരാഗ്രഹം സാക്ഷാത്ക്കരിക്കപ്പെട്ടതിൽ അയാൾക്ക് അനല്പമായ സന്തോഷവും അഭിമാനവുമനുഭവപ്പെട്ടിരുന്നു.

അതൊക്കെ പഴയ കാര്യങ്ങൾ ഇന്നിപ്പോൾ കാലഘട്ടത്തിന്റെ പൊടുന്നനെയുള്ള മാറ്റത്തിൽ പലതും മറക്കപ്പെട്ടുപോകുന്നു. താൻ ഉയർത്തിക്കൊണ്ടുവന്ന അനുജനോ, അവന്റെ മക്കളോ വല്ലപ്പോഴും ഒന്നു തന്നെ കാണാനെങ്കിലും വരാറില്ല. സമ്പന്നതയിൽ മുങ്ങി കുളിച്ചു കിടക്കുന്ന അവർക്ക് അതിനു സന്നദ്ധതയില്ല, സമയവുമില്ല. അതിലാരേയും കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഒരു നിയോഗത്തിനു തന്നെ ചുമതലപ്പെടുത്തിയെന്നു മാത്രം വിചാരിച്ചാൽ മതി.

# സുന്ദരീകൃതശിവാഷ്ടോത്തര ശതനാമ സ്തോത്രം



സമ്പാദകൻ : നന്ദകുമാർ മേനോൻ

**സ്തോത്രപരിചയം**

ലളിതാ സഹസ്രനാമത്തിന് രണ്ട് വലിയ പ്രത്യേകതകളുണ്ട്. ഒന്ന്, അതിലെ കവിത്വമാണ്. വാഗ്ദേവതാസ്രഷ്ടമായ ഒന്നിന് അങ്ങിനെയാവാതെ വയ്യ. ആദ്യം ദേവിയുടെ സൃഷ്ടി, സ്ഥിതി, സംഹാരാത്മക രൂപം ലഘുവായി വിവരിച്ചതിനു ശേഷം, ഓരോ ആയുധങ്ങളും, അവ എന്തിനെ പ്രതിനിധീകരിക്കുന്നു എന്നും വർണ്ണിക്കുന്നു. തുടർന്ന്, മൂർദ്ധാവു മുതൽ പാദം വരെ ഓരോ അവയവങ്ങളും കവിതാത്മകമായി വർണ്ണിക്കുന്നു. തുടർന്ന്, ദേവിയുടെ വിവിധങ്ങളായ താന്ത്രിക തത്വങ്ങൾ വിസ്തരിച്ചു വർണ്ണിക്കുന്നതാണ് ലളിതസഹസ്രനാമസ്തോത്രം. മറ്റൊരു സഹസ്രനാമത്തിലോ, അഷ്ടോത്തരത്തിലോ ഇത്തരം വർണ്ണനകൾ കാണാനാവില്ല. ഓരോ പേരും ഗഹനാർത്ഥങ്ങളുള്ളവയായിരുന്നാൽ പോലും അവയെല്ലാം പല വിധത്തിലുള്ള നാമങ്ങളുടെ ഒരു മാലയാണ്. ഉദാഹരണമായി, രാഗസ്വരൂപപാശാഢ്യാ ക്രോധാരാങ്കുശോജ്വലാ എന്ന പേരുകൾ നോക്കുക. രാഗം (ചേർച്ച, കെട്ടുപെണയൽ) സ്വരൂപമായിരിക്കുന്ന കയറിനാൽ ശോഭിക്കുന്നവൾ. ക്രോധം (കോപം, കുറച്ചുകൂടി വിശാലമായ അർത്ഥത്തിൽ വികാരവിക്ഷോഭങ്ങൾ) ആകാരമായിരിക്കുന്ന തോട്ടികൊണ്ട് ജ്വലിക്കുന്നവൾ. ''സ്തനഭാരദളൻമദ്ധ്യപട്ടബന്ധവലിത്രയാ'' മുലകളുടെ ഭാരം കൊണ്ട് ഒടിയാൻ പോകുന്ന നടുവിന് അരപ്പെട്ട കെട്ടിയപോലെ മൂന്ന് മടക്കുകൾ (വയറിൽ) ഉള്ളവൾ. ഇത്തരം വർണ്ണനകൾ മറ്റൊരു സ്തോത്രങ്ങളിലും ലഭ്യമല്ല.

രണ്ട്, ലളിതാ സഹസ്രനാമത്തിൽ മാത്രമെ നാമപ്രസക്തമല്ലാത്ത വാക്കുകൾ വൃത്തപൂരണത്തിനുപയോഗിക്കാത്തതായുള്ളൂ. സംസ്കൃതത്തിലെ ച, അപി, തു, എവ മുതലായ പദങ്ങൾ ഇങ്ങിനെ ഉപയോഗിക്കപ്പെടുന്നവയാണ്. പ്രസിദ്ധമായ വിഷ്ണുസഹസ്രനാമത്തിലെ ''പൂതാത്മാ പരമാത്മാ ച മുക്താനാം പരമാഗതി'', ''അവ്യയ പുരുഷ സാക്ഷീ ക്ഷേത്രജ്ഞോ/ക്ഷര ഏവ ച്'' എന്നി വരികളിലെ 'ച', 'ഏവ' എന്ന വാക്കുകൾ, ഒരു നാമത്തിന്റെയും ഭാഗമല്ലെങ്കിലും വൃത്തം ഒപ്പിക്കാനുപയോഗിക്കപ്പെട്ടിട്ടുള്ളവയാണ്. അതുപോലെ, ഇന്ന് ഏറ്റവും പ്രചാരത്തിലുള്ള ''ശിവോ മഹേശ്വര ശംഭു...'' എന്നുതുടങ്ങുന്ന ശിവാഷ്ടോത്തരശതനാമത്തിലെ ''ശങ്കരഃ സൂലപാണിശ്ച ഖട്വാംഗീ വിഷ്ണുവല്ലഭഃ'' ഭീമഃ പരശുഹസ്തശ്ച മൃഗപാണിർജടാധരഃ'' എന്നീവരികളിലെ 'ശ്ച' എന്നതിലെ 'ച' യും മറ്റും വൃത്തപൂരണത്തിനല്ലാതെ നാമഭാഗങ്ങളല്ല.

സാക്ഷാൽ ത്രിപുരസുന്ദരിയാൽ സ്വഭർത്താവായ ശിവനെ പ്രകീർത്തിച്ചെഴുതപ്പെട്ട ഈ അഷ്ടോത്തരശതത്തിൽ ഈ രണ്ടു പ്രത്യേകതകളും സമന്വയിക്കുന്നു. ഭഗവാനും ഭഗവതിയും ഒരിക്കൽ കൈലാസത്തിൽ സല്ലാപങ്ങളിലേർപ്പെട്ടിരിക്കുമ്പോൾ, ദേവി വിഷാദവതിയായി കാണപ്പെട്ടു. കാരണം അന്വേഷിച്ച ഭഗവാനോട് ദേവി തന്റെ വിഷാദകാരണം വ്യക്തമാക്കിക്കൊണ്ട് ഇങ്ങിനെ പറയുന്നു. ''യുദ്ധം കഴിഞ്ഞപ്പോൾ വാഗ്ദേവതകൾ എന്റെ സന്തോഷത്തിനായി നാമസാഹസ്രം എഴുതി. ആദിയിൽ അങ്ങ് ഒരുവനാണ്, പ്രപഞ്ചമാകുന്ന സാഗരം നിർമ്മിക്കാൻ വേണ്ടി, എന്നെ സ്വന്തം ഉള്ളിൽ നിന്ന് പുറത്തു വിട്ടത്. അങ്ങിനെയായിരുന്നിട്ടും, എന്റെ സഹസ്രനാമങ്ങൾക്കു തുല്യമായ ഒരു നാമം പോലും അങ്ങക്കില്ല. അതുകൊണ്ട് ഞാൻ നിർബ്ബന്ധമായി അങ്ങയോട് പ്രാർത്ഥിക്കുകയാണ്, അങ്ങയുടെ നാമാവലി ഒന്നുണ്ടാക്കണമെന്ന്''. ശിവന്റെ അനുവാദത്തോടുകൂടി ദേവി ത്രിപുരസുന്ദരി തന്നെ രചിച്ച സ്തോത്രമാണിതെന്നതാണ് പ്രത്യേകത.

**ശ്രീദേവ്യുവാചഃ**

മഹേശ്വര മഹാദേവ മമ നാഥ ദയാനിധേ
വർദ്ധതേ മേ മാനസാന്തരധികം പരിധേവനാ 1

**ശ്രീഭഗവാനുവാചഃ**

അഹോ ദേവീ മഹാശ്ചര്യം തവാപി പരിദേവനാ
നാവദീഃ കാരണം തത്ര വദേദാനീം മമ പ്രിയേ 2

ശ്രീദേവ്യുവാച ( ശ്രീ പാർവതി പറഞ്ഞു)

ക്ഷമ്യതാം ലജ്ജയാനോക്തമിദാനീം കഥയാമ്യഹം
മഹേശ്വര മഹാകല്പമഹാ താണ്ഡവമോദിത 3
യദാ യുദ്ധം സമാപ്തം ഹ തദാ വാഗ്ദേവതാഖിലാ
അലിഖൻ നാമസാഹസ്രം മല്പ്രസാദനതല്പരാ 4
ത്വമേകോം മാം സസർജ്ജാദൗ ഭവസാഗരസർജ്ജനേ
തഥാപി നാസ്തി നാമ മന്നാമസമമീശ്വര 5
അതോ/ഹം പ്രാർത്ഥയേ ത്വാം വൈ സ്രഷ്ടും നാമാവലീം തവ
ശ്രുത്വാ കഥനമിത്ഥം സ ജായാം പ്രത്യവദത് ഹസൻ 6

ശ്രീഭഗവാനുവാച ( ശ്രീ പരമേശ്വരൻ പറഞ്ഞു)

അഹോ കൗതൂഹലം ജാതം മാനസെ തെ നിദേവനേ
തവ സാഹസ്രസാകല്യം പര്യാപ്തം മേ/പി മോദനേ 7
തഥാപ്യസ്തി ചികീരഷാ ചേന്നവിരോധീ ഭവാമ്യഹം
കുരു ത്വമേവ തത്കർമ്മ യഥാ തുഷ്യതിമേ മനഃ 8

ശ്രീദേവ്യുവാച (ശ്രീ പാർവതി പറഞ്ഞു)

തഥാസ്തു വൈ ശാസനെ തെ പ്രവൃത്താഹം സുമോദിതാ
നമസ്തേ ഭഗവൻ ദേവ മമ പ്രാണാധിനായക 9

**ശിവാഷ്ടോത്തരനാമ**

ശിവോ ശംഭുഃ സ്വയംഭൂഃ ശം ശകാരഃ ശങ്കരോ ഹരഃ
ഉദ്യദ്ഭാനുസഹസ്രാഭഃ ദശബാഹുസമന്വിതഃ 10
സൃഷ്ട്യാദിഗുണശൂലാഢ്യോ ദുഷ്ടനിഗ്രഹവജ്രധൃക്
ശുദ്ധവിദ്യാഖഡ്ഗധാരീരിപുവാരപരശ്വധഃ 11
പ്രളയാഗ്നിഭയദ്ധ്വംസീ കുണ്ഡലീനാഗശോഭിതഃ
രാഗസ്വരൂപപാശാഢ്യഃ നാദഘണ്ടാസുതോഷിതഃ 12

മഹാകാലാഗ്നിസംശോഭഃ ക്രോധാകാരാങ്കുശോജ്ജ്വലഃ
ശുദ്ധസ്ഫടികസങ്കാശോബഹ്വാഭരണശോഭിതഃ 13
അനേകകോടിഹേമാദ്രിസമകേശജടോജ്വലഃ
പ്രളയാരംഭസങ്കാൾഗംഗാശോഭിതമസ്തകഃ 14
ജടാലീനദീഫാലപ്രതീകത്വരിതോല്ലസഃ
മഹാകാലാഗ്നിനീകാശഫാലനേത്രപ്രശോഭിതഃ 15
മുഖാർക്കാംശുജടാമേഘകൃതഭ്രൂചാപശോഭിതഃ
ആദിത്യചന്ദ്രമാനേത്രശ്ചഞ്ചുസന്നിഭനാസികഃ 16
അഷ്ടമീചന്ദ്രബിഭ്രാജദളികസ്ഥലശോഭിതഃ
നരചിഹ്നനിഗൂഢോഷ്ഠഭ.ശ്മശ്രുഗോപിതഗണ്ഡഭൂ 17
സുന്ദരീരദനച്ഛാദപാനേച്ഛാകമ്പിതാധരഃ
ദുർഗമാമർമ്മര ശ്രാവകുതുകോദ്ഘടിതശ്രവാഃ 18
മോഹിനീഗാനമാധുര്യമോഹിതാർദ്ധനിമീലിതഃ
നിജാട്ടഹാസഗാംഭീര്യവിനിർഭർൽസിതതന്യതുഃ 19
ധർമ്മാരിവിഷസംരോധജതാസിതസ്വകന്ധരഃ
കണ്ഠരുദ്ധഗരച്ഛാദത്രപാലജ്ജിതലേലിഹഃ 20
ഗജമസ്തക്രോഡഭാരധരഷഡ്ച്ഛിലകഞ്ജരഃ
മഹാമേരുസമസ്കന്ധോ മൃഗരാജകടീതടഃ 21
ദുർഗാജ്ഞാതവജ്രലിംഗച്ഛാദനാനേകപത്വചഃ
കോടിശ്വേതാഭ്രരശനാബന്ധശ്രോണിപ്രശോഭിതഃ 22

ഗാനലോലുപസംവിഷ്ടവാമോരുസംവിഭൂഷിതഃ
ഭദ്രകൃദ്ദന്തിപുത്രാഭ്യാമാശ്രിതോരുപ്രതോഷിതഃ 23
കദ്രുജാകങ്കണാശ്ലിഷ്ടഭുജപാദസമന്വിതഃ
കൂർമ്മപൃഷ്ഠാഭിഷങ്ഗിസ്വജാനുദ്വയവിരാജിതഃ 24
മഞ്ജീരശിഞ്ജിതോദ്ഭൂതസപ്തസ്വരസുമോദിതഃ
ഊർദ്ധ്വദൃഗ്വദനേശാനപൂർവതത്പുരുഷാനനഃ 25
ദക്ഷിണാവദനാഘോരോവാമദൃഗ്വാമദൈവതഃ
സദ്യോജാതപ്രത്യഗാസ്യപഞ്ചാമ്നായമുഖാന്വിതഃ 26
മഹേശ്വരോ മഹാകല്പമഷാതാണ്ഡവമോദിതഃ
മഹാഭൂതഗണാധീശോമഹാപ്രളയകാരകഃ 27
മഹാൻ മഹിനസോ മന്യു.മനുസ്ത്വഷ്ടാപരാജിതഃ
കാമേശീപ്രേമകേദാരഃ കാമേശഃ കാമനാശകഃ 28
കാലാതീതഃ കലാകാരഃ കാലഃ കാലവിനാശകഃ
സ്വയമേവസ്വനിലയഃസൃഷ്ടിസ്ഥിതിലയോത്സുകഃ 29
പ്രണവാദ്യേകവർണ്ണാദിഷോഡശ്യാന്താധിദേവതാ
സംഹാരഭൈരവശ്ചണ്ഡഭൈരവഉൻമത്തഭൈരവഃ 30
കപാലഭൈരവഃക്രോധഭൈരവോരുരുഭൈരവഃ
അസിതാംഗഭൈരവോഭീഷണഭൈരവ ഭൈരവഃ 31
ഭക്തരക്ഷാസദാദക്ഷോദക്ഷസത്രക്ഷയക്ഷമഃ
ഹും ഫട് സ്വാഹാദ വഷട് വൗഷട് സ്വധാ/ജോവാനരോ ഭവഃ 32
പക്ഷിരാജഃ ശാലുവേശഃ സ്വസ്തിദഃപുഷ്ടിദഃപ്രിയഃ

വജ്രമുഷ്ടിവരാഭീതികരഃ കാലാഭ്രസന്നിഭഃ 33
ശക്തിശൂലകപാലാസിഹസ്തഃ സൗദാമിനീപ്രഭഃ
പഞ്ചാക്ഷരോ ദിശാവസ്ത്രഃശക്തിപഞ്ചാക്ഷരീപ്രിയഃ 34
മകരപഞ്ചകോദ്ഭൂതപ്രൗഢാന്തോല്ലാസപൂരിതഃ
ആദിനാഥാനന്ദനാഥോസർവദേശികദേശികഃ 35
അഷ്ടോത്തരശതാനാം തേ നാമ്നാം സ്തോത്രമിദം ശുഭം
നമസ്തേ ഭഗവൻ ദേവ സർവലോകാധിനായക 36

**ശ്രീഭഗവാനുവാചഃ**

സുന്ദരി ബഹുശോഭൈഷാ ത്വയാ രചിതമാലികാ
വല്ലഭേ സുന്ദരീ ഹൃദ്യ ഗതാ തേ പരിദേവനാ 37
നലോലുപസംവിഷ്ടവാമോരുസംവിഭൂഷിതഃ
രഹസ്യൈഷാ ന ദാതവ്യാഅനർഹായ കദാചന
സച്ഛിഷ്യേഭ്യസ്തു ദാതവ്യാ ജപാല്ലഭ്യേത വഞ്ഛിതം 38
സ്നാത്വാ പ്രാതശ്ച സായാഹ്നേ കൃത്വാഭൂത്യാ വിലേപനം
ജപ്ത്വാ ഭോഗശ്ചമോക്ഷശ്ചാർജിത്വാമോദേത സജ്ജനഃ 39
ഇതിസുന്ദരീകൃതശിവാഷ്ടോത്തരശതനാമാവലി.

# നിറം മങ്ങിയ മഴവില്ല്



യു.എസ്. രവീന്ദ്രൻ

ഒഴിവുദിവസത്തെ ആനുകൂല്യങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് നേരം വൈകിയാണ് ഉണർന്നത്. ഞാൻ ഉണരാൻ കാത്തിരിക്കുകയായിരുന്നു അനൂപ്. എണീറ്റ് പുറത്തുവന്നയുടനെ അനൂപ് ഒരു ചോദ്യവുമായി വന്നു.''അച്ഛാ എന്താണ് ഈ വിബ്ജിയോർ എന്നു പറയുന്നത്?''.

''അതോ മഴവില്ലിലെ ഏഴു നിറങ്ങളില്ലേ അതിന്റെ സ്പെല്ലിങ്ങിന്റെ ആദ്യത്തെ ലെറ്റേഴ്സ്''.

''മഴവില്ലോ അതെന്താ?''

''അത് റെയിൻ ബോ''

''അപ്പോ നിറങ്ങൾ''

''അത് കളേഴ്സ്, വൈലറ്റ്, ഇൻഡിഗോ, ബ്ലൂ, ഗ്രീൻ, യെല്ലോ, ഓറഞ്ച്, റെഡ്''

''അച്ഛൻ കണ്ടിട്ടുണ്ടോ റെയിൻ ബോ?''

''ഉവ്വ് ഞാൻ നിന്നേപ്പോലെ കുട്ടിയായിരുന്നപ്പോൾ പാടത്തിന്റെ കിഴക്കേവശത്തും ചിലപ്പോൾ പടിഞ്ഞാറെ വശത്തും റെയിൻ ബോ കണ്ടിട്ടുണ്ട്''.

''എന്താണ് പാടം, ഈ കിഴക്കും പടിഞ്ഞാറുമെല്ലാം?''

''പാടമെന്നാൽ പാഡി ഫീൽഡ്. റൈസ് പ്ലാന്റുകൾ വളർത്തുന്ന സ്ഥലം. കിഴക്ക് എന്നാൽ ഈസ്റ്റ്, പടിഞ്ഞാറെന്നാൽ വെസ്റ്റ്.''

''ഞാൻ കണ്ടിട്ടില്ലല്ലോ റെയിൻ ബോ എനിക്കും കാണണം റെയിൻബോ. റെയിൻ ബോ വരക്കാൻ മാത്രമേ എനിക്കറിയുകയുള്ളൂ.''

''ശരി, അച്ഛൻ കാണിച്ചുതരാം ഇത്തവണ ഓണം ഹോളിഡേയ്സ്സിന് അച്ഛന്റെ നാട്ടിൽ പോകാം. അവിടെ റെയിൻബോ കാണാം റൈസ് പ്ലാന്റ് കൾട്ടിവേറ്റ് ചെയ്യുന്ന ഫാം കാണാം. അകലെയുള്ള കുന്നുകൾ കാണാം. വെള്ളം നിറഞ്ഞൊഴുകുന്ന തോടുകൾ കാണാം.''

കാലത്തെ പതിവുപോലെയുള്ള ചോദ്യവർഷങ്ങൾക്കുശേഷം മൂന്നാം ക്ലാസ്സുകാരൻ അനൂപ് ഹോംവർക്ക് ചെയ്യുവാൻ സ്റ്റഡി റൂമിൽ പോയി.

പതിനാറുനില കെട്ടിടത്തിന്റെ ഏഴാമത്തെ നിലയിലുള്ള 7 എ ഫ്ളാറ്റിൽ താമസിക്കുന്ന ഞങ്ങൾക്ക് ഇപ്പോൾ സ്വന്തമായി ഭൂമിയോ ആകാശമോ ഇല്ല. അങ്ങകലെ കാണാമായിരുന്ന ആകാശം 22 നിലകളുള്ള പാരഡൈസ് അപ്പാർട്ട്മെന്റ്സ് പണിതപ്പോൾ മറഞ്ഞുപോയി. അടുത്തുതന്നെ 24 നിലകളുള്ള ലുലു അപ്പാർട്ട്മെന്റ്സ് വന്നു. നഗരത്തിലെ പഴയ ഒരു വിഷ്ണുക്ഷേത്രത്തിന്റെ അടുത്തായതുകൊണ്ടാണ് സൊസൈറ്റിക്കാർ ഞങ്ങളുടെ അപ്പാർട്ട്മെന്റുകൾക്ക് വിഷ്ണു അപ്പാർട്ട്മെന്റ്സ് എന്നു പേരു കൊടുത്തത്. അതിലെ ഒരു ഫ്ളാറ്റ് കിട്ടുക എന്നത് അന്നൊക്കെ വളരെ ഭാഗ്യമായിരുന്നു. വിഷ്ണു ക്ഷേത്രത്തിലെ കൽവിളക്കും ദീപാരാധനയും ചന്ദനത്തിരിയുടേയും മറ്റും സുഗന്ധവും വിഷ്ണു അപ്പാർട്ട്മെന്റിലെ വിശ്വാസികളായ ഞങ്ങൾക്ക് ഹരമായിരുന്നു. വർഷങ്ങൾക്കു ശേഷവും വിഷ്ണു ക്ഷേത്രം ഒരു മാറ്റവുമില്ലാതെ ആ പഴയ വിഷ്ണു ക്ഷേത്രമായി നിലകൊള്ളുന്നു. സെന്റ് ജോസഫ് ഹെവൻസും, ആർ ബേത്തും അടുത്തടുത്ത് ഉയർന്നു വന്നു. അതിന്റെ ഒരു വശത്ത് കോൺക്രീറ്റിൽ തീർത്ത കപ്പൽ പള്ളിയും, മാർബിളിൽ തീർത്ത മസ്ജിദും സ്ഥാനം പിടിച്ചു. വിദേശികളായ സായ്പൻമാരും അറബികളും പള്ളിയിലും മസ്ജിദിലും പ്രാർത്ഥനക്കു വരാറുണ്ടത്രേ. എല്ലാം കൂടി ഉയരം കുറഞ്ഞ വിഷ്ണു അപ്പാർട്ടുമെന്റിലേക്ക് സൂര്യപ്രകാശം ഇല്ലാതായി എന്നു പറയാം.

ഡോറിൽ ആരോ മുട്ടിയതായി തോന്നി. തുറന്നു നോക്കിയപ്പോൾ വിഷ്ണു സർവ്വീസിലെ രാമൻ നായർ പുഞ്ചിരിച്ചു കൊണ്ട് നിൽക്കുന്നു. കൈയ്യിൽ ഒരു കാർബോർഡ് പെട്ടിയുമുണ്ട്. പെട്ടിതുറന്ന് കാണിച്ചു കൊണ്ട് രാമൻ നായർ പറഞ്ഞു ''വിഷ്ണു അപ്പാർട്ട്മെന്റ്സിലെ ഇക്കൊല്ലത്തെ ഓണാഘോഷം ഗംഭീരമായി കൊണ്ടാടണമെന്നാണ് സൊസൈറ്റി മീറ്റിങ്ങിൽ തീരുമാനിച്ചിരിക്കുന്നത്. ഇതാണ് ഓണാഘോഷ കിറ്റ്. ഇതിൽ അത്തം മുതൽ ഉത്രാടം വരെ ഇടാനുള്ള ഒമ്പത് പ്രിന്റഡ് പൂക്കളങ്ങൾ ഉണ്ട് സ്പെഷ്യൽ വെൽവെറ്റിൽ ഉണ്ടാക്കിയതാണ്. റിസപ്ഷൻ റൂമിൽ തന്നെ പൂക്കളം ഇടാം. ഓരോ ദിവസവും മാറ്റി മാറ്റി ഈ വെൽവെറ്റു ഷീറ്റുകൾ ഇട്ടാൽ മതി. നോക്കൂ പ്രിന്റിങ് ഒർജിനൽ പൂക്കൾ പോലെ ഇല്ലേ? പത്താം ദിവസം തിരുവോണനാളിലേക്ക് ഇതാ

മൂന്ന് തൃക്കാക്കരപ്പൻമാർ പോളികാർബണേറ്റിൽ ഉണ്ടാക്കിയതാണ്. അൺബ്രേക്കബിൾ, സ്പെഷ്യൽ കളർ കണ്ടില്ലേ ഒർജിനൽ മണ്ണുതന്നെ എന്നു തോന്നില്ലേ?

നിറം ഒരിക്കലും മങ്ങുകയില്ല. ഇത് തുമ്പപൂക്കൾ സിൽക്ക് പ്ലാസ്റ്റിക് എന്ന സ്പെഷ്യൽ മെറ്റീരിയൽ ആണ്. വീതി കുറഞ്ഞ നീണ്ട പച്ചിലയും, വെളുത്ത പൂക്കളും. ഈ സ്പ്രേ അടിച്ചാൽ തുമ്പപൂവിന്റെ നേർത്ത പരിമളം ഉണ്ടാകും. ഇത് തൃക്കാക്കരപ്പന്റെ തലയിൽ ചാർത്താനുള്ള പെരുവിന്റെ പൂക്കുല തൃക്കാക്കരയപ്പന്റെ നെറുകയിലെ തുളയിൽ വച്ച് പതുക്കെ പ്രസ്സ് ചെയ്താൽ അവിടെയിരിന്നോളും. ഇത് ആവണപ്പലക. അൺബ്രേക്കബിൾ തന്നെ. ഇത് തൂശനിലകൾ. ഫസ്റ്റ് ക്വാളിറ്റി ഫ്ളെക്സിബിൾ പ്ലാസ്റ്റിക്കു കൊണ്ട് ഉണ്ടാക്കിയതാണ്. ഒറിജിനൽ ഇല പോലെ തോന്നുന്നില്ലേ?!. ഇത് സിന്തെറ്റിക് മുറി തേങ്ങകൾ, എയർപോർട്ടും ഫ്ളാറ്റുകളും വന്ന് എല്ലാ തെങ്ങിൻ തോട്ടങ്ങളും നശിച്ചാലും മുറി തേങ്ങക്ക് വേണ്ടി എവിടേയും പോകേണ്ടി വരില്ലല്ലോ. സുന്ദരമായി ഓണം ആഘോഷിക്കാമല്ലോ. ഈ ഒരു കിറ്റ് വാങ്ങിയാൽ അടുത്ത ഇരുപതു കൊല്ലം വരെ ഉപയോഗിക്കാം. മാർക്കറ്റിൽ ഈ കിറ്റിന് 750 രൂപയാണ് വില. വിഷ്ണു സൊസൈറ്റിക്കാർ ഇത് 600 രൂപക്ക് നൽകുന്നു. ഈ അവസരം നഷ്ടപ്പെടുത്തരുത് സർ'' സൂപ്പർ മാർക്കറ്റിലെ സെയിൽസ്മാന്റെ വൈദഗ്ധ്യത്തോടെ രാമൻ നായർ ഓണകിറ്റിനെ പറ്റി വിവരിക്കുകയായിരുന്നു.

''തീർന്നില്ല സർ'' രാമൻ നായർ തുടർന്നു. ''ഓണം പാക്കേജ് വേറെയുമുണ്ട്. കാലത്ത് 8 മണിക്ക് പഴനുറുക്കും പൂവടയും ഉപ്പേരിയും, ബ്രേക്ക് ഫാസ്റ്റായി ഇഡ്ഡലിയും കൂടെ ഫ്ളാറ്റിൽ സപ്ലൈ ചെയ്യുന്നു. വിഷ്ണു കേബിൾ വിഷനിൽ 24 മണിക്കൂറും ഓണപരിപാടി. കാലത്ത് ഓണപ്പാട്ടുകൾ. പത്ത് മണിക്ക് ടോപ്ടെൻ പത്തേമുക്കാലിന് അന്താക്ഷരി. പതിനൊന്നുമണിക്ക് കോൻബനേഗ മാവേലി 2015. മന്ത്രിമാരുടെ പ്രോഗ്രാം. പതിനൊന്നര മണിക്ക് സിനിമാതാരങ്ങളുടെ പാചക ക്ലാസുകളും അടുക്കള വിശേഷങ്ങളും; പന്ത്രണ്ടര മണിക്ക് ഓണ സദ്യ ഫ്ളാറ്റിൽ സപ്ലൈ ചെയ്യുന്നു. ഇരുപത്തൊന്നിനം കറികളും രണ്ടുപായസവും. അപ്പോൾ തന്നെ വിഷ്ണു കേബിൾ വിഷനിൽ സിനിമയുമുണ്ട്. ''ഒരു കേരള സെൽഫി'' പുതിയ സിനിമയാണ്. മൂന്നുമണിക്ക് പുലിക്കളി. ഓണത്തിന് എങ്ങും പുറത്തു പോകേണ്ട സാറേ. ആവശ്യമുള്ളവർക്ക് രാത്രി നോൺവെജിറ്റേറിയൻ ഫുഡും സപ്ലൈ ചെയ്യുന്നു.എല്ലാം കൂടി ചേർന്ന ഓണം പാക്കേജിന് 1500 രൂപയേയുള്ളു. അംഗങ്ങൾ എത്രയായാലും കുഴപ്പമില്ല. ഇപ്പോൾ വേണമെങ്കിൽ ഓർഡർ ചെയ്യാം. ഓണം പാക്കേജ് ഓർഡർ ചെയ്യുന്നവരിൽ നിന്നും നറുക്കെടുപ്പു നടത്തി കുടുംബനാഥന് ഓണപ്പുടവ നൽകുന്നു. മൂന്നു ദിവസത്തിനകം ഓർഡർ ചെയ്യണം സർ''.

''ഒന്നും വേണ്ട രാമൻ നായരെ ഇത്തവണ ഓണം നാട്ടിലാണ് അച്ഛന്റെ തറവാട്ടിൽ, ചെറിയമ്മയും ചെറിയച്ഛനുമുണ്ട്. എന്റെ അവകാശമെല്ലാം അവരാണ് നോക്കി നടത്തുന്നത്. ഇത്തവണ അങ്ങോട്ടു ചെല്ലാൻ പറഞ്ഞിട്ടുണ്ട്.'' ചെറിയമ്മ പ്രത്യേകം അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും ഒരു ഭംഗിവാക്ക് രാമൻ നായർ കേൾക്കാൻ തട്ടിവിട്ടു. അച്ഛൻ മരിച്ചതിനു ശേഷം നാട്ടിൽ പോകാറേയില്ല. അമ്മ നേരത്തെ മരിച്ചിരുന്നു. ഒരാഴ്ചത്തെ ഡ്രസ്സുകളും മറ്റും പാക്ക് ചെയ്ത് യാത്രയായി. പാഡി ഫീൽഡും റൈസ് പ്ലാന്റുകളും റെയിൻബോയും ഒക്കെ കാണാനുള്ള ആവേശത്തിലായിരുന്നു അനൂപ്. പ്രത്യേകിച്ച് ഒരു ഭാവഭേദവും ഊർമിളക്കുണ്ടായിരുന്നില്ല.

നേരത്തെ അറിയിച്ചിരുന്നു എങ്കിലും അപ്രതീക്ഷിതമായി എത്തിയ വിരുന്നുകാരോടെന്നപോലെ ചെറിയമ്മ വെപ്രാളം കൂട്ടുന്നതിൽ വിഷമം തോന്നി. സ്വന്തമെന്നു കരുതിയ വീട്ടിൽ ഒരു അന്യതാബോധം. ''ഓണമെല്ലാം കഴിഞ്ഞിട്ടേ പോകുന്നുള്ളു ചെറിയമ്മേ'' എന്നു പറഞ്ഞുകൊണ്ട് പണ്ട് അച്ഛൻ ഉപയോഗിച്ചിരുന്ന മുറിയിൽ ബാഗുകളെല്ലാം വച്ച് അവകാശം സ്ഥിതീകരിച്ചു.
''വരൂ ഭക്ഷണം കഴിക്കാം'' ചെറിയമ്മ ക്ഷണിച്ചു.''

റേഷനരി കഞ്ഞിയും കുപ്പിയച്ചാറും കൂട്ടി കഞ്ഞി കുടിച്ചു. പണ്ട് കുട്ടിയായിരുന്നപ്പോൾ കഴിച്ച കുത്തരി കഞ്ഞിയുടെയും മുതിര ചമ്മന്തിയുടെയും ചുട്ടപപ്പടത്തിന്റെയും ഓർമ്മ വന്നു. ''ഇപ്പോ കൃഷിയൊന്നും ചെയ്യാറില്ല. പാടം

പണിയിച്ചാൽ മൊതലാവില്ല. പണിക്കൂലി താങ്ങാൻ പറ്റില്യ. രണ്ടു ദിവസത്തെ കൂലിക്കുള്ള രൂപയുണ്ടെങ്കിൽ ഒരു മാസത്തേക്കുള്ള അരിമേടിക്കാം''. ചെറിയമ്മ പറഞ്ഞു.''അച്ഛാ ഈ പ്ലാവില കുത്തി കഞ്ഞി കുടിക്കാമെന്ന് ആരാണ് കണ്ടുപിടിച്ചത്?
എഡിസൺ ആണോ, ചെറിയമ്മയാണോ?'' അനൂപിന്റെ സംശയം.
''ചെറിയമ്മയുടെ മുത്തശ്ശി''
''ആ മുത്തശ്ശിക്ക് നോബൽ സമ്മാനം കിട്ടിയോ?''
''അക്കാലത്ത് നോബൽ സമ്മാനം ഇല്ലായിരുന്നു''
''പുവർ മുത്തശ്ശി''
കഞ്ഞി കുടിച്ച ശേഷം വീട്ടുവളപ്പിൽ ഇറങ്ങി. തെക്കെപുറത്തെ മാവിൻ ചുവട്ടിലാണ് അച്ഛന്റെ മൃതദേഹം സംസ്കരിച്ചത്. മരിച്ച ദിവസം നല്ല മഴയായിരുന്നു. ചിതയിൽ വെള്ളം വീഴാതിരിക്കാൻ മാവിൻ ചുവട്ടിൽ ഓലകൊണ്ട് പന്തൽ ഇട്ടിരുന്നു. മാവെല്ലാം ഇത്തിൾകണ്ണി കയറി കായ്ക്കാതായിരിക്കുന്നു. ശവമടക്കിയസ്ഥലത്ത് കാട്ടുചേമ്പുകൾ മുളച്ച് നിറഞ്ഞിരിക്കുന്നു. നിറയെ ചക്കകളുണ്ടാകുമായിരുന്ന പ്ലാവുകളോ നീളമുള്ള വാളൻ പുളികൾ തുങ്ങികിടക്കാറുള്ള പുളി മരങ്ങളോ ഒന്നും തന്നെ ഇല്ലായിരുന്നു. അവയുടെ സ്ഥാനത്ത് കൂറെ കൂൺകൂട്ടങ്ങൾ മാത്രം.

താഴെക്കിറങ്ങിയാൽ ഇടവഴിയിലൂടെ വയലിലെത്താം. ഇടവഴിയിൽ ഒരു വൃദ്ധൻ നിന്ന് പശുവിനെ തീറ്റുകയായിരുന്നു. നല്ല പരിചയമുള്ള മുഖം. കഴുത്തിൽ വെളുത്ത മണികളുള്ള ഒരു മാലയുമുണ്ട്. മുഖത്ത് സൂക്ഷിച്ചു നോക്കി ചാത്തനായിരിക്കുമോ. പണ്ട് ഒന്നും തേവി മാളോരേ, രണ്ടും തേവി മാളോരെ എന്ന് തേക്ക് പാട്ടുപാടി നാട്ടുകാരെ ഉണർത്താറുള്ള ചാത്തൻ. എസ്.ഡി.ബർമ്മനെ പാട്ടുപടിപ്പിച്ചത് ഒരു പക്ഷേ ചാത്തനായിരിക്കും. പക്ഷേ കഴുത്തിലെ മാല?
''ചാത്തനല്ലേ?''
''അതേ കൊച്ചമ്പ്രാളാണോ?''
''അതെ''
''എപ്പൊ വന്നു എപ്പളാ പോണത്?''
''ഇപ്പൊ വന്നേള്ളൂ ഓണം കഴിഞ്ഞിട്ടേ പോകു''
''ചാത്താ കഴുത്തിൽ ഇതെന്താ മാലയോ?''
''ഇത് വികാരി അച്ചൻ തന്നതാ, ഇടവകയിൽ വിഷപ്പ് വന്നപ്പോൾ വികാരിയച്ചന് കൊടുത്ത മാലയാ. റോമീന്ന് കൊണ്ടുവന്നതാണെന്നാണ് പറഞ്ഞത്. ഈ കുരിശു കണ്ടോ രാത്രി തിളങ്ങും. ഹരിജൻ കോളനീലെ വേറെ അഞ്ചു പേർക്കും കൂടി കൊടുത്തിട്ടുണ്ട് ഇതു പോലത്തെ കൊന്തമാല. ഇപ്പോൾ ഞാൻ ചാത്തനല്ല വറീതാണ്. പഴയവരെല്ലാം ചാത്തൻ വറീത് എന്നാണ് വിളിക്ക. ഈ പശു വികാരിയച്ചൻ ബാങ്ക് വഴി വാങ്ങി തന്നതാണ്. 8 ലിറ്റർ പാൽ കിട്ടും. പന്തീരായിരം രൂപയാ വെല. പള്ളിക്കാരാ ബാങ്കിൽ രൂപകൊടുത്തത്. ഞാൻ പാല് വിറ്റ് രൂപ കുറെശ്ശെ പള്ളിയിൽ കൊടുത്താൽ മതി. ചില ബിഷപ്പുമാരെ വിഷപ്പ് എന്നും വിളിക്കാവുന്നതുകൊണ്ട് ചാത്തന്റെ വിഷപ്പിനെ ഞാൻ തിരുത്തിയില്ല.
''ഞങ്ങൾ താഴെ പാടത്ത് പോയിവരാം ചാത്താ''.
''തമ്പ്രാട്ടി വന്നിട്ടില്ലേ?''
''ഉവ്വ് വീട്ടിലുണ്ട്''
''തമ്പ്രാന്റെ മോന്റെ പേരെന്താ?''
''അനൂപ് അവന് നെൽപാടം കാണണം''
''ഇപ്പോ പാടത്ത് നെല്ലൊന്നും ഇല്ല തമ്പ്രാ ഇഷ്ടികക്കാര് മണ്ണെല്ലാം കുഴിച്ചെടുത്ത് ഇഷ്ടികയാക്കി കൊണ്ടു പൂവ്വാ''.
ഞാനും കൂടി പോരാം കൂട്ടായിട്ട്''
പശുവിനെ ഒരു കുറ്റിയിൽ കെട്ടി ചാത്തനും ഞങ്ങളുടെ കൂടെ ആ പഴയ ഇടവഴിയിലൂടെ നടന്നു. പാടമെല്ലാം ഇഷ്ടികക്കളമായി മാറിയിരിക്കുന്നു. ഒരു ഭാഗത്ത് മണ്ണു കുഴച്ച് ഇഷ്ടികകൾ പിടിക്കുന്നു. മറു ഭാഗത്ത് ഇഷ്ടിക ചൂളകൾ പുകയുന്നു. മഴ നനയാതിരിക്കാൻ ചൂളകൾക്ക് മുകളിൽ ഓലയും മുളയും കൊണ്ട് വലിയ പന്തൽ ഉണ്ടാക്കിയിരിക്കുന്നു. അരികെ വിറക് അട്ടിയിട്ട് വച്ചിരിക്കുന്നു. പാടത്തിന്റെ കിഴക്കേകരയിലെ രണ്ടു രാപ്പാടി കുന്നുകൾ അപ്രത്യക്ഷമായിരിക്കുന്നു.
''കുന്നുകൾ എവിടെപോയി ചാത്താ''
''രണ്ടു ദുബായ്ക്കാർ വന്ന് കുന്നുകൾ മേടിച്ചു. മരങ്ങൾ മുറിച്ചു വിറ്റു എന്നിട്ട് പുതിയ വിമാന താവളത്തിലേക്ക് മണ്ണിനായി കുന്നെല്ലാം കൊണ്ടു പോയി''.

നെൽപ്പാടങ്ങളുടെ ചിത അപ്പോഴും എരിഞ്ഞുകൊണ്ടിരുന്നു. തിരിച്ചു നടക്കുമ്പോൾ അനൂപ് ചോദിച്ചു.
''അച്ഛാ റൈസ് പ്ലാന്റുകൾ എവിടെ''
''റൈസ് പ്ലാന്റെല്ലാം പോയി മോനേ എല്ലാം ബ്രിക്സ് പ്ലാന്റുകളായി മാറി''.
''റെയിൻബോ എവിടെ''

''ക്ലൗഡ്സ് ഉണ്ട് ഈവനിങ്ങിൽ റെയിൻ ഫാൾ ഉണ്ടായേക്കാം''. റെയിൻ ഫാളിനു മുമ്പ് അങ്ങ് കിഴക്ക് - ഈസ്റ്റിൽ റെയിൻ ബോ കാണാൻ പറ്റും''. ഇല്ലാത്ത രാപ്പാടി കുന്നുകളുടെ നേരെ വിരൽ ചൂണ്ടി ഞാൻ പറഞ്ഞു ''നമുക്ക് വീടിന്റെ മട്ടുപാവിൽ നിന്നു കൊണ്ടുതന്നെ കാണാം''. വീട്ടിൽ തിരിച്ചെത്തിയപ്പോൾ ചെറിയമ്മയും ഊർമിളയും ഉമ്മറത്ത് വർത്തമാനം പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. ചെറിയച്ഛൻ കോടതിയിൽ പോയതാണ് ഇതുവരെ വന്നിട്ടില്ല.

''അമ്മേ റൈസ് പ്ലാന്റും കണ്ടില്ല റെയിൻ ബോയും കണ്ടില്ല'' അനൂപ് ഊർമിളയെ നോക്കി പറഞ്ഞു.

''വരൂ ഊണുകഴിക്കാം'' ചെറിയമ്മയുടെ ക്ഷണം ''പട്ടണത്തിൽ നിന്ന് വന്നവർക്ക് ഇവിടത്തെ ഭക്ഷണം പിടിക്കുമോ എന്നു വിചാരിച്ച് ഹോട്ടലിൽ നിന്നും പകർച്ച വരുത്തി'' അടുക്കു പാത്രം തുറന്ന് ചോറു വിളമ്പുന്നതിനിടയിൽ ചെറിയമ്മ പറഞ്ഞു.

''പഴയ കുത്തരി ചോറും കാച്ചിൽ സാമ്പാറും മുതിര പുഴുക്കും ഒന്നു മറന്നിട്ടില്ല ചെറിയമ്മേ''.

ഊണ് കഴിഞ്ഞ് മട്ടുപാവിൽ പുൽപായവിരിച്ച് കിടന്നു. കൂടെ അനൂപും തണുത്ത കാറ്റുണ്ടായിരുന്നിട്ടും മയങ്ങാൻ സാധിച്ചില്ല. എന്തോ നഷ്ടബോധം മനസ്സിനെ അലട്ടികൊണ്ടിരുന്നു. സൂര്യൻ പടിഞ്ഞാറു ഭാഗത്തേക്കു നല്ലവണ്ണം ചെരിഞ്ഞു തുടങ്ങിയിരിക്കുന്നു. ചെറിയൊരു മഴ പൊടിയുന്നുണ്ട്. കിഴക്ക് ഇല്ലാത്ത രാപ്പാടി കുന്നുകളുടെ പുറകിൽ ഒരു മഴവില്ല് പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു.

''നോക്കൂ അനൂപ് അതാ റെയിൻബോ''

''ഇതിനു കളർ കുറവാണല്ലോ അച്ഛാ''

''ക്ലൗഡ്സ് കൂടുതലുണ്ട് അതുകൊണ്ടാണ് നിറം കുറഞ്ഞു പോകുന്നത്. വെയിറ്റു ചെയ്യൂ. ഒരു പക്ഷേ കുറച്ച് കഴിയുമ്പോൾ ബ്രൈറ്റ് ആയേക്കും''. കാത്തിരുന്നു, പക്ഷേ മഴവില്ല് മാഞ്ഞു പോയി ''ഒരു രസവുമില്ലായിരുന്നു റെയിൻബോ ഇതിനേക്കാൾ നന്നായി ഞാൻ റെയിൻബോ വരക്കാമല്ലോ''- അനൂപിന് നിരാശ

''ശരിയാണ് നാം വരയ്ക്കുന്ന റെയിൻബോ പോലെ കളർഫുൾ ആവില്ല റിയൽ റെയിൻബോ'' ഞാൻ പറഞ്ഞു.

''അച്ഛാ ഈ റെയിൻബോ ഉണ്ടാകുന്നതെങ്ങനെയാണ് ?''

''അതോ പ്രകാശത്തിന് പല ഘടകങ്ങൾ ഉണ്ട്. ചെറിയ മഴത്തുള്ളികൾ ആ ഘടകങ്ങളെ വേർതിരിക്കുന്നു. അപ്പോൾ പല നിറങ്ങളായി കാണുന്നു''.

''എനിക്കു മനസ്സിലായില്ലല്ലോ''

''ഒരിക്കൽ കൂടി പറയാം പല കംബോണന്റുകൾ ചേർന്നതാണ് വൈറ്റ് ലൈറ്റ്. ചെറിയ ചെറിയ റെയിൻ ഡ്രോപ്സിൽ കൂടെ കടന്നു പോകുമ്പോൾ റിഫ്ളക്ഷൻ സംഭവിച്ച് തനിനിറങ്ങൾ പുറത്തു വരുന്നു. ഹൃദയത്തിലെ എല്ലാ വികാരങ്ങളും വെളുത്ത ചിരിയിലൂടെ പുറത്തു വരുന്നതു പോലെ''

''ഇപ്പോൾ എനിക്ക് ഒട്ടും മനസ്സിലായില്ല''.

''കുറച്ചു കൂടി വലുതാകുമ്പോൾ കൂടുതൽ പഠിക്കും അപ്പോൾ എല്ലാം മനസ്സിലാകും''.

''ഫ്ളാറ്റിലേക്ക് തിരിച്ചു പോകാം എനിക്കു ബോറടിക്കുന്നു''.

''ശരി ഇപ്പോൾ തന്നെ പോകാം''

തിരിച്ചു പോകാൻ ഒരുങ്ങുമ്പോൾ ചെറിയമ്മയോട് പറഞ്ഞ് ഒരു പിടി നെല്ല് കൂടി അറയിൽ നിന്നും അടിച്ചുകൂട്ടി വാങ്ങി എടുത്തു. മുളക്കുമെങ്കിൽ റൈസ് പ്ലാന്റ് ഫ്ളാറ്റിൽ ചട്ടിയിൽ വളർത്താമല്ലോ. ഡ്രൈവ് ചെയ്ത് പട്ടണത്തിലെത്തിയതറിഞ്ഞില്ല. ഫ്ളാറ്റിൽ കയറുന്നതിനു മുമ്പ് വിഷ്ണു സർവീസിൽ നിന്നും ഒരു തൃക്കാക്കരപ്പൻ കിറ്റു വാങ്ങി. ഡിസ്ക്കൗണ്ട് ഒന്നും കിട്ടിയില്ല. ഒരു ഓണം പാക്കേജ്ജും ബുക്കുചെയ്തു. ഓണം ആഘോഷിക്കാമല്ലോ ഒരു അൺബ്രേക്കബിൾ മാവേലിയുടെ കൂടെ.

**With Best Compliments From :**

# V.K. D VEGETABLES

## MERCHANTS, MARADU

**(V.P.THANKACHAN) : MOB: 9947298258**

# ഉപവാസം ആയുർവേദത്തിൽ



ഡോ. ദേവദാസ് വെള്ളോടി

ഉപവാസം എന്ന വാക്കിന് അക്ഷരാർ ത്ഥത്തിൽ (ഉപ = അടുത്ത്, വാസം= താമസി ക്കുക) എന്നാണർത്ഥം. ഇവിടെ ഈശ്വരനോട് ചേർന്നിരിക്കുക അല്ലെങ്കിൽ ഈശ്വര ചിന്തയിൽ ലീനമായി വ്രതത്തോടെയിരിക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. 'ഉപവാസം' എന്ന വാക്കിന് ഭക്ഷണവും വെള്ളവും ഒഴിവാക്കിക്കൊണ്ട് വ്രതമെടുക്കുക എന്നർത്ഥവും ഉണ്ട് (Fasting)

ഇവിടെ നോയ്മ്പ് വ്രതം (ഭക്ഷണം ഒഴിവാക്കിയിരിക്കുക) അഥവാ Fasting എന്ന വിഷയത്തെക്കുറിച്ചുള്ള ആയൂർവേദ കാഴ്ചപ്പാടാണ്. ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്നത്.

**ശരീരമാദ്യം ഖലു ധർമ്മ സാധനം: (കുമാര സംഭവം)**

പാർവ്വതീദേവി പരമശിവനെ മനസാ വരിച്ചു കൊണ്ട് അദ്ദേഹത്തെ പ്രിയതമനായി ലഭിക്കുന്നതിനുവേണ്ടി കഠിനമായി വ്രതമാരംഭിച്ചു. ഭക്ഷണവും വെള്ളവും എല്ലാം ഉപേക്ഷിച്ചുള്ള കഠിന തപസ്സ്. പരമശിവൻ സന്യാസി വേഷത്തിൽ പാർവ്വതിയെ സമീപിച്ച് ഉപവാസത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നു. നീ എന്തിനാണ് ഈ ശരീരത്തെ ഇങ്ങനെ ക്ഷീണിപ്പിച്ച് കഠിനമായ തപസ്സ് ചെയ്യുന്നത്. "നീ നിന്റെ ശരീരത്തിന്റെ ശക്തിക്കനുസരിച്ചാണോ ഈ തപസ്സ് ചെയ്യുന്നത് - നോക്കൂ... ഈ ശരീരമില്ലെങ്കിൽ നീയില്ല അതിനാൽ - "ശരീരമാദ്യം ഖലു ധർമ്മസാധനം" (പ്രവർത്തി ചെയ്യുവാൻ ശരീരമാണ് അടിസ്ഥാനമെന്ന് നീ മനസ്സിലാക്കിയാലും)

ഇവിടെ ഈ ശ്ലോകം ഉദ്ധരിക്കുവാനുള്ള കാരണമെന്തെന്നാൽ പട്ടിണി കിടക്കുന്നതിന്റെ (Fasting) ഗുണഗണങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് ശരീര ബലത്തിനനുസരിച്ചായിരിക്കണമെന്ന് ഓർക്കുവാൻ വേണ്ടിയാണ്.

**ഉണ്ണാവ്രതം(Fasting)**

സ്വന്തം ഇഷ്ടപ്രകാരം ഒരു പ്രത്യേക കാലയളവിൽ ഭക്ഷണം കഴിക്കാതെയിരിക്കുന്നതിനെ പൊതുവായി ഉപവാസം വ്രതം (Fasting) എന്ന് പറയാം. ഏറ്റവും നല്ലൊരു ശരീര ശുദ്ധീകരണ പ്രക്രിയ (Detoxification) ആയിട്ടാണ് ഇതിനെ ആയൂർവ്വേദത്തിൽ പറയുന്നത്.

വെസ്റ്റേൺ മെഡിസിന്റെ ഉപജ്ഞാതാവായ ഹിപ്പോക്രേറ്റും (Hippocrates) ഉപവാസവ്രതത്തിന്റെ ഗുണങ്ങളെക്കുറിച്ച് പ്രകീർത്തിച്ചിട്ടുണ്ട്. ശരീരത്തിനകത്തുള്ള ഭിഷഗ്വരനായിട്ടാണ് ഉപവാസത്തെ വിലയിരുത്തപ്പെടുന്നത്.

**ഉപവാസത്താൽ ശരീരത്തിനെന്ത് സംഭവിക്കുന്നു?**

നീരിക്ഷണ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഗുണങ്ങൾ അല്ലെങ്കിൽ മാറ്റങ്ങൾ ശരീരത്തിൽ സംഭവിക്കുന്നു എന്ന് ശാസ്ത്രീയമായി കണ്ടെത്തിയിരിക്കുന്നു.

1) ശരീരം ഭക്ഷണം കിട്ടാതാകുമ്പോൾ ശരീരത്തിൽ സൂക്ഷിച്ചിരിക്കുന്ന പഞ്ചസാരയെ (glycogen resource) ഉപയോഗിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്നു.

2) ദഹനേന്ദ്രിയങ്ങൾക്ക് മതിയായ വിശ്രമം നൽകുന്നു

3) ശരീരത്തിന്റെ അമിതമായ ഭാരം കുറയുന്നു.

4) ശ്വേതരക്താണുക്കളുടെ അളവ് വർദ്ധിക്കുന്നു.

5) രോഗപ്രതിരോധ ശേഷി വർദ്ധിക്കുന്നു.

6) നമ്മുടെ കരൾ സംഭരിച്ചു വെച്ചിരിക്കുന്ന കൊഴുപ്പിനെ (Stored Fats) കീറ്റോൺസ് ആക്കി മാറ്റി ശരീരത്തിനാവശ്യമായ ഊർജ്ജത്തെ ഉണ്ടാക്കുന്നു. അതിനാൽ Fatty liver കുറയുന്നു.

7) ശരീരത്തിലെ ഊർജ്ജം, ഉണർവ് വർദ്ധിപ്പിക്കുന്നു.

**ഉണ്ണാവ്രതം രണ്ട് മൂന്ന് തരത്തിൽചെയ്യാം:**

1) പഴവർഗ്ഗങ്ങൾ മാത്രം കഴിക്കുക

2) വെള്ളം മാത്രം കുടിച്ച് വ്രതമെടുക്കുക

3) ഭക്ഷണം, വെള്ളം എന്നിവ പരിപൂർണ്ണമായി ഒഴിവാക്കി ഉപവസിക്കുക.

ആയുർവ്വേദത്തിൽ ഉപവസിക്കുമ്പോഴും വെള്ളംകുടിക്കാനായി നിർദ്ദേശിക്കുന്നുണ്ട്.

**"പാനീയം പ്രാണിനാം പ്രാണഃ"**

പാനീയം (fluid) ജീവികൾക്ക് പ്രാണനെപ്പോലെ വിലപ്പെട്ടതാണ്. അതുകൊണ്ട് പാനീയം നിഷേധിക്കരുത്. അത് നിർജ്ജലിനീകരണത്തെ (dehydration) ഉണ്ടാക്കി ജീവനെ അപായപ്പെടുത്തും.

**ഉപവാസം എത്രദിവസമാകാം:**

**1) ഉപവാസം (ചെറിയ തോതിൽ)**

രാവിലത്തെയും ഉച്ചനേരത്തെയും (Breakfast &Lunch) ഒഴിവാക്കി ഉപവസിക്കുക. അവനവൻ സാധാരണ ചെയ്യുന്ന എല്ലാ ജോലികളും ചെയ്ത് വെള്ളം മാത്രം കുടിച്ച് രാത്രിയിൽ പൊടിയരിക്കഞ്ഞി കുടിച്ച് ഉപവാസം അവസാനിപ്പിക്കുക.

എല്ലാവർക്കും പരീക്ഷിച്ച് നോക്കാവുന്ന ഉപവാസമാണിത്. ശരീരം വല്ലാതെ ക്ഷീണിക്കുന്നില്ല. അതേ സമയം ദഹനേന്ദ്രിയത്തിന് വിശ്രമം കൊടുക്കുന്നതിനാൽ ദഹന വ്യവസ്ഥയെ ആകെ മൊത്തം ശുദ്ധീകരിക്കുവാൻ സഹായിക്കുന്നു.

**2) പൂർണ്ണ ഉപവാസം:**

തീരെ ഭക്ഷണം കഴിക്കാതെ വെള്ളം മാത്രം കുടിച്ചുകൊണ്ട് ഉപവസിക്കുക. ഇത് വളരെ ശ്രദ്ധിച്ച് ചെയ്യേണ്ട അനുഷ്ഠാനമാണ്. ശരീരത്തിന്റെ ശക്തിക്കനുസരിച്ച് വേണം പൂർണ്ണ ഉപവാസമെടക്കുവാൻ. വിശ്രമമെടുക്കേണ്ടി വരും. കൂടുതൽ ദിവസം വ്രതമെടുത്താൽ ശരീരത്തിലെ പോഷകാംശങ്ങളുടെ കുറവ് സംഭവിക്കുന്നു. ഊർജ്ജം ലഭിക്കാതെ വരുന്നു. ഒരു തമിഴ് വൈദ്യത്തിൽ (സിദ്ധവൈദ്യം) പറയുന്നതിങ്ങനെയാണ്.

"ഒന്നുമിരണ്ടും പട്ടിണിപറ്റും പെരുകൊല്ല്"

അതായത് ഒന്നോരണ്ടോ ദിവസത്തിൽ കൂടുതൽ പൂർണ്ണ ഉപവാസമെടുക്കരുതെന്നുസാരം. ഭക്ഷണം ലഭിക്കാതിരുന്നാൽ ജഢരാഗ്നി ത്രിദോഷങ്ങളെ ദഹിപ്പിക്കുവാൻ തുടങ്ങും. തുടർന്ന് ധാതുക്കളെ ദഹിപ്പിക്കും, പിന്നെയും പട്ടിണികിടന്നാൽ ധാതുക്ഷയത്താൽ ജീവനെ തന്നെ അപായപ്പെടുത്തും.

ഉപവാസത്തിൽ ശ്രദ്ധിക്കേണ്ടത്

1) തുടർച്ചയായി ഉപവസിക്കരുത്.

2) ഒരു ദിവസം ഉപവസിക്കുന്നതാണ് നല്ലത്.

3) ധാരാളം വെള്ളം കുടിക്കണം.

4) മേദസ്സ് കൂടുതലുള്ളവർ കൂടുതൽ ഉപവസിക്കുന്നതിൽ വിരോധമില്ല.

5) ഉപവാസം അവസാനിപ്പിക്കുമ്പോൾ ആദ്യ ഭക്ഷണം പാനീയമായിരിക്കണം. തുടർന്ന് കഞ്ഞി, അതിനെ തുടർന്ന് എണ്ണവറുത്തിട്ട കറികൾ കട്ടിയുള്ള ഭക്ഷണം എന്ന ക്രമത്തിലാണ് വേണ്ടത്.

6) ചെറിയ ഉപവാസം മാസത്തിൽ രണ്ട് തവണചെയ്യാം. വലിയ ഉപവാസം വർഷത്തിൽ ഒന്നോ രണ്ടോ തവണ മതി.

**ഉപവാസത്തിന്റെ പ്രസക്തി**

ജീവിത ശൈലീരോഗങ്ങൾ (Life style diseases) എന്ന വിഷയത്തെ അധികരിച്ച് ധാരാളം പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കൃത്യമായ ഭക്ഷണക്രമം, ദിനചര്യ, വ്യായാമം, ഉറക്കം, എന്നിവയില്ലാത്തതിനാൽ യുവതലമുറയിൽ നല്ലൊരു വിഭാഗത്തിന് ചെറുപ്പത്തിൽ തന്നെ രക്താതിമർദ്ദം, പ്രമേഹം, രക്തത്തിൽ കൂടുതൽ കൊഴുപ്പ്, ഹൃദ്രോഗങ്ങൾ, വൃക്ക രോഗങ്ങൾ, കരൾ രോഗങ്ങൾ, അകാലനര, അമിതവണ്ണം, പെൺകുട്ടികളുടെ ആർത്തവജന്യ രോഗങ്ങൾ, ഹൈപ്പോതൈ റോയ്ഡ് തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ കണ്ടുവരുന്നു. Junk food ന്റെ അമിതോപയോഗം ഒരു പരിധിവരെ അമിത വണ്ണത്തിന് കാരണമാകുന്നു. അപ്പോൾ അമിത മേദസ്സ് ഉപയോഗപ്പെടുത്തുവാനും ശരീര ശുദ്ധീകരണത്തിനുമുള്ള ഒരു നല്ല ഉപാധിയാണ് ഉപവാസം.

**ഉപവസിക്കാൻ പാടില്ലാത്തവർ:**

ഗർഭിണികൾ, ചെറിയ കുട്ടികൾ, പ്രമേഹ രോഗികൾ, രക്തക്കുറവ്, പോഷകാഹാരക്കുറവ് ഉള്ളവർ, മഹാവ്യാധികൾ ഉള്ളവർ, ആരോഗ്യം കുറഞ്ഞവർ, ആരോഗ്യം കുറഞ്ഞ വൃദ്ധജനങ്ങൾ, ഛർദ്ദ്യതിസാരം ഉള്ളവർ തുടങ്ങിയവർ ഉപവസിക്കരുത്.

ഇത്രയൊക്കെ വായിച്ചപ്പോൾ ഒന്ന് ഉപവസിക്കണമെന്ന് തോന്നുന്നില്ലേ?. ശ്രമിച്ചു നോക്കു. തീർച്ചയായും ഇഷ്ടപ്പെടും.

ഭക്തനാം മർത്ത്യനശക്തനെന്നാകിലും
നിർദ്ധനനാകിലും നീചനെന്നാകിലും
ഉത്തമൻമാരിൽ വച്ചുത്തമനായ്‌വന്നു
ഭുക്തിയും മുക്തിയും സാധിക്കുമേവനം

(എഴുത്തച്ഛൻ)

"അഹിംസ ഉപദേശിക്കാനാവില്ലാ അത് സ്വയം ശീലിക്കണം"

ഗാന്ധിജി

# അൽഷിമേഴ്സ് രോഗം



ഡോ. പാർവ്വതി.എസ്.

അലോയ്സ് അൽഷിമർ എന്ന ജർമൻ ന്യൂറോളജിസ്റ്റാണ് അൽഷിമേഴ്സ് എന്ന രോഗം ആദ്യമായി ലോകത്തിന് പരിചയപ്പെടുത്തുന്നത്.

തലച്ചോറിലെ നാഡികോശങ്ങൾ (ന്യൂറോണുകൾ) ക്രമേണ ജീർണിക്കുകയും മൃതമാവുകയും ചെയ്യുന്ന അവസ്ഥയാണിത്. ഇതോടൊപ്പം പലപ്പോഴും തലച്ചോറിന്റെ വലുപ്പം ചുരുങ്ങുന്നതുപോലുള്ള ഘടനാപരമായ മാറ്റങ്ങളും ഉണ്ടാകും. അൽഷിമേഴ്സ് കൂടുതലും സ്ത്രീകളിലാണ് കണ്ടു വരുന്നത്.

65 - 70 വയസ്സുള്ളവർക്കാണ് സാധാരണയായി അൽഷിമേഴ്സ് കണ്ടുവരുന്നത്. മുപ്പതിനും നാൽപ്പതിനുമിടക്കുള്ളവർക്കും ഈ രോഗം കാണുന്നുണ്ട്. പക്ഷേ വളരെ അപൂർവ്വമാണെന്നുമാത്രം. നമ്മുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് തലച്ചോറായതിനാൽ നാഡീകോശങ്ങൾക്കുണ്ടാകുന്ന തകരാറുകൾ ഈ പ്രവർത്തനങ്ങളെയെല്ലാം ബാധിക്കും. ഓർമ്മശക്തിയും, ചിന്താശേഷിയും സ്ഥലകാല ബോധവും, ഭാഷാപരമായ കഴിവുകളും എല്ലാം പതിയെ പതിയെ നഷ്ടപ്പെടും. ഓരോ വ്യക്തിയിലും ഓരോ രീതിയിലായിരിക്കും ഇത് പ്രകടമാകുകയെന്നു മാത്രം.

മറവിമൂലം ജോലിയിൽ പ്രശ്നം, ഭാഷ സംബന്ധിച്ച ബുദ്ധിമുട്ട്, വികാരപ്രകടനങ്ങളിൽ മാറ്റമുണ്ടാകുക, സുപരിചിതമായ ജോലികൾ ക്ലേശകരമാവുക, സ്ഥലകാലബോധം നഷ്ടപ്പെടുക, സ്വമേധയാ പ്രവർത്തിക്കാനുള്ള ബുദ്ധിമുട്ട്, സാഹചര്യം അനുസരിച്ച് തീരുമാനമെടുക്കാനും പ്രവർത്തിക്കാനുമുള്ള ബുദ്ധിമുട്ട് തുടങ്ങിയവയാണ് ലക്ഷണങ്ങൾ.

തുടക്കത്തിൽ ചെറിയ തോതിലാണ് മാറ്റമെങ്കിലും രോഗം മൂർദ്ധന്യാവസ്ഥയിലെത്തുന്നതോടെ സ്വയം തിരിച്ചറിയാനാകാത്ത അവസ്ഥയിലേക്ക് രോഗിയെത്തും.

അടുത്ത കാലത്തുണ്ടായ കാര്യങ്ങൾ മറന്നു പോകുന്നതാണ് പലപ്പോഴും ആദ്യം പ്രകടമാകുക. ചോദ്യങ്ങൾ ആവർത്തിക്കുന്നതും എപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സാധനങ്ങൾ എവിടെയാണ് വച്ചതെന്ന് ഓർമ്മയില്ലാത്തതും ഏറ്റവും അടുത്ത ദിവസം കണ്ട ആളുകളെ മറക്കുന്നതും എല്ലാം ഇതിന്റെ ലക്ഷണങ്ങളായി കരുതാം. ഹ്രസ്വകാല ഓർമ്മകൾ നശിക്കുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. ദീർഘകാല ഓർമ്മകളെ ആദ്യഘട്ടത്തിൽ രോഗം ബാധിക്കാത്തതിനാൽ പഴയ കാര്യങ്ങളെക്കുറിച്ചെല്ലാം നല്ല ഓർമ്മ ഉണ്ടായിരിക്കും.

രോഗികൾ നേരിടുന്ന മറ്റൊരു പ്രശ്നമാണ് ഭാഷ. കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ വാക്കുകൾ കിട്ടാൻ പ്രയാസം അനുഭവപ്പെടും. പറയുന്ന കാര്യങ്ങൾ മനസ്സിലാക്കണമെന്നില്ല. വായിക്കാനും എഴുതാനും പ്രയാസം നേരിടും. സ്വന്തം വീടിനുള്ളിൽ തന്നെ വഴിതെറ്റി പോകുന്ന അവസ്ഥ ഉണ്ടാകും. മാത്രമല്ല രാത്രിയും പകലും തിരിച്ചറിയാൻ പറ്റണമെന്നില്ല. വീടുവിട്ട് അലഞ്ഞു നടക്കുവാനുള്ള പ്രവണതയുണ്ടാകും. അമിത ദേഷ്യം, വിഷാദം, ഒന്നിലും താൽപര്യമില്ലായ്മ എന്നിവയെല്ലാം രോഗത്തിന്റെ പ്രത്യേകതയാണ്.

ഒരിക്കൽ അൽഷിമേഴ്സ് പിടിപെട്ടു കഴിഞ്ഞാൽ പിന്നീടൊരു തിരിച്ചു വരവില്ലെന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. നേരത്തെ രോഗം കണ്ടെത്തി ചികിത്സ തുടങ്ങുന്നതാണ് നല്ലത്. സൂചന കണ്ടുതുടങ്ങിയാൽ ആ വ്യക്തിയെ ഉടൻ വൈദ്യപരിശോധനക്ക് വിധേയമാക്കണം.

ഇത്തരം രോഗങ്ങളെ മാറ്റിനിർത്താൻ മസ്തിഷ്കാരോഗ്യം പ്രധാന പങ്കുവഹിക്കുന്നു. പോഷകം നിറഞ്ഞ ഭക്ഷണം, മസ്തിഷ്ക വ്യായാമം എന്നിവയിലൂടെ തലച്ചോറിന്റെ പ്രവർത്തനം മെച്ചപ്പെടുത്താം. ബി.പി , പ്രമേഹം തുടങ്ങിയവ മരുന്നു കഴിച്ച് നിയന്ത്രിക്കുക. യോഗ, ധ്യാനം എന്നിവ തലച്ചോറിന് ആരോഗ്യം നൽകും. ചെസ് പോലുയുള്ള വിനോദങ്ങളിലേർപ്പെടുന്നത് നല്ലതാണ്.

# WORLD HEPATITIS DAY 28TH JULY



ഡോ. കല്യാണി മേനോൻ

Hepatitis B Virus ഉം അതിന്റെ പ്രതിരോധ Vaccin ഉം കണ്ടുപിടിച്ച Prof.ബാരൂച്ച് സാമുവൽ ബ്ലുസെർഗസ് എന്ന നോബൽ ജേതാവിന്റെ ജൻമദിനമായ 28 ജൂലൈ ആണ് World Hepatitis Day ആയി ആചരിക്കുന്നത്. ഇക്കൊല്ലത്തെ Theme "പ്രതിരോധം നിങ്ങളുടെ കൈകളിൽ" എന്നതാണ്.

Hepatitis കരളിന്റെ നീർവീക്കത്തിന് പല കാരണങ്ങൾ ഉണ്ടെങ്കിലും പ്രധാനകാരണക്കാർ Hepatitis Virus A,B,C, D,E എന്നിവയാണ്.

Viruses A and E കാരണമുണ്ടാകുന്ന Hepatitis വലിയ പ്രശ്നങ്ങൾ ഇല്ലാതെ വന്നു മാറുന്നു. എന്നാൽ ചിലരിൽ (പ്രത്യേകിച്ച് ഗർഭിണികളിൽ) അത് Acute Liver/Kidney Failure എന്നിവക്ക് കാരണമാവാം. Chronic Stage/ Carrier Stages ഇല്ലാത്തതു കൊണ്ട് Viral Shedding ന്റെ അവസ്ഥ മാറി കഴിഞ്ഞാൽ, മറ്റുള്ളവർക്ക് രോഗക്ഷണങ്ങൾ ഇല്ലാത്തവരിൽ നിന്നു പകരുകയില്ല.

രോഗിയുടെ മലത്തിലും, മൂത്രത്തിലും കൂടിയാണ് Virus വിസർജ്ജിക്കുന്നത്. ഇവമൂലം Contaminated ആയ വെള്ളവും ഭക്ഷണവും വഴി രോഗം പടരുന്നു.

**പ്രതിരോധം**

1. രോഗിയുമായി ഇടപഴകുന്നവരും വീട്ടുകാരും Personal Protective Measures എടുക്കണം. രോഗി ഉപയോഗിച്ച തുണികൾ, കിടക്കവിരി, ഉപയോഗിക്കുന്ന സാധനങ്ങൾ - Taps, Mugs, Door Handles/ Knobs മുതലായവ Contaminated ആവാൻ കൂടുതൽ സാധ്യതയുണ്ട്.

രോഗി ഉപയോഗിച്ച സാധനങ്ങൾ 1% Bleach Solution (30gm Bleaching Powder in one litter of Water) മുക്കി Disinfect ചെയ്യാം. പ്രതലങ്ങൾ തുടക്കാനും ഇതു മതി.

2. സോപ്പ്/ഹാൻഡ് വാഷ് ഉപയോഗിച്ച് കൈകൾ നല്ലവണ്ണം കഴുകുന്നത് വളരെ പ്രധാനമാണ്
3. കുടിക്കാനും ഭക്ഷണം പാകം ചെയ്യുവാനും ഉപയോഗിക്കുന്ന വെള്ളം സുരക്ഷിതമായിരിക്കണം.
4. പഴങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ നല്ല വണ്ണം കഴുകി ഉപയോഗിക്കണം
5. വഴിയോര കച്ചവടക്കാരിൽ നിന്നും Juice, Snacks മുതലായവ വാങ്ങി കഴിക്കുന്നത് സൂക്ഷിക്കണം.

**പ്രതിരോധ കുത്തിവയ്പ്**

Hepatitis A ക്ക് എതിരെ പ്രതിരോധ കുത്തിവെയ്പ് എടുക്കാം. 6 മാസം ഇടവിട്ട് 2 Dose എടുക്കണം (Life Long Protection) Hepatitis E ക്ക് എതിരെ Vaccination ഇല്ല.

**Hepatitis B**

